മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 28 | THE ONLINE OFFICIAL NEWS BULLETTIN | 2020 August 08

തേജസ്കരണകാലം | SEASON OF TRANSFIGURATION | ܥܕܢܐ ܕܓܠܝܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
9 ♪1 1st Sunday after the Feast of Transfiguration Comme. of St. Matthew the Apostle Mem. of Arch Deacon Geevarghese the Great (Angamaly Cheria Pally)	10 ♪5	11 ♪1	12 ♪5 Comm. of Mar Assayel	13 ♪1	14 ♪5 Comm. of Prophet Micha	15 ♪7 ✝ Shunoyo Feast of the Dormition of Virgin Mary 105th Mem. of Patriarch Mar Ignatios Abded Meshiha (Kurkuma Dayara) Devalokam

പി. പി. മത്തായിയുടെ കുടുംബാംഗങ്ങളെ പ. കാതോലിക്കാ ബാവാ ആശ്വസിപ്പിച്ചു

ദേവലോകം: വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കുടപ്പനക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം പി. പി. മത്തായിയുടെ കുടുംബത്തെ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഫോണിൽ ബന്ധപെട്ടു. പ. പിതാവ് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും മലങ്കര ഓർത്തഡോക്സ് സഭയുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുകയും ചെയ്തു.

ദുഃഖത്തിലായിരിക്കുന്ന കുടുംബത്തിന് മലങ്കരസഭയുടെ എല്ലാ പിന്തുണയും പ. കാതോലിക്കാ ബാവാ വാഗ്ദാനം ചെയ്തു.



വനപാലകർ കസ്റ്റഡിയിലെടുത്ത പടിഞ്ഞാറേചരുവിൽ പി. പി. മത്തായിയുടെ ഭവനം തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ കുര്യാക്കോസ് മാർ ക്ലിമീസ് സന്ദർശിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.



പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മപെരുന്നാളിനു ശേഷം പെരുനാൾ സപ്ലിമെന്റ് 'ബഥനി നാദം' ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം ചെയ്തു.



പെരുനാട് ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തയുടെ ഓർമ്മദിവസത്തിൽ കബറിങ്കൽ മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനി ധൂപാർപ്പണം നടത്തുന്നു.



പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ എട്ടാം ഓർമ്മപെരുന്നാൾ മാവേലിക്കര തെയോ ഭവനിൽ ആചരിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.

പി. പി. മത്തായിയുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു


വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കുടപ്പനക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം പി. പി. മത്തായിയുടെ കുടുംബാംഗങ്ങളെ ഡോ. ഗീവർഗീസ് മാർ യൂലിയോസ് അനുശോചനം അറിയിച്ചു. ദുഖത്തിലായിരിക്കുന്ന കുടുംബത്തിന് മലങ്കരസഭയുടെ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

“ഇതാ, മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരം”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്




സർവ്വപ്രപഞ്ചവും സമഞ്ജസമായി സമ്മേളിക്കുന്ന പ. സഭയാകുന്ന വി. കൂടാരത്തിൽ ദൈവതേജസ്സ് നിത്യമായി ഉജ്ജ്വലകാന്തിയോടെ ശോഭിക്കുന്ന അനുഭവമാണ് വി. കൂടാരപെരുനാളും അവിടെയുണ്ടാകുന്ന മറുരൂപ അനുഭവവും എന്ന സന്ദേശമാണ് കൂടാരപെരുനാളിൽ ആരംഭിക്കുന്ന നോമ്പുകാലത്ത് പ. സഭയുടെ ധ്യാനചിന്ത എന്ന് സാരം.

പ. സഭയുടെ ആരാധനാക്രമീകരണം അനുസരിച്ച് ആഗസ്റ്റ് 6-ലെ വി. കൂടാരപ്പെരുന്നാൾ മുതൽ തേജസ്കരണകാലത്തിലേക്ക് (Season of Transfiguration) നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഒപ്പം പ. ദൈവമാതാവിന്റെ മഹത്വകരമായ വാങ്ങിപ്പുപെരുന്നാളിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗമായി വിശുദ്ധിയോടെ നാം ശൂനോയോ നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുന്നു. “മർത്ത മറിയം ലോകബന്ധങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വനന്മകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിന്റെ മാതാവായി തീരുവാൻ തെരഞ്ഞെടുക്കപ്പെട്ടതുപോലെ നമ്മളും ദൈവത്തിന് വസിപ്പാൻ തക്ക വിശുദ്ധ ആലയങ്ങളായി തീരുവാൻ” ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ!

പുറപ്പാട് പുസ്തകം 34-ാം അദ്ധ്യായത്തിലും ലേവ്യ പുസ്തകം 23-ാം അദ്ധ്യായത്തിലും അടിസ്ഥാനമായി കാണപ്പെടുകയും മറ്റു പഴയനിയമ ഗ്രന്ഥങ്ങളിൽ ഉടനീളം പ്രതിപാദിക്കപ്പെടുകയും ചെയ്യുന്ന മൂന്ന് പ്രധാന പെരുന്നാളുകളാണ് ദൈവജനത്തിന് ഉണ്ടായിരുന്നത്. ഒന്നാമത്തേത്, ആബീബ് മാസത്തിൽ യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നും വിടുവിച്ച്, സംഹാരദൂതനിൽ നിന്നും കുഞ്ഞാടിന്റെ രക്തത്താൽ രക്ഷിച്ച് (passover) അവരുടെ രക്ഷണ്യയാത്ര ആരംഭിക്കുന്ന ‘പുളിപ്പില്ലാത്ത അപ്പത്തിന്റെ’ പെരുന്നാൾ എന്നറിയപ്പെടുന്ന പെസഹാ പെരുന്നാൾ. അതുവരെയും ഏഴാം മാസമായിരുന്ന ആബീബ് മാസത്തിനു പകരം ഒരു പുതിയ ക്രമീകരണം യഹോവയാൽ ഉണ്ടായി. ‘പുറപ്പെടലിന്റെ’ (Exodus) ആ മാസത്തെ അവർ നീസ്സാൻ മാസം എന്നു വിളിക്കുകയും, മാസമദ്ധ്യത്തിൽ (നീസ്സാൻ 14) അവർ തലമുറകളായി പെസഹാ പെരുന്നാൾ ആചരിക്കുകയും ചെയ്യുന്നു. തുടർന്ന് ഏഴ് യാമങ്ങൾ വീതമുള്ള ഏഴ് വാരങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോൾ ‘വാരപ്പെരുന്നാൾ’ എന്നു വിളിക്കുന്ന അമ്പതാം പെരുന്നാൾ (Pentecost) ആചരിക്കുന്നു. നീസ്സാനിൽ ആരംഭിച്ച പുതിയ ക്രമീകരണപ്രകാരമുള്ള ഏഴാം മാസം (Tisherei) 15-ാം തീയതി (പഴയ ക്രമീകരണത്തിലെ വർഷാരംഭം) യഹോവയ്ക്ക് വിശുദ്ധമായ ശബത്തായി ആചരിക്കുവാനും തുടർന്ന് ഏഴ് ദിവസം കൂടാരങ്ങളിൽ താമസിച്ച് മരുഭൂമിയിൽ 40 വർഷം അവരെ നടത്തിയ യഹോവയെ ധ്യാനിക്കുവാനും പുറപ്പാട് ചരിത്രം തലമുറകളോട് അറിയിക്കുവാനും എട്ടാം ദിവസം വീണ്ടും ശബ്ബത് ആഘോഷിച്ച് സമാഗമനകൂടാരത്തിൽ കൂടിവന്ന് കൂടാരപ്പെരുന്നാൾ ശുശ്രൂഷകൾ പൂർത്തീകരിക്കുവാനും യഹോവ കല്പിക്കുന്നു. കൂടാരങ്ങളിൽ പാർക്കുന്ന ഈ ദിനങ്ങളെ അവർ വർഷാദ്ധ്യ-കായ്കനി പെരുന്നാൾ എന്നും വിളിക്കുന്നു.

നിഴലായ പഴയനിയമത്തിൽ നിന്നും പൂർത്തീകരണം ആയ പുതിയനിയമത്തിലേക്ക് തന്റെ ഏകജാതനായ പുത്രനിലൂടെ പിതാവാം ദൈവം നയിച്ചപ്പോൾ പ. സഭ അതിന്റെ ആരാധനാ ജീവിതത്തിനും മറ്റു എല്ലാ മതജീവിത രീതികൾക്കും അടിസ്ഥാനം കണ്ടെത്തിയതും പുത്രൻതമ്പുരാൻ നൽകിയ പുതിയ വ്യാഖ്യാനങ്ങളിലൂടെ പുതിയ അർത്ഥതലങ്ങൾ അറിഞ്ഞതും വി. അപ്പോസ്തോലന്മാരുടെ കാലം മുതൽ തന്നെ ആയത് ആചരിച്ചു തുടങ്ങിയതും നാം കാണുന്നു. മോശ മുഖാന്തരം ലഭിച്ച ന്യായപ്രമാണം കൃപയും സത്യവുമായി യേശുക്രിസ്തു മുഖാന്തിരം (യോഹ. 1:17) വെളിപ്പെടുമ്പോൾ ആരാധനയ്ക്കും പെരുന്നാളുകൾക്കും പുതിയ അർത്ഥതലങ്ങൾ ലഭ്യമാകുന്നു.

“സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്നു, കാരണം ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കേണ്ടത് ആ മലയിലോ ഈ മലയിലോ അല്ല; ആത്മാവിലും സത്യത്തിലും ആകുന്നു” എന്ന് ശമര്യ സ്ത്രീയോട് (യോഹന്നാൻ 4) വെളിപ്പെടുത്തുന്ന കർത്താവ് ആത്മദാഹം തീർക്കുന്ന ജീവജലം, വിശ്വസിക്കുന്ന ഏവനും വാഗ്ദാനം ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് യഹൂദന്മാരുടെ പഴയപെരുന്നാളുകൾക്ക് പരിശുദ്ധ സഭയിൽ പുതിയ അർത്ഥതലങ്ങൾ ലഭ്യമാകുന്നത്.



കുഞ്ഞാടും പുളിപ്പില്ലാത്ത അപ്പവും കയ്പ്പുചീരയും ചേർന്ന യഹൂദന്റെ മാത്രം താൽക്കാലിക വിമോചനം ആയിരുന്ന പെസഹാപെരുന്നാൾ സർവ്വലോകത്തിന്റെയും ജീവനും രക്ഷയ്ക്കും കാരണമായിത്തീർന്ന നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിലും മരണത്തിലും ഉയർപ്പിലും വിശ്വസിക്കുന്നവന് നിത്യജീവന്റെ അപ്പമായി, അപ്പത്തിന്റെ വലിയ പെരുന്നാളായി മാറുന്നു (യോഹ 6:35). പുതിയ വ്യാഖ്യാനം ഉണ്ടായപ്പോഴും ‘പെസഹാ പെരുന്നാൾ’ എന്ന ആശയത്തിനോ പ്രയോഗത്തിനോ വ്യത്യാസം വന്നില്ല എന്നു സാരം.

ഇതുപോലെ തന്നെ വി. പെന്തക്കോസ്തി പെരുനാൾ പ. റൂഹായുടെ ആവാസത്തിന്റെ വലിയ പെരുനാളും പുതിയ യിസ്രായേൽ ആകുന്ന പ. സഭയുടെ ആരംഭ പെരുനാളും ഒക്കെയായി മാറ്റപ്പെട്ടപ്പോഴും വാരപ്പെരുന്നാൾ അഥവാ ‘50-ാം ദിനം’ എന്നു മാത്രം അർത്ഥമുള്ള പെന്തിക്കോസ്തി എന്ന പദം മാറ്റപ്പെട്ടില്ല എന്ന് ഓർക്കണം. ഇതേപ്രകാരം തന്നെ വി. കൂടാരപ്പെരുന്നാളിലും കർത്താവ് പങ്കെടുക്കുകയും മലമുകളിൽ പെരുന്നാൾ ധ്യാനത്തിന് പോകുകയും യെരുശലേം ദേവാലയത്തിലെ കൂടാരപെരുനാളിൽ സംബന്ധിച്ച് പുതിയ അർത്ഥതലങ്ങൾ നൽകുകയും ചെയ്യുന്നു. ഈ വ്യാഖ്യാനതത്വം വിശദമായി പ്രതിപാദിച്ചുകൊണ്ടാണ് വി. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ഏഴാം അദ്ധ്യായത്തിൽ കൂടാരപ്പെരുന്നാളിന്റെ മദ്ധ്യത്തിൽ യെരുശലേം ദേവാലയത്തിൽ നിന്നുകൊണ്ടുള്ള കർത്താവിന്റെ പ്രഖ്യാപനം രേഖപ്പെടുത്തുന്നത്: “ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ” എന്നും അവനിൽ നിന്ന് ജീവനദി ഒഴുകും എന്നും അത് വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാണ് പറഞ്ഞതെന്നും യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ... (7:37-39) എന്നിങ്ങനെ പോകുന്നു വി. യോഹന്നാൻ ശ്ലീഹായുടെ വ്യാഖ്യാനം.

മേൽപറഞ്ഞ മൂന്ന് പെരുന്നാളുകളും പഴയനിയമ പശ്ചാത്തലത്തിലും, അന്ന് അവ നടന്ന കാലഘട്ടത്തിലുമാണ് വി. സഭ പുതിയ വ്യാഖ്യാനങ്ങളോടെ ഇന്നും ആഘോഷിക്കുന്നത് എന്നത് പ്രത്യേകം ഓർത്തിരിക്കണം. അതുകൊണ്ടാണ് ‘കൂടാരപ്പെരുന്നാൾ’ പെസഹായ്ക്കു ശേഷം ഏകദേശം ആറ് മാസം കഴിഞ്ഞും

(പെസഹ: ഒന്നാം മാസം, പതിനാലാം തീയതി. കൂടാരപെരുനാൾ: ഏഴാം മാസം പതിനഞ്ചാം തീയതി) പെന്തിക്കോസ്തി പെരുന്നാളിനു ശേഷവും വരുന്നത് എന്ന് സാരം. കൂടാരപ്പെരുന്നാളിന്റെ ആരംഭ ധ്യാനത്തിനായി മറുരൂപമലയിൽ (താബോർ) പോയ സമയത്ത് ഉണ്ടായ സംഭവവും അനുഭവവുമാണ് സമവീക്ഷണ സുവിശേഷങ്ങളിൽ വിശദമായി കാണുന്നത്.

കൂടാരം എന്നാൽ കേവലം ഒരു ടെന്റ്, സർക്കസ് കൂടാരം പോലെ എന്നല്ല മറിച്ച് ഗോത്രപിതാവായ യാക്കോബിന്റെ ദർശനമായ (ഉൽപത്തി 28) ദൈവത്തിന്റെ ആലയം (ബഥേൽ) മുതൽ മോശയുടെ കാലത്തെ സമാഗമനകൂടാരം തുടങ്ങി ദൈവത്തിന്റെ സാന്നിദ്ധ്യം അറിഞ്ഞ എല്ലാ സ്ഥലങ്ങളും സംഭവങ്ങളുമാണ് എന്നും നാം അറിയണം. പുതിയനിയമത്തിൽ വി. കന്യകമറിയാമിന്റെ ഉദരവും ബേത്‌ലഹേം ഓഫർത്തായും യോർദ്ദാനിലെ സ്നാനവും മറുരൂപമലയിലെ മേഘകൂടാരവും എല്ലാം പ. സഭയെ കുറിക്കുന്ന സംജ്ഞകളാണെന്ന് പിതാക്കന്മാർ വ്യക്തമായി പഠിപ്പിക്കുന്നു. മേൽപറഞ്ഞതും ഇനിയും ഒട്ടനവധിയായി സഭയുടെ ആരാധനാ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന തിരുവചന വ്യാഖ്യാനങ്ങളിലും ദൈവമഹത്വം (shekena) പരിലസിക്കുന്ന (Theophiny) അനുഭവങ്ങൾ കാണുന്നു. "ഇവനെന്റെ പ്രിയ പുത്രൻ; ഇവനു ചെവി കൊടുപ്പീൻ" എന്ന ദൈവശബ്ദം പ. സഭയാകുന്ന കൂടാരത്തിലാണ് കേൾക്കപ്പെടുന്നത്. പഴയനിയമ വായനയ്ക്കു മുമ്പായി 'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്ത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി' എന്ന് ആമുഖ വചനങ്ങളായി പറയുന്നു. അവിടെ ന്യായപ്രമാണവും (മോശ) പ്രവചനവും ഏലിയാ, അപ്പോസ്തോലികതയും ജീവലോകവും മൃതലോകവുമെല്ലാം വി. ത്രിത്വത്തിൽ ഒന്നിക്കുന്നു.

വി. യോഹന്നാനുണ്ടാകുന്ന വെളിപ്പാടിൽ അദ്ദേഹം കാണുന്ന പുതിയ ആകാശവും പുതിയ ഭൂമിയും പുത്തൻ യെരുശലേമും മണവറയും മണവാട്ടിയും ഒക്കെ കേവലം മാനുഷിക വിവരണങ്ങൾക്ക് അതീതമാണ്; എത്ര വ്യാഖ്യാനിച്ചാലും മതിവരുകയോ അവസാനിക്കുകയോ ഇല്ല എന്നും പിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു. അവിടെ സിംഹാസനത്തിൽ നിന്നും വീണ്ടും മഹാശബ്ദം (ദൈവനാദം) ഉയരുന്നു. "ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും (വെളിപ്പാട് 21: 1–3). താബോറിൽ കണ്ട അതേ 'ജ്യോതിസ്' പ. സഭയാകുന്ന കൂടാരത്തിലും (21:11) കാണുന്നു. അതിന്റെ പൊക്കമുള്ള മതിലും (സുവിശേഷങ്ങൾ) പന്ത്രണ്ടു ഗോപുരവും (വി. അപ്പോസ്തോലന്മാർ, കർത്താവിന്റെ ജീവപുസ്തകത്തിന്മേൽ എഴുതപ്പെട്ടവർക്കു മാത്രം പ്രവേശനവും എന്നിങ്ങനെ ആ വർണ്ണന തുടരുകയാണ്.

സർവ്വപ്രപഞ്ചവും സമഞ്ജസമായി സമ്മേളിക്കുന്ന പ. സഭയാകുന്ന വി. കൂടാരത്തിൽ ദൈവതേജസ്സ് നിത്യമായി ഉജ്ജ്വലകാന്തിയോടെ ശോഭിക്കുന്ന അനുഭവമാണ് വി. കൂടാരപെരുനാളും അവിടെയുണ്ടാകുന്ന മറുരൂപ അനുഭവവും എന്ന സന്ദേശമാണ് കൂടാരപെരുനാളിൽ ആരംഭിക്കുന്ന നോമ്പുകാലത്ത് പ. സഭയുടെ ധ്യാനചിന്ത എന്ന് സാരം. ഈ മഹത്വീകരണം ആദ്യം പ്രാപിക്കുന്നത് പ. സഭയുടെ കൂടെ നിത്യപ്രതീകമായ രാജമാതാവായ വി. കന്യക മറിയാമാണ്. ആഗസ്റ്റ് 6–ന് ആരംഭിക്കുന്ന കൂടാരപെരുനാൾ ഏഴ് മുതൽ ഏഴ് ദിവസം പിന്നിട്ടു കഴിയുമ്പോൾ ആഗസ്റ്റ് 15–ന് പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിൽ അതിന്റെ പൂർത്തീകരണത്തിൽ എത്തിച്ചേരുന്നു! കർത്താവ് താൻ സർവ്വ സ്വർഗ്ഗീയ സേനകളുടെയും അകമ്പടിയോടെ സ്വർഗ്ഗം തുറന്ന് ഇറങ്ങി വന്ന് പ. ദൈവമാതാവിന്റെ ആത്മാവിനെ ബഹുമാനത്തോടെ കൈക്കൊണ്ടു എന്നും പിന്നീട് സംസ്കരിക്കപ്പെട്ട അവരുടെ ശരീരം അപ്രകാരം സർവ്വഘോഷത്തോടും കൂടെ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു എന്നും വി. യാക്കോബിന്റെ ബോവൂസ്സായിൽ വി. ശൂനോയോ നോമ്പിൽ നാം ധ്യാനിക്കുന്നു. ആകയാൽ പ. സഭയാകുന്ന കൂടാരത്തിൽ വസിച്ച് ദൈവമഹത്വത്തിൽ വളരുവാൻ പ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്കും ശരണപ്പെടാം.

'തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏക പിതാവിന്റെയും, തന്റെ കഷ്ടാനുഭവത്താൽ അതിനെ വീണ്ടെടുത്ത പരിശുദ്ധനായ ഏക പുത്രന്റെയും, സകലത്തെയും പൂർത്തിയാക്കുന്ന പരിശുദ്ധനായ ഏക റൂഹായുടേയും സാന്നിധ്യവും സഹവാസവും എപ്പോഴും നമ്മോടു കൂടെ വ്യാപരിക്കട്ടെ.

പ. ദൈവമാതാവിന്റെയും നമ്മുടെ അപ്പോസ്തോലനും കാവൽപിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായുടെയും ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ പരിപാലിച്ച നമ്മുടെ സർവ്വ പൂർവ്വ പിതാക്കന്മാരുടെയും പ്രത്യേകാൽ മാർ ഗീവർഗ്ഗീസ് സഹദായുടെയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ യൽദോ മാർ ബസേലിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് എന്നീ പിതാക്കന്മാരുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കൂട്ടും കാവലുമായിരിക്കട്ടെ. ❑



കാരിച്ചാൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ അലക്സിയോസ് മാർ യൗസേബിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



പാമ്പാടി പി.എം.ജി.എം. അഭയഭവൻ ചാരിറ്റബിൾ സൊസൈറ്റി ഏറ്റെടുത്ത മാർ ഒസ്താത്തിയോസ് & കോർഎപ്പിസ്ക്കോപ്പ ഈപ്പൻ മെമ്മോറിയൽ (MOCEM) സെന്ററിന്റെ ചാപ്പൽ കൂദാശയും പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപനവും വി. കുർബ്ബാനയും ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

ലേഖനം

ഓർത്തഡോക്സ് വിശ്വാസവും കന്യകമറിയാമും

ഫാ. ഡോ. കെ. എം. ജോർജ്

അഞ്ചാം നൂറ്റാണ്ടോടു കൂടി, കൃത്യമായി പറഞ്ഞാൽ എ.ഡി. 431- ലെ എഫേസൂസ് സുന്നഹദോസിനോടു കൂടിയാണ് യേശുക്രിസ്തുവിന്റെ മാതാവായ കന്യകമറിയാമിന് ക്രിസ്തീയ വിശ്വാസത്തിലുള്ള ദൈവശാസ്ത്ര പരമായ സ്ഥാനത്തെക്കുറിച്ച് സഭ ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. അതുവരെ, കന്യകമറിയാമിന് കർത്താവിന്റെ അമ്മ എന്ന നിലയിൽ സമർഹമായ ഒരു സ്ഥാനം സഭയിൽ ഉണ്ടായിരുന്നെങ്കിലും, അതിന്റെ ആഴ മായ അർത്ഥത്തെക്കുറിച്ച് കാര്യമായ ചിന്തയൊന്നും ഉണ്ടായിരുന്നില്ല. ക്രിസ്തുവിനെ രണ്ടാമത്തെ ആദാമായി പ. പൗലോസ് ശ്ലീഹാ ചിത്രീകരി ച്ചതുപോലെ മറിയാമിനെ രണ്ടാമത്തെ ഹവ്വയായും സഭയുടെ പ്രതീകമായും മറ്റും രണ്ടാം നൂറ്റാണ്ടു മുതൽ ചില ക്രിസ്തീയ ചിന്തകന്മാർ ചിത്രീകരിച്ചിട്ടുണ്ട്. എങ്കിലും സഭയുടെ ആരാധനാക്രമങ്ങളിൽ കന്യകമറിയാമിന് സ്ഥാനം ലഭിച്ചതും സഭ കന്യകയുടെ നാമത്തിലുള്ള പെരുന്നാളുകൾ ആഘോഷിക്കാൻ തുടങ്ങിയതും 5-ാം നൂറ്റാണ്ടിനു ശേഷമാണ്.

പൗരസ്ത്യസഭയുടെ വിശ്വാസത്തിൽ കന്യകമറിയാമിനെ ഒറ്റപ്പെട്ട വ്യക്തി യായി കരുതുന്നില്ല. കന്യകയുടെ സ്ഥാനം എപ്പോഴും ക്രിസ്തുവിനോടും സഭയോടും അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. ദൈവപുത്രനും മനുഷ്യരക്ഷകനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ ശക്തീകരിക്കുന്നതിനു വേണ്ടിയായിരുന്നു ആദിമ നൂറ്റാണ്ടുകളിൽ കന്യകമറിയാമിൽ നിന്നുള്ള ക്രിസ്തുവിന്റെ ജനനത്തെ സഭ ഊന്നിപ്പറഞ്ഞത്. ചില ഉദാഹരണങ്ങൾ നോക്കാം.

(1) പൗലോസ് ശ്ലീഹാ, "ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി നിയോഗിച്ചയച്ചു" (ഗലാ. 4:4) എന്നു പറയുന്നത് കർത്താവിന്റെ മനുഷ്യത്വം യഥാർത്ഥവും പൂർണ്ണവുമായിരുന്നു എന്നു കാണിക്കാനാണ്.

(2) "പരിശുദ്ധാത്മാവിൽ നിന്നും കന്യകമറിയാമിൽ നിന്നും ജനിച്ച ക്രിസ്തു" എന്നു രണ്ടാം നൂറ്റാണ്ടു മുതൽ സഭയുടെ വിശ്വാസപ്രമാണങ്ങളിൽ കർത്താവിനെക്കുറിച്ച് പറയുന്നു. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയായിരുന്നു ഈ പ്രയോഗം.

(3) 5-ാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയോസ് ക്രിസ്തുവിലുള്ള ദൈവസ്വഭാവത്തെയും മനു ഷ്യസ്വഭാവത്തെയും രണ്ടായിട്ട് വേർതിരിച്ച് ചിന്തിച്ചു. അതിന്റെ ഫലമായി, മറിയാമിൽ നിന്ന് ജനിച്ചത് മനുഷ്യസ്വഭാവം അഥവാ മനുഷ്യൻ മാത്രമാ യിരുന്നെന്നും, ദൈവത്വം ഒരു സ്ത്രീയുടെ ഉദരത്തിൽ ഒൻപതു മാസം കിടന്നു ജനിക്കുകയും കഷ്ടപ്പെടുകയും ചെയ്തു എന്നു പറയുന്നത് ശരിയല്ലെന്നും അദ്ദേഹം വാദിച്ചു. ചുരുക്കത്തിൽ മറിയാമിനെ 'ദൈവമാതാവ്' അഥവാ 'ദൈവപ്രസവിത്രി' എന്നു വിളിക്കുക സാദ്ധ്യമല്ലെന്നും, മനുഷ്യനായ 'ക്രിസ്തുവിന്റെ മാതാവ്' എന്നു മാത്രം വിളിച്ചാൽ മതിയെന്നും നെസ്തോറിയോസ് പ്രഖ്യാപിച്ചു.

അലക്സാന്ത്രിയയിലെ പാത്രിയർക്കീസായിരുന്ന കൂറിലോസിന്റെ നേതൃത്വത്തിൽ സഭ ഈ ഉപദേശത്തോട് പ്രതിഷേധിച്ചു. 431-ലെ എഫേസൂസ് സുന്നഹദോസിൽ വച്ച് കന്യകമറിയാമിനെ, ദൈവത്തെ വഹിച്ചവൾ എന്ന അർത്ഥത്തിൽ ദൈവമാതാവ് (Theotokos) എന്നു വിളിക്കണമെന്ന് തീരുമാനിക്കുകയും നെസ്തോറിയ വിശ്വാസത്തെ വേദവിപരീതമായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ ബഹുമതി മറിയാമിന് നൽകിയതിന്റെ പുറകിലുള്ള ഉദ്ദേശ്യം വ്യക്തമാണ്. അതായത്, യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമായി യോജിച്ചിരിക്കുന്നു എന്നും, മറിയാമിൽ നിന്ന് ജനിച്ച വ്യക്തി ഒരേ സമയം പൂർണ്ണ ദൈവവും പൂർണ്ണ



മനുഷ്യനുമായിരുന്നു എന്നും വ്യക്തമാക്കുന്നതിനു വേണ്ടിയാണ് മറിയാമിനെ 'ദൈവമാതാവ്' എന്നു വിളിക്കണമെന്ന് സുന്നഹദോസ് അനുശാസിച്ചത്.

മുകളിൽപ്പറഞ്ഞ മൂന്ന് ഉദാഹരണങ്ങളിലും മറിയാമിന് സഭ നൽകിയ സ്ഥാനം യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ സ്ഥാനത്തെ അരക്കിട്ടുറ പ്പിക്കുന്നതിനു വേണ്ടിയായിരുന്നു. ഓർത്തഡോക്സ് സഭകൾ ഈ തത്വം ഒരിക്കലും വിസ്മരിച്ചിട്ടില്ല.

ഇനിയും സഭയുമായി വി. മറിയാമിനെ എങ്ങനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു ചിന്തിക്കാം. ഒരു സാധാരണ മനുഷ്യ സ്ത്രീയായിരുന്ന മറിയാമിനെയാണ് ദൈവം തന്റെ ഏകപുത്രന്റെ മാതാവായി തിരഞ്ഞെടുത്തത് എന്നു വേദപുസ്തകം വ്യക്തമാക്കുന്നു. ക്രിസ്തു ഒഴികെ പാപമില്ലാത്തവരായി ആരുമില്ല എന്ന് സഭ പഠിപ്പിക്കുമ്പോൾ, വി. കന്യകമറിയാം മനുഷ്യവർഗ്ഗത്തിലെ മറ്റംഗങ്ങളെപ്പോലെ തന്നെയായിരുന്നു എന്നു വ്യക്തമാണ്. 'അവളെ വിശുദ്ധീകരിച്ച് ദൈവം അവളിൽ ഇറങ്ങി വസിച്ചു' എന്ന് സഭ പഠിപ്പിക്കുന്നു. കന്യകമറിയാമിന്റെ അമലോൽഭവ സിദ്ധാന്തവും, അവൾക്ക് ജന്മപാപമുണ്ടായിരുന്നോ, കർമ്മപാപമുണ്ടായിരുന്നോ എന്നു തുടങ്ങിയ ചോദ്യങ്ങളും റോമൻ കത്തോലിക്കാ സഭയിൽ മാത്രമുള്ള പ്രശ്നങ്ങളാണ്. പൗരസ്ത്യസഭ ആ വിധത്തിലൊന്നുമല്ല കന്യകമറിയാമിനെക്കുറിച്ച് ചിന്തിച്ചത്.

കന്യകമറിയാമിനെ സഭയുടെ പ്രതീകവും പ്രതിനിധിയുമായിട്ടാണ് പൗരസ്ത്യ പാരമ്പര്യം എന്നും വീക്ഷിച്ചത്. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവവചനം സ്വീകരിക്കുകയും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത മറിയാം സഭയുടെ മാതൃകയും പൂർവ്വരൂപവുമാണ്. കന്യകമറിയാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഒരംഗവും മറ്റുള്ള അംഗങ്ങളെപ്പോലെ ക്രിസ്തുവിലൂടെ മാത്രം രക്ഷിക്കപ്പെട്ട വ്യക്തിയുമാണ്. അതുകൊണ്ട് കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ മറിയാമിനു ക്രിസ്തുവിനോടൊപ്പം "സഹരക്ഷകത്വം" ഉണ്ടെന്ന് പൗരസ്ത്യ സഭകൾ പഠിപ്പിക്കുന്നില്ല. മറിയാമിനെ രണ്ടാമത്തെ ഹവ്വാ എന്നു വിളിച്ചതായി സൂചിപ്പിച്ചല്ലോ. ആദ്യത്തെ ഹവ്വാ അനുസരണക്കേടു കാണിക്കുകയും ദൈവവചനത്തെ നിഷേധിക്കുകയും ചെയ്തതുമൂലം മനുഷ്യവർഗ്ഗത്തെ പാപത്തിനും മരണത്തിനും അടിമയാക്കിയെങ്കിൽ, രണ്ടാമത്തെ ഹവ്വാ (മറിയം) ദൈവവചനത്തോടുള്ള അനുസരണം മൂലം മനുഷ്യവർഗത്തെ രക്ഷയ്ക്കും ജീവനും ക്രിസ്തുവിലൂടെ അവകാശിയാക്കി എന്നാണതിന്റെ അർത്ഥം.

സുവിശേഷങ്ങളിൽ കന്യകമറിയാമിനെ പരാമർശിക്കുന്ന നാല് വേദഭാഗങ്ങളാണ് വി. മറിയാമിനെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിനാധാരം. ഒന്നാമതായി, കന്യകയോടുള്ള വചനിപ്പ് (ലൂക്കോ. 1:28-38). എളിയ ഒരു പെൺകുട്ടി ദൈവവചനം സ്വീകരിച്ച് അത്യുന്നതമായ ഒരു സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. രണ്ടാമതായി കാനാവിലെ കല്യാണവിരുന്നിൽ, മറിയാമിന്റെ അപേക്ഷയനുസരിച്ച് പുത്രനായ യേശു പ്രവർത്തിക്കുന്നു (യോഹ. 2:3-5). മൂന്നാമതായി, ഏതോ ഒരു സ്ത്രീ ആൾക്കൂട്ടത്തിൽ വച്ച് യേശുവിനോട് പറയുന്നു: "നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ" (ലൂക്കോ. 11:27-28). ഇത് മറിയാമിനെ പുകഴ്ത്തുകയാണ്. "ദൈവവചനം കേട്ട് അനുസരിക്കുന്നവരാണ് ഭാഗ്യമുള്ളവർ" എന്ന് കർത്താവ് മറുപടി പറയുന്നു. പക്ഷേ, പരോക്ഷമായി അതും മറിയാമിനെ പുകഴ്ത്തുകയാണ്. കാരണം പൂർണ്ണമായ അർത്ഥത്തിൽ ദൈവവചനം കേട്ട് അതനുസരിച്ചവരിൽ ഏറ്റവും മുമ്പിലാണ് വി. മറിയാം എന്നാണ് സഭ എന്നും പഠിപ്പിച്ചിരുന്നത്. നാലാമതായി, ക്രൂശിൽ വച്ച്, തന്റെ മാതാവിനെ തന്റെ പ്രിയ ശിഷ്യനായ യോഹന്നാന്റെ സംരക്ഷണയിൽ ഏല്പിക്കുന്ന ഹൃദയസ്പർശിയായ ഭാഗം (യോഹ. 19:26, 27). ഈ വേദഭാഗങ്ങളിൽ വിളങ്ങുന്ന വി. കന്യകയുടെ സ്ഥാനം സഭ ഒരിക്കലും അവഗണിച്ചില്ല. 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ രാജ്യങ്ങളിലുണ്ടായ നവീകരണം സഭയുടെ പുരാതനമായ ഈ മനോഭാവത്തെ ചോദ്യം ചെയ്തു. അതിനുള്ള പ്രധാന കാരണം റോമൻ കത്തോലിക്കാ സഭ യഥാർത്ഥ പാരമ്പര്യത്തിൽ നിന്ന് വിട്ട് കന്യകമറിയാമിനെ യേശുക്രിസ്തുവിനോട് ഏതാണ്ട് തുല്യമാക്കുകയും, മറിയാമിനെ കേന്ദ്രമാക്കി ഒരുതരം "വിഗ്രഹാരാധനയെ" പ്രോത്സാഹിപ്പിക്കയും ചെയ്തതാണ്.

രണ്ടു പ്രധാന പെരുന്നാളുകളിൽ കന്യകമറിയാമിനെ പ്രത്യേകമായി നാം അനുസ്മരിക്കുന്നു; വചനിപ്പ് പെരുന്നാളിലും വാങ്ങിപ്പ് (ശൂനോയോ) പെരുന്നാളിലും. ഒന്നാമത്തെ പെരുന്നാൾ യഥാർത്ഥത്തിൽ സുവിശേഷത്തിന്റെ ആദ്യത്തെ പ്രഖ്യാപനത്തെ അനുസ്മരിക്കുന്ന കർത്താവിന്റെ (മാറാനായ) പെരുന്നാളാണ്. രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള ആദ്യപ്രഖ്യാപനം കേട്ട വി. മറിയാമിന്റെ ഓർമ്മയും പ്രത്യേകമായി ആഘോഷിക്കപ്പെടുന്നു. രണ്ടാമത്തെ പെരുന്നാൾ (ഓഗസ്റ്റ് 15), കന്യകമറിയാമിന്റെ മരണത്തിന്റെ ഓർമ്മയാണ്. സുറിയാനിയിൽ "ശൂനോയോ" എന്ന പദം വിശ്വാസികളുടെ മരണത്തെ കുറിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. സെപ്റ്റംബർ 8-ാം തീയതി വി. മറിയാമിന്റെ ജനനപ്പെരുന്നാളായി ചില സ്ഥലങ്ങളിൽ ആഘോഷിക്കുന്നു. കന്യകമറിയാമിന്റെ ജനനത്തിന് മറ്റുള്ള മനുഷ്യരുടെ ജനനത്തിൽ നിന്ന് യാതൊരു വ്യത്യാസവുമില്ല എന്ന കാരണത്താൽ പൗരസ്ത്യ പാരമ്പര്യത്തിൽ, ഈ പെരുന്നാളിന് കാനോനികമായ സ്ഥാനമില്ല. അതോടുകൂടിയുള്ള എട്ടുനോമ്പ് പാശ്ചാത്യസഭയിൽ നിന്ന് നമ്മുടെ നാട്ടിൽ ഇറക്കുമതി ചെയ്തതാണ്. സഭയുടെ പുരാതനമായ അഞ്ചു കാനോനിക നോമ്പുകളിൽ എട്ടുനോമ്പ് ഉൾപ്പെടുന്നില്ല. കന്യകയുടെ "അമലോൽഭവം" (Immaculate Conception), "സ്വർഗ്ഗാരോഹണം" (Assumption) എന്നിവ രക്ഷയ്ക്ക് ആധാരമായ വിശ്വാസപ്രമാണമായി റോമൻ കത്തോലിക്കാസഭ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, പൗരസ്ത്യ സഭകൾ അവ വിശ്വാസപ്രമാണമായി അംഗീകരിക്കുകയോ, പ്രഖ്യാപനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

അപ്പോസ്തോലന്മാരേക്കാളും മറ്റ് പരിശുദ്ധന്മാരേക്കാളും ഉന്നതമായ സ്ഥാനമാണ് വി. മറിയാമിന് സഭയുടെ ആരാധനയിൽ നൽകുന്നത്. കാരണം മനുഷ്യനായിത്തീർന്ന ദൈവത്തെ വഹിക്കാനുള്ള അസുലഭ പദവി അവൾക്കാണ് ലഭിച്ചത്. ഇതുമൂലം മറിയാമിന്റെ മദ്ധ്യസ്ഥതയ്ക്ക് പ്രത്യേകമായ പ്രാധാന്യം സഭ നൽകുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഒരംഗം എന്ന നിലയിൽ മറിയാമിനുവേണ്ടിയും മറ്റ് പരിശുദ്ധന്മാർക്കുവേണ്ടിയും നാം വി. കുർബ്ബാനയിൽ പ്രാർത്ഥിക്കുന്നുണ്ട് എന്ന് ഓർക്കേണ്ടതാണ്. ഇവിടെ പരസ്പരമുള്ള മദ്ധ്യസ്ഥതയും പ്രാർത്ഥനയുമെല്ലാം ഏകശരീരത്തിലെ അവയവങ്ങൾ എന്ന നിലയിലാണ്. പരസ്പരമുള്ള പ്രാർത്ഥന ഈ ശരീരത്തിന്റെ നിരന്തരമുള്ള ശ്വാസോച്ഛ്വാസമാണ്. വിശ്വാസികളായ വാങ്ങിപ്പോയവരും ലോകത്തിൽ ജീവിക്കുന്നവരും എല്ലാം സഭയാകുന്ന ശരീരത്തിലൂടെ ക്രിസ്തുവിന്റെ ജീവനിൽ പങ്കാളികളാകുന്നു. ക്രിസ്തുവിന്റെ മഹത്വം മറ്റുള്ളവരേക്കാൾ കൂടുതൽ അനുഭവിച്ചറിഞ്ഞ് ദൈവാനുരൂപികളായവർ എന്ന നിലയിൽ മറിയാമിനും മറ്റ് വിശുദ്ധന്മാർക്കും നാം പ്രത്യേകമായ ബഹുമതി നൽകുന്നു. കർത്താവിനെ വഹിച്ചതുമൂലം ഒരു സാധാരണ സ്ത്രീയായിരുന്ന വി. മറിയം അനുഭവിച്ച അത്യുന്നതമായ സ്വർഗീയ മഹത്വത്തിൽ സഭയും മനുഷ്യവർഗം മുഴുവനും പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നു. വി. മറിയാം സഭയുടെ പ്രതീകവും മനുഷ്യവർഗത്തിന്റെ പ്രതിനിധിയുമാകുന്നു. ❑



അതിജീവന തീരത്തേക്കു തുഴയാൻ വള്ളമൊരുക്കി

പത്തനംതിട്ട: പുറത്ത് കാറ്റും കോളും നിറയുമ്പോൾ ഉള്ളിൽ ആശങ്കയുടെ നെരിപ്പോടുമായി കഴിയുന്ന തോട്ടപ്പുഴശേരി നിവാസികൾക്ക് രക്ഷയുടെ തീരത്തടുക്കാൻ വള്ളമൊരുക്കി ഓർത്തഡോക്സ് സഭ തുമ്പമൺ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ്.

തോട്ടപ്പുഴശേരിയിൽ ആഞ്ഞിലിമൂട്ടിൽ പാലത്തിനു സമീപമുള്ള അദ്ദേഹത്തിന്റെ സമഷ്ടി പരിസ്ഥിതി സൗഹൃദ ധ്യാനകേന്ദ്രത്തിലാണ് പുതിയ വള്ളത്തിന്റെ നിർമാണം പൂർത്തിയാക്കിയത്. പമ്പാനദിയുടെ തീരത്ത് മൂന്നര ഏക്കർ സ്ഥലത്താണ് ധ്യാനകേന്ദ്രം.

2018 ഓഗസ്റ്റ് 14നു രാത്രി ഉണ്ടായ പ്രളയത്തിൽ ധ്യാനകേന്ദ്രവും ചാപ്പലും വെള്ളത്തിലായിരുന്നു. സമീപവാസിയുടെ ഫൈബർ വള്ളമാണ് അന്ന് രക്ഷാപ്രവർത്തനത്തിന് സഹായകമായത്. ധ്യാന കേന്ദ്രത്തിനു സമീപം പമ്പയുടെ തീരത്ത് ഒട്ടേറെ വീടുകൾ ഉണ്ട്. പ്രളയത്തിൽ ഈ വീടുകൾക്കെല്ലാം വൻ നാശനഷ്ടമാണ് ഉണ്ടായത്. സ്വന്തമായി വള്ളം ഉണ്ടെങ്കിൽ എല്ലാവർക്കും സഹായമെത്തിക്കാൻ കഴിയും എന്ന ചിന്തയിൽ നിന്നാണ് വള്ളം നിർമാണം തുടങ്ങിയത്.

അതിനായി മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ നിന്ന് കെട്ടുവള്ളം നിർമാണത്തിലെ വിദഗ്ധരായ ചന്ദ്രൻ ആചാരി, ബേബി എന്നിവരെ കണ്ടെത്തി. ധ്യാനകേന്ദ്രത്തിന്റെ പരിസരത്തു നിന്ന ആഞ്ഞിലി മരം വെട്ടി. 13 പേർക്ക് കയറാവുന്ന വള്ളം 25 ദിവസം കൊണ്ട് പണി പൂർത്തിയാക്കി. ഇനിയൊരു പ്രളയം വന്ന് നാടിനെ ഭീതിയിലാഴ്ത്തരുതേ എന്ന പ്രാർഥനയ്ക്കൊപ്പം ഏത് പ്രതിസന്ധി വന്നാലും അതിനെയെല്ലാം മറികടക്കാൻ ഒപ്പമുണ്ടെന്ന സന്ദേശം കൂടിയാണ് മാർ ക്ലീമീസ് നൽകുന്നത്.

Article

Short lessons on St Mary- the Theotokos

Rincy John

Why is St Mary addressed as the Theotokos (Mother of God/God-bearer)?

The most common explanation citing the Holy Scripture is how St Elizabeth, wife of priest Zechariah addressed St Mary during the blessed visitation:

"Blessed are you among women and blessed is the fruit of your womb! But why is this granted to me, that the mother of my Lord should come to me?" (St. Luke 1:42,43; NKJV).

Moreover, the Psalmist says- "God is the Lord" (Psalm 118:27).

Hence, it is completely biblical to address St Mary as Theotokos.

Many heterodox brethren, on hearing "Theotokos"/ "Mother of God", are of the incorrect opinion that the Orthodox Church equates St Mary as God or considers her as above God. Then what is the correct explanation?

To put it simply, the early Church witnessed many debates, theories, heresies that came up regarding Jesus Christ. The Arians said He had a beginning, there were questions as whether He was just human when He was born and later God the Father anointed to be His Son etc.

Amidst all these Christological debates, one of the ways in which the Church expressed to say that that 'He is fully God and fully Man at the same time' was that Jesus Christ-born of St. Mary is the eternal Son of God who has no beginning i.e. when St Mary was pregnant, the Child in her womb was already God- so she is God-bearer. So, the title of Theotokos actually establishes a Christological point.

As a title for the Blessed Virgin Mary, Theotokos was recognized at the Third Ecumenical Council held at Ephesus in AD 431. What the Church believed about Jesus Christ since apostolic times was ratified at the Council of Ephesus.

Some explanations by holy fathers of the early Church for further clarity: St. Irenaeus: "by an angelic communication, receive the glad tidings that she should sustain God, being obedient to His word" (Against Heresies, Book V, Chapter 19:1, Ante Nicene Fathers, Volume 1) [Emphasize- 'she should sustain God'].

St Gregory (Nazianzus): "If anyone does not believe that Holy Mary is the Mother of God, he is severed from the Godhead. If anyone should assert that He passed through the Virgin as through a channel, and was not at once divinely and humanly formed in her (divinely, because without the intervention of a man; humanly, because in accordance with the laws of gestation), he is in like manner godless." (To Cledonius the Priest Against Apollinarius; NPNF Series- II, Volume VII).

St Cyril of Jerusalem: "..the Archangel Gabriel bears witness, bringing good tidings to Mary: the Virgin Mother of God.." (Catechetical Lectures, Chapter X; NPNF Series- II, Volume VII).

St Cyril of Alexandria said "the holy Virgin is able to be called the Mother of God. For if our Lord Jesus Christ is God", he wondered, "how should the



St. Mary: Ethiopian Icon

holy Virgin who bore Him not be the Mother of God" (Artemi, E., 2012, 'Cyril of Alexandria's critique of the term Theotokos by Nestorius Constantinople', Acta Theologica 32(2), 1- 16).

It sounds strange that one denies calling the Blessed Virgin Mary as the Theotokos after listening to modern preachers but will not listen/follow the teachings of those holy fathers who preached the True Faith in the early Church!

2.b) The Orthodox Church calls St Mary- the Theotokos as the 'Ever-Virgin' and rejects the notion that she had other biological children. There are biblical references which seem to indicate that the holy Theotokos has other biological children? E.g. 'Joseph knew her not till she had brought forth her son', references to His brothers or Jesus being addressed as her firstborn.

Let us review the second part of the question and see some of the biblical verses which are interpreted as the holy Theotokos having other biological children. The early church father St Jerome wrote a discourse in around AD 383 to refute the heresy propagated by a man called Helvedius who taught that St. Mary resumed marital relations with St Joseph after the birth of Lord Jesus Christ and that she had other children from St Joseph. Most of the arguments concerning such verses are referred from St Jerome's work.

A.1) "…And Joseph arose from his sleep, and did as the angel of the Lord commanded him, and took unto him his wife; and knew her not till she had brought forth her son." (St Matthew Chapter 1:24-25).

Those who speak against the Ever-Virginity of the holy Theotokos take the following portion of the aforementioned verse- "knew her not till she had brought forth her son" stating that St Joseph knew her or had marital relations with the holy Theotokos after she brought forth the Lord Jesus Christ.

St Jerome mentions that the usage of the word "till" (or 'even unto'/ 'until') is used here in the context of the fixed time up to the event mentioned. Hence, the above verse - "and knew her not 'till' she had brought forth her son", only means that St Joseph-the Righteous and the holy Theotokos did not have any conjugal relation before Christ was born.

St Jerome explains his point by quoting few examples from the Holy Scripture:

a) "…as when God by the mouth of the prophet says to certain persons, "Even to old age I am He" (Isaiah 46:4). St Jerome questions, "will He cease to be God when they have grown old?"

b) And the Saviour in the Gospel tells the Apostles, "Lo, I am with you always, even unto the end of the world." (St. Matthew 28:20). St Jerome questions, "will the Lord then, after the end of the world has come, forsake His disciples, and at the very time when seated on twelve thrones they are to judge the twelve tribes of Israel- will they be bereft of the company of their Lord?"

c) Again Paul the Apostle writing to the Corinthians says, "..For He (Christ) must reign, 'till' he has put all enemies under his feet." (1 Corinthians 15:25). St Jerome questions, "does this mean that the Lord will cease to reign once His enemies are under His feet? Of course, His reign will then commence in its fullness when His enemies begin to be under His feet."

d) The Psalmist says, "so our eyes look unto the Lord our God, 'until' He have mercy upon us." (Psalms 123:2).

Will the Psalmist turn his eyes away from the Lord after he obtains mercy from the Lord?

e) "Therefore Michal the daughter of Saul had no children to the day of her death" (2 Samuel 6:23)

"had no children 'to' the day of her death"- Does this mean that Michal had children after she died? Of course not!

2.c) Understood that the word 'till' in the below Scripture verse only means that St Joseph-the Righteous and the holy Theotokos did not have any conjugal relation before Christ was born. However, how can we explain that they would have continued the ascetic/virginal state after the Lord was born?

"…And Joseph arose from his sleep, and did as the angel of the Lord commanded him, and took unto him his wife; and knew her not till she had brought forth her son." (St Matthew Chapter 1:24-25).

Answer: St. Jerome explains this from the perspective of St. Joseph the Righteous. Read what St Jerome says:

"And could the just man dare, he says, to think of approaching her, when he heard that the Son of God was in her womb? Excellent! We are to believe then that the same man who gave so much credit to a dream that he did not dare to touch his wife, yet afterwards, when he had learned from the shepherds that the angel of the Lord had come from heaven and said to them, "Be not afraid: for behold I bring you good tidings of great joy which shall be to all people, for there is born to you this day in the city of David a Saviour, which is Christ the Lord; and when the heavenly host had joined with him in the chorus (St. Luke 2:14) Glory to God in the highest, and on



earth peace among men of good will"; and when he had seen the just Simeon embrace the infant and exclaim, "Now let your servant depart, O Lord, according to your word in peace: for my eyes have seen your salvation"; and when he had seen Anna the prophetess, the Magi, the Star, Herod, the angels; Helvidius, I say, would have us believe that Joseph, though well acquainted with such surprising wonders, dared to touch the temple of God, the abode of the Holy Ghost, the mother of his Lord?" (St Jerome, The Perpetual Virginity of Blessed Mary- Against Helvedius, NPNF-Series II, Volume VI.

To put it simply, if St Joseph-the Righteous disregarded his thoughts of divorcing the Theotokos by a vision that he saw in a dream, how would he seek his and St Mary's 'marital rights' from God after having witnessed the awe-inspiring event of shepherds and the wise men coming to worship the Infant Lord in Bethlehem or the Spirit filled proclamation of Simeon in the Temple?

The protoevangelium of James records that St Joseph had initially excused himself from the responsibility of being betrothed to Virgin Mary. He stated that he would become the laughing stock in Israel should this betrothal happen since he was an old man and Blessed Virgin Mary was a young girl. It is when the high priest reminded him that the betrothal is Lord's will that St Joseph took the Blessed Virgin Mary under his care.

Another aspect to note- we read in the Old Testament that touching the Ark of the Covenant had cost a man named Uzzah his life (ref 2 Samuel 6:7). As a devout Jew, St Joseph the Righteous would be known about this

history. If touching the Ark of Covenant made Uzzah lose his life, how can the righteous St Joseph dare to touch the holy Theotokos- the temple of God, the abode of the Holy Ghost and the mother of his Lord!?

In the next post we will, God willing, study the question from the holy Theotokos' perspective.

2.d) How can we explain that the holy Theotokos would have continued the ascetic/virginal state after the Lord was born?

Let us study the question from the perspective of the holy Theotokos. The Holy Scripture portions for reflection is St Luke 1:26-35 and Numbers chapter 30. Let us first look into passage on the annunciation to the Blessed Virgin Mary:

"Now in the sixth month the angel Gabriel was sent by God to a city of Galilee named Nazareth, to a virgin betrothed to a man whose name was Joseph, of the house of David. The virgin's name was Mary. …Then the angel said to her, "Do not be afraid, Mary, for you have found favor with God. And behold, you will conceive in your womb and bring forth a Son, and shall call His name Jesus…Then Mary said to the angel, "How can this be, since I do not know a man?"

And the angel answered and said to her, "The Holy Spirit will come upon you, and the power of the Highest will overshadow you; therefore, also, that Holy One who is to be born will be called the Son of God."" (St Luke 1:26-35).

Read the passage again and notice that the angel does not say that St Mary has conceived, but 'will' conceive i.e. sometime in the future. It is helpful to know that a Jewish marriage process chiefly has betrothal and marriage proper. A couple when betrothed were known as husband and wife but they had no marital privileges. St. Mary and St. Joseph were in this phase. The betrothal period was followed by marriage post which the couple could consummate the marriage. During the betrothal phase, a relationship between the betrothed woman and another man amounted to adultery (ref Deuteronomy 22:23-27).

Many of you might have witnessed in the engagement ceremony (esp. in India), that the elders bless the newly engaged, with wishes of good health, prosperity and children. It would be very absurd if the couple shoots a question regarding the last blessing- 'how will that be possible since we are not married and hence yet to have marital relations'! It is understood that marriage will eventually succeed the engagement and the couple will have conjugal rights post marriage.

In this context, read again the response of St Mary's response to angel Gabriel. If a betrothed woman is considering a marital life/relation then she would never ask - "how can this be, since I do not know a man?", because sooner or later the betrothal phase will culminate in marriage and then couple will consummate the marriage. UNLESS, she has taken a vow to remain virgin all her life!

Unlike priest Zechariah, the holy Theotokos does not doubt, but asks a very pertinent question- "I have consecrated my life to God, I intend to remain a virgin all my life then how can I bring forth a child without having a sexual relation with a man?" To this Angel Gabriel responds that the Holy Spirit will come upon her and assured her that nothing is impossible for God.

The book of Numbers chapter 30 details the vows to the Lord taken by unmarried/married/widowed/divorced women. In all these cases, the authority rests with the husband to accept it or make it void when heard. But if the husband later changes his mind regarding the vow of his wife (after he had accepted them first), then he shall bear her guilt (see v14,15).

To simply put, if St. Mary took a vow to remain virgin all her life (which by her words to Gabriel are proved above), and St. Joseph accepted her vow at the time of betrothal then they are bound under the Law to honour it throughout their life. The pious Jewish couple indeed honoured their promise to God all throughout their life.

Wishing you all a blessed Dormition Fast. May the prayers and intercession of the holy Theotokos be a strong refuge for us.

❑



വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കുടപ്പനക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം പി. പി. മത്തായിയുടെ ഭവനത്തിൽ എം.എൽ.എ. മാരായ രാജു എബ്രഹാം, വീണ ജോർജ്ജ് എന്നിവർ സന്ദർശനം നടത്തി. കുടുംബാംഗങ്ങളിൽ നിന്നും ഇടവക വികാരി ബസലേൽ റമ്പാനിൽ നിന്നും വിശദ വിവരങ്ങൾ ചോദിച്ചറിയുകയും ചർച്ച നടത്തുകയും ചെയ്തു.




അട്ടപ്പാടി നന്മ കൂട്ടായ്മയിലുടെ ആടുകളെ വിതരണം ചെയ്തു

അട്ടപ്പാടി മിഷന്റെ നേതൃത്വത്തിൽ നന്മ കൂട്ടായ്മയുടെ 'കൃഷി തുടങ്ങാം ഒരു വീടിനു ഒരു ആട്' എന്ന പദ്ധതിയിലുടെ ആരംഭിച്ച ആട്ടിൻകുട്ടികളുടെ വിതരണം രണ്ടാം ഘട്ടം നടത്തി. ഒന്നാം ഘട്ടത്തിൽ 6 ആടുകളെ വിതരണം ചെയ്തപ്പോൾ രണ്ടാം ഘട്ടത്തിൽ 9 ആട്ടിൻകുട്ടികളെയാണ് വിതരണം ചെയ്തത്. സെക്രട്ടറി ഫാദർ ബിജു കല്ലിങ്കൽ , അട്ടപ്പാടി ആശ്രമം സുപ്പീരിയർ ഫാദർ സജി, ഫാദർ സുനിൽ, പെട്ടിക്കൽ ശാന്തിഗ്രാം ആശ്രമം സുപ്പീരിയർ ഫാദർ ജോബി, പെട്ടിക്കൽ കത്തോലിക്ക പള്ളി വികാരി ഫാദർ ബെന്നി, പി. സി. ബേബി, ഷാജു പെട്ടിക്കൽ, സാം കോഴിക്കൂടം എന്നിവർ സന്നിഹിതരായിരുന്നു.

രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.

– പ. പരുമല തിരുമേനി



സന്ധ്യാ നമസ്കാരത്തിൽ ‘മോറാനോശുമ്ശിഹാ...’ എന്ന പ്രാർത്ഥനക്കു മുമ്പായി

കോലോകൾ

മർത്തമറിയം ലോകഇമ്പങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വ നന്മകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിന്റെ മാതാവായിത്തീരുവാൻ തിരഞ്ഞെടുക്കപ്പെട്ടതുപോലെ കർത്താവേ! ഞങ്ങളും ലോകഇമ്പങ്ങളെ വെടിഞ്ഞ് നോമ്പ്, നമസ്കാരം മുതലായ നന്മകളാൽ അലങ്കരിക്കപ്പെട്ടവരും നിനക്ക് വസിപ്പാൻ തക്ക വിശുദ്ധ ആലയങ്ങളും ആയിരിപ്പാൻ യോഗ്യരായിത്തീരണമേ.

ബാറെക്മോർ. ശുബഹോ... മെനഓലം..

സ്ത്രീ മൂലം വന്ന നാശത്തെ സ്ത്രീ മൂലം തീർപ്പാൻ വേണ്ടി വേർതിരിക്കപ്പെട്ട നിത്യകന്യകയായ മർത്തമറിയം അമ്മയുടെ പ്രാർത്ഥനകളാൽ കർത്താവേ ഞങ്ങളുടെ നോമ്പും നമസ്കാരങ്ങളും ശുശ്രൂഷകളും നീ കൈക്കൊള്ളണമേ. അവളുടെ പ്രാർത്ഥനയാൽ കൊത്തനയിലെ കല്യാണത്തിന് അത്ഭുതകരമായി വീഞ്ഞിന്റെ കുറവിനെ നീ തീർത്തുകൊടുത്തതുപോലെ ഞങ്ങളുടെ നോമ്പിന്റെയും പ്രാർത്ഥനകളുടെയും ശുശ്രൂഷകളുടെയും കുറവുകൾ നീ തീർക്കുകയും ചെയ്യണമേ.

മൊറിയൊ...

ബോവൂസൊ

കർത്താവേ, നിന്റെ മാതാവിന്റെ മരണസമയത്തു മാലാഖമാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പൂർവ്വപിതാക്കന്മാരുടെയും സകല പരിശുദ്ധന്മാരുടെയും കൂട്ടത്തോടുകൂടി നീ എഴുന്നള്ളി അവളുടെ ആത്മാവിനെ ബഹുമാനത്തോടെ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൃപയോടെ ദർശിച്ചു കൈക്കൊള്ളണമേ. അപ്രകാരം തന്നെ അവളുടെ ശരീരം മാലാഖമാരുടെയും സകല പരിശുദ്ധന്മാരുടെയും എതിരേല്പാലും സംഗീതങ്ങളാലും ഘോഷത്താലും ആകാശത്തിലേക്കുയർത്തപ്പെട്ടതുപോലെ ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും സ്വർഗ്ഗത്തിൽ നിന്റെ സന്നിധിയിലേക്ക് ഉയർത്തപ്പെടുമാറാക്കണമെ. നിന്നിൽ നിന്നു ഞങ്ങളെ അകറ്റുവാൻ ഇടവിടാതെ ശ്രമിക്കുന്ന സാത്താനും സൈന്യങ്ങളും ലജ്ജിച്ച് ഓടുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

Morning Prayer

പ്രഭാത നമസ്കാരത്തിൽ “കർത്താവിനെ സ്തോത്രം ചെയ്യുന്നതും...” എന്ന പ്രാർത്ഥനയ്ക്കു മുമ്പായി

കോലോകൾ

ദൈവമേ ഈ നോമ്പിന്റെ അവസാനത്തിൽ നിത്യകന്യകയായ ദൈവമാതാവിന്റെ വാങ്ങിപ്പിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും ഓർമ്മ നിന്റെ ഇഷ്ടപ്രകാരം വെടിപ്പുള്ള നോമ്പോടും ആത്മശരീരങ്ങളുടെ വിശുദ്ധിയോടും കൂടി കഴിപ്പാൻ ഞങ്ങളെ യോഗ്യരാക്കിതീർക്കണമേ.

ബാറെക്മോർ. ശുബഹോ... മെനഓലം..

കരുണയുള്ള പിതാവേ, ഞങ്ങളുടെ നോമ്പും നമസ്കാരങ്ങളും കൈക്കൊള്ളപ്പെടുവാനും പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിപ്പാനും ദൈവത്തിന്റെ വലത്തുഭാഗത്ത് മശിഹാ ഇരിക്കുന്നിടത്തുള്ള ഉയരത്തിലെ കാര്യങ്ങൾ ചിന്തിപ്പാനും ഞങ്ങൾക്ക് നീ കൃപ ചെയ്യണമെ.

മൊറിയൊ...

ബോവൂസൊ

സർവ്വശക്തിയുള്ള ദൈവമേ, ഭൂമിസംബന്ധമായ കാര്യങ്ങളെയല്ല, മേലുള്ള സ്വർഗ്ഗീയ കാര്യങ്ങളെ വിചാരിപ്പാനും മർത്തമറിയത്തിന്റെ ഓർമ്മയിൽ മേലുള്ള സ്വർഗ്ഗീയഗണങ്ങളോടുകൂടെ നിനക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യമാക്കി തീർക്കണമേ. എല്ലാവന്റെയും പ്രവർത്തികൾ പരിശോധിക്കപ്പെട്ടു തക്കതായ പ്രതിഫലം കൊടുക്കപ്പെടുന്ന ഭയങ്കരനാളിൽ ഞങ്ങളുടെ നോമ്പും നമസ്കാരങ്ങളും ഞങ്ങൾക്ക് കുറ്റത്തിനും ശിക്ഷാവിധിക്കും ആയിത്തീരാതെ നിന്റെ കൃപകൾക്കും സഹായങ്ങൾക്കും പാപമോചനത്തിനും മാർഗ്ഗമായിത്തീരണമേ.

ആമ്മീൻ.

* * * * * *

കടപ്പാട്: പാമ്പാക്കുട നമസ്കാരക്രമം

ജ്യോതിസ് ആശ്രമം
അബു റോഡ്, രാജസ്ഥാൻ



നിഥിൻ കെ. ബിജുവിനെ പ. കാതോലിക്ക ബാവാ അഭിനന്ദിച്ചു

യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ (UPSC) സിവിൽ സർവീസ് എക്സാം യോഗ്യത നേടിയ കല്ലൂപ്പാറ സെന്റ് മേരീസ് പള്ളി ഇടവകാംഗം നിഥിൻ കെ. ബിജുവിനെ പ. കാതോലിക്ക ബാവാ ഫോണിൽ ബന്ധപ്പെട്ടു മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിനന്ദനം അറിയിച്ചു.

രാജ്യത്തിനും പൊതുസമൂഹത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ, കോഴ്സ് പൂർത്തിയാക്കി പ്രവത്തിക്കാൻ സാധിക്കട്ടെ എന്നും പ്രാർത്ഥനയോടെ എല്ലാം ഭാവുകങ്ങളും പ. പിതാവ് നേരുകയും ചെയ്തു. നിഥിന് എല്ലാ പ്രോൽസാഹനവും നൽകിയ അദ്ധ്യാപകരെയും രക്ഷിതാക്കളെയും ബാവാ പ്രത്യേകം അഭിനന്ദിച്ചു.

സഭാപിതാക്കന്മാർ

പരിശുദ്ധ സഹദേന്മാരുടെ ചരിത്രം

വിവർത്തനം:

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ

(1901-ൽ സുറിയാനിയിൽനിന്നു വിവർത്തനംചെയ്ത ഈ പുസ്തകം കോട്ടയം പഴയസെമിനാരിയിലെ മാർത്തോമ്മസ് അച്ചുകൂടത്തിലാണ് അച്ചടിച്ചത്. ആദ്യപതിപ്പ് 1000 കോപ്പി അടിച്ചു. ആറു ചക്രമായിരുന്നു വില. പഴയ മലയാളം ടൈപ്പിൽ 12 പോയിന്റിൽ അച്ചടിച്ച പുസ്തകത്തിനു 128 പേജുകൾ ഉണ്ടായിരുന്നു.)

സഹദാ ആയ മാർ അബ്ദെദ മ്ശിഹാ

മിശിഹാകാലം 390

യൌനായവർഷം 701-ാമാണ്ടിൽ പാറേസ് ദേശത്തിൽ മ്ഗുശേന്മാരുടെ മാർഗ്ഗം ഉയർന്നിരുന്നു. ശീഗർദേശത്തു യഹൂദന്മാർക്കു വളരെ ഐശ്വര്യവും ഉണ്ടായിരുന്നു. അവിടെ ഏറ്റവും ധനവാനും യഹൂദന്മാരുടെ തലവനുമായ ലേവി എന്നു പേരുള്ള ഒരു യഹൂദൻ ഉണ്ടായിരുന്നു. ഇവനു വളരെ ആടുമാടുകളും ഉണ്ടായിരുന്നു. തന്റെ ആടുമാടുകളെ, ഓരോ മക്കൾവശം അതിനെ മേയിക്കേണ്ടുന്നതിനായി ഏല്പിച്ചു. 11 വയസ്സു പ്രായമുള്ള ഇളയപുത്രന്റെ പേർ ആശേർ എന്നായിരുന്നു. ഇവനും തന്റെ പിതാവിന്റെ മാടുകളെ മേയിച്ചിരുന്നു. ഇടയന്മാരെല്ലാവരും ഞങ്ങളുടെ കന്നുകാലികളെ വെള്ളം കുടിപ്പിക്കുന്ന സ്ഥലത്തു ആശേറും തന്റെ മൃഗങ്ങളെ കുടിപ്പിച്ചുവന്നു. ക്രിസ്ത്യാനികളും മ്ഗുശേന്മാരുമായി ഇവന്റെ സമപ്രായക്കാരായ പല ഇടയക്കുഞ്ഞുങ്ങളും അവിടെ കൂടുക പതിവായിരുന്നു. മൃഗങ്ങൾ വെള്ളം കുടിക്കുമ്പോൾ ക്രിസ്ത്യാനികളും മ്ഗൂശേന്മാരും കൂടെ ഭക്ഷിക്കയും യഹൂദനാകയാൽ ആശേറിനെ അവരോടുകൂടെ ഭക്ഷിക്കുന്നതിനു സമ്മതിക്കാതിരിക്കയും ചെയ്തുവന്നു. അവനോടുകൂടെ ഭക്ഷിക്കുന്നതിനു മറ്റു യഹൂദക്കുട്ടികൾ ഇല്ലായ്കയാൽ ക്രിസ്ത്യാനികളോടുകൂടെ ഭക്ഷിക്കേണ്ടുന്നതിനു അവൻ ആഗ്രഹിച്ചു. ക്രിസ്ത്യാനി അല്ലായ്കയാൽ അവനോടുകൂടി ഭക്ഷിപ്പാൻ അവർക്കു മനസ്സില്ലാതിരുന്നതുകൊണ്ടു അവരിൽനിന്നു അവനെ അകറ്റിക്കളഞ്ഞു. ഈ കുട്ടികൾ എല്ലായ്പ്പോഴും മിശിഹാതമ്പുരാനെയും പരിശുദ്ധന്മാരെയും കുറിച്ചു തങ്ങളുടെ മാതാപിതാക്കന്മാരിൽനിന്നു കേട്ടിട്ടുള്ള ചരിത്രങ്ങളെ തമ്മിൽ തമ്മിൽ പറയുക പതിവായിരുന്നു.

ഒരു ദിവസം കുട്ടികൾ ഭക്ഷിപ്പാൻ തുടങ്ങുമ്പോൾ ആശേർ അടുത്തുചെന്നു 'എന്റെ സ്നേഹിതന്മാരെ! എനിക്കു നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ വളരെ ആഗ്രഹമുള്ളതുകൊണ്ടു എന്നെ വിരോധിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു' എന്നു പറഞ്ഞു.

കുട്ടികൾ: 'ഞങ്ങൾ യഹൂദന്മാരോടുകൂടെ ഭക്ഷിക്കുക പതിവില്ലാത്തതിനാൽ നീ മിശിഹാതമ്പുരാന്റെ നാമത്തിൽ മാമ്മോദീസാ മുഴുകി ക്രിസ്ത്യാനി ആയി തീരാമെങ്കിൽ ഞങ്ങളോടുകൂടെ ഭക്ഷിക്കാം' എന്നു പറഞ്ഞു.

ആശേർ: 'ഇതാ വെള്ളം, എനിക്കു മാമ്മോദീസാ മുഴുകുന്നതിനു എന്താകുന്നു വിരോധമുള്ളത്?' എന്നു ചോദിച്ചു.

കുട്ടികൾ: 'അങ്ങിനെയല്ല, പള്ളിയിൽവെച്ചു പട്ടക്കാർ മാമ്മോദീസാ മുക്കുവാൻ വേണ്ടിയിരിക്കുന്നു' എന്നു പറഞ്ഞു.

ആശേർ: 'പള്ളി വളരെ ദൂരെയാകുന്നുവല്ലോ. പട്ടക്കാരും സമീപമില്ലല്ലോ. എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും ഞാൻ ഭയപ്പെടുന്നു. നിങ്ങളോടുകൂടെയുള്ള ചേർച്ചയിൽനിന്നു ഞാൻ പിരിഞ്ഞു എന്റെ ഒരുക്കത്തെ നിഷ്ഫലമാക്കുന്നതു നന്നല്ല. നിങ്ങളുടെ ദൈവമായ മിശിഹാ സത്യമുള്ളവനും നിങ്ങൾ എന്നെ പഠിപ്പിച്ചപ്രകാരം ബലിയേക്കാൾ താഴ്മയുള്ള ഹൃദയത്തെ കൈക്കൊള്ളുന്നവനും ആകുന്നു. എങ്കിൽ എന്റെ വിചാരങ്ങളുടെ ബലിയെ താൻ കൈക്കൊള്ളുകയും എന്റെ ഹൃദയത്തിന്റെ ഒരുക്കത്തെ സൂക്ഷിക്കയും അത്യാവശ്യം നിമിത്തം ഭയംകൊണ്ടും അകലംകൊണ്ടും നിങ്ങൾ മുഖാന്തിരം മാമ്മോദീസാ എനിക്കു പൂർത്തിയാക്കുകയും ചെയ്യും' എന്നു പറഞ്ഞു.



കുട്ടികൾ അവന്റെ ധൈര്യത്തെയും വിശ്വാസത്തെയും കണ്ടിട്ടു എഴുന്നേറ്റു അവന്റെ വസ്ത്രം ഉരിഞ്ഞു വെള്ളത്തിലിറക്കി. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അബ്ദെദമ്ശിഹാ (മിശിഹായുടെ ദാസൻ) മാമ്മോദീസാ മുഴുകുന്നു' എന്നു ഏകശബ്ദത്തോടെ പറഞ്ഞു. പട്ടക്കാർ മാമ്മോദീസായിൽ ചൊല്ലുന്നതുപോലെ 'ഞങ്ങൾക്കുള്ള മിശിഹാതമ്പുരാനെ! ആചാ

ര്യന്മാരുടെ ദൈവമേ! ഈ വെള്ളത്തിൽ നിന്റെ ശക്തി കലർത്തി നിന്റെ ദാസനു പൂർണ്ണമാമ്മോദീസാ കൊടുക്കേണമേ' എന്നിപ്രകാരം ചൊല്ലി മുമ്പു കണ്ടുപഠിച്ചിട്ടുള്ളപ്രകാരം മൂന്നു പ്രാവശ്യം മുക്കി വെള്ളത്തിൽനിന്നു കരേറ്റി. അവരെല്ലാവരും അവനെ ചുംബിച്ചു മാമ്മോദീസായിൽ ചെയ്യുന്നതുപോലെ അവനെ എടുത്തു ആഘോഷിച്ചു. അവരിൽ നല്ല വസ്ത്രമുള്ളവർ അവനെ ധരിപ്പിച്ചു. എല്ലാവരും ഭക്ഷിപ്പാൻ ഇരുന്നു. വിരുന്നിൽ മണവാളനെ എന്നപോലെ അവനെ അവർ ബഹുമാനിച്ചു. പൈതങ്ങളുടെ നിർമ്മലവചനത്താൽ ദൈവശക്തി അവൻ പ്രാപിച്ചിരുന്നതുകൊണ്ടു അവന്റെ മുഖം ശോഭിച്ചു പ്രകാശിച്ചു. മ്ഗുശെന്മാരും ശേഷമുള്ള കൂട്ടവും പൈതങ്ങൾ മുഖാന്തിരം പൂർത്തിയാക്കപ്പെട്ടിട്ടുള്ള വ്യാപാരത്തിൽ ഏറ്റവും വിസ്മയിച്ചു. ധവളമായതും നിർമ്മലമായതുമായ ആ കൂട്ടത്തിൽനിന്നു പരിമളവാസന വീശിതുടങ്ങി. കണ്ട എല്ലാവരിലും ഭയമുണ്ടായി. ക്രിസ്ത്യാനികളുടെ രഹസ്യം വലിയതാകുന്നു എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. പൈതങ്ങൾ ആനന്ദത്തോടിരുന്ന അബ്ദെദമ്ശിഹായോടു ഇപ്രകാരം പറഞ്ഞു: 'നീ കൈക്കൊണ്ടിരിക്കുന്ന നൽവരത്തെപ്പറ്റി സൂക്ഷിച്ചുകൊൾക. അതിനെ കളിയായിട്ടോ ഹീനമായിട്ടോ വിചാരിക്കയും ഇന്നു മുതൽ യഹൂദന്മാരോടുകൂടെ നീ സംസർഗ്ഗം ചെയ്കയുമരുതു'. അബ്ദെദമ്ശിഹാ ആനന്ദത്തോടും മിശിഹായിലുള്ള പ്രശംസയോടുംകൂടെ അവർ ആഗ്രഹിച്ചതിലധികം അവരോടു വാഗ്ദത്തം ചെയ്തു. തന്റെ കാതിൽ രണ്ടു പൊൻകടുക്കൻ ഉണ്ടായിരുന്ന ഒരു കുട്ടി തന്റെ സഖികളോടു ഇപ്രകാരം പറഞ്ഞു: 'സഹോദരന്മാരെ! യഹൂദന്മാർ പുരുഷന്മാരുടെ കാതു കുത്തുക പതിവില്ലല്ലോ. എന്നാൽ നിങ്ങൾക്കു കൊള്ളാമെന്നു തോന്നുന്നു എങ്കിൽ ഇവൻ ക്രിസ്ത്യാനിമതത്തിൽ സ്ഥിരപ്പെടുവാനും യഹൂദമതത്തിൽനിന്നു ഇവന്റെ ശരണം കണ്ടിപ്പാനും സ്വാതന്ത്ര്യത്തോടെ ഇവൻ മിശിഹായിൽ ഏറ്റുപറവാനുമായി നാം ഇവന്റെ കാതു കുത്തി എന്റെ കാതിലുള്ള ഒരു കടുക്കൻ ഇവന്റെ കാതിൽ ഇടുക. അതു നമുക്കു ഒരു അച്ചാരമായിരിക്കയും ഇവൻ ദൈവത്തിൽ സ്ഥിരപ്പെടുകയും ചെയ്യും. അതിനാൽ ഇവൻ സത്യക്രിസ്ത്യാനി ആയി എന്നു നമുക്കു ഉറയ്ക്കുകയും ചെയ്യാം'. അപ്പോൾ അവന്റെ സഖികൾ എല്ലാവരും 'നീ പറഞ്ഞതു നന്നായി' എന്നു അവനോടു പറഞ്ഞിട്ടു അബ്ദെദമ്ശിഹായുടെ കാതുകുത്തി ഒരു പൊൻകടുക്കൻ ഇട്ടു. അവരെല്ലാവരും സന്തോഷിച്ചു ആനന്ദിച്ചുംകൊണ്ടു തങ്ങളുടെ ആട്ടിൻകൂട്ടങ്ങളിലേക്കു പോകയും ചെയ്തു. അബ്ദെദമ്ശിഹായുടെ മാതാപിതാക്കൾ അവനോടു എന്തു ചെയ്യുമെന്നു അറിവാനായി നോക്കിപ്പാർത്തിരുന്നു.

എന്നാൽ സന്ധ്യയായപ്പോൾ, അബ്ദെദ്മ്ശിഹാ തന്റെ ഭവനത്തിലേക്കു പോയി. അവന്റെ അമ്മ അവനെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: 'എന്റെ പുത്രനായ ആശേറെ! നിനക്കു സംഭവിച്ചതെന്ത്? നിന്റെ കാതിലുള്ളതും എന്ത്? നിന്നെ വഞ്ചിച്ചതാര്? നീ ഞങ്ങളുടെ മേൽ ഈ കുറ്റം വരുത്തിയതുമെന്തിന്? എന്നേക്കും തന്റെ യജമാനനോടുകൂടെ താമസിപ്പാൻ ആഗ്രഹിക്കുന്ന ദാസനല്ലാതെ ഇസ്രായേലിലെ യാതൊരു പുരുഷപ്രജയും തന്റെ കാതു തുളക്കരുതെന്നു ന്യായപ്രമാണത്തിൽ മോശ കല്പിച്ചിരിക്കുന്നതു നീ കേട്ടിട്ടില്ലയോ? നിന്റെ അപ്പൻ അറിഞ്ഞാൽ ന്യായപ്രമാണം നടത്തുന്നതിനു മുമ്പൻ അവൻതന്നെ ആയിരിക്കും. എന്റെ പുത്രാ! ഞാൻ എന്തു ചെയ്യേണ്ടൂ? ഞാനറിയുന്നില്ല'.

പരിശുദ്ധൻ: 'എന്റെ അമ്മേ! നീ ഇളകീട്ട് ആവശ്യമില്ല -എന്തെന്നാൽ ഞാൻ ഒരു ക്രിസ്ത്യാനിയും മിശിഹാതമ്പുരാനു എന്നേക്കും ദാസനുമാകുന്നു. ഞാൻ അവനെ സ്നേഹിച്ചിരിക്കകൊണ്ടു ഞാൻ അവനു അടിമയും അവൻ എനിക്കു ഉടയവനും ദൈവവുമാകുന്നു- മോശയുടെ ന്യായപ്രമാണം തങ്ങളുടെ യജമാനന്മാരെ സ്നേഹിക്കുന്ന ദാസന്മാരെ കുറ്റപ്പെടുത്തുന്നില്ല -തന്റെ യജമാനന്റെ ഭവനവാതുക്കൽവെച്ചു ആ ദാസന്റെ ചെവി കുത്തണമെന്നും അവൻ എന്നേക്കും ദാസനായിരിക്കണമെന്നുമത്രെ കല്പിച്ചിരിക്കുന്നതു- ഈ കല്പനപോലെ ഇന്നു എനിക്കു സംഭവിച്ചു- 'മാമ്മോദീസാ' എന്ന വാതുക്കൽവെച്ചു എന്റെ ചെവി തുളച്ചു എന്റെ കർത്താവിനോടുള്ള നിത്യഉടമ്പടിയെ സ്ഥിരപ്പെടത്തി' എന്നു പറഞ്ഞു.

അമ്മ: 'ഇത്ര പെട്ടെന്നു നി ക്രിസ്ത്യാനി ആയതു എങ്ങനെ? നിന്നെ മിശിഹായ്ക്കു ദാസനാക്കിയതു ആരു? നീ സംസാരിക്കുന്നതു നിന്നെ പഠിപ്പിച്ചതുമാരു?' എന്നു ചോദിച്ചു.

പരിശുദ്ധൻ: 'എന്നിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കയില്ലെന്നും ശത്രുക്കളോടു എന്തുത്തരം പറയേണ്ടു എന്നു നിങ്ങൾ വിചാരിക്കേണ്ട എന്നും തന്റെ ശിഷ്യന്മാരോടു കല്പിച്ചവൻ എന്നെ പഠിപ്പിച്ചു. ഇനിയും പഠിപ്പിക്കാമെന്നു വാഗ്ദത്തവും ചെയ്തിരിക്കുന്നു' എന്നു പറഞ്ഞു.

തന്റെ സഖികളായ പൈതങ്ങളിൽനിന്നു കേട്ടിട്ടുള്ള വചനങ്ങളെയും അവർ എങ്ങനെ അവനെ മാമ്മോദീസാ മുക്കി എന്നുള്ളതിനെയും ആ സമയം അവിശ്വാസം അവനിൽനിന്നു കടന്നുപോയി മിശിഹായുടെ പരിമളവാസന ധരിച്ചതിനെയും തന്റെ അമ്മയോടു അവൻ അറിയിച്ചു. അവൾ ജ്ഞാനത്തോടെ സകലവും കേട്ടു, അവന്റെ വായിൽനിന്നു പുറപ്പെട്ട കൃപയുടെ വചനങ്ങളെ വിചാരിച്ചു വിസ്മയിച്ചു. പരിശുദ്ധന്റെ മുഖത്തു വിളങ്ങിയിരുന്ന ശോഭയെപ്പറ്റിയും ശോഭയുള്ള അവന്റെ ശരീരത്തിൽനിന്നു പുറപ്പെട്ടിരുന്ന പരിമളവാസനയെപ്പറ്റിയും അവൾ അത്ഭുതപ്പെട്ടു. യഹൂദന്മാരെയുള്ള ഭയവും ശങ്കയും നിമിത്തം അവന്റെ പിതാവും അറിഞ്ഞാൽ കോപിച്ചു അവനെ കൊന്നുകളയുമെന്നു ഭയപ്പെട്ടിട്ടു, ഒരു മാസത്തോളവും അവനിൽനിന്നു ഇവനെ അവൾ മറച്ചു -എന്നാൽ പരിശുദ്ധൻ പതിവുപോലെ തന്റെ ആടുകളെ മേയിക്കയും പകൽ മുഴുവനും തന്റെ സഖികളോടുകൂടെ പെരുമാറുകയും ചെയ്തു. ദിവസേന സന്ധ്യയ്ക്കു തന്റെ മാതാവിന്റെ അടുക്കൽ വരികയും നേരം വെളുക്കുന്ന ഉടനെ പോകയും ചെയ്തുവന്നു- പിതാവു വീട്ടുജോലിയുടെ അധികത്വംകൊണ്ടു ഇവനെ കാണണമെന്നു ആഗ്രഹിക്കയോ ഇവനെപ്പറ്റി ചോദിക്കയോ ചെയ്തില്ല'.

ആ ക്രിസ്ത്യാനി പൈതങ്ങളുടെ മാതാപിതാക്കന്മാരിൽ ചിലർ, പർവ്വതത്തിലുള്ള പരിശുദ്ധ ഈഹീദായക്കാരുടെ ദയറാകളിൽ ഒന്നിൽ ബോബൂലാ സഹദായുടെയും അവനോടുകൂടെ കൊല്ലപ്പെട്ട മൂന്നു പൈതങ്ങളുടെയും പെരുന്നാൾ ദിവസം വന്നുകൂടിയപ്പോൾ, ആ സഹദേന്മാരുടെ ചരിത്രം കേട്ടു, കേട്ടവർ ദൈവമഹത്ത്വത്തിനും സഹദേന്മാരുടെ പുകഴ്ചയ്ക്കുമായി തങ്ങളുടെ ഭവനങ്ങളിൽ ആ ചരിത്രം പറഞ്ഞു. എന്നാൽ ഇടയക്കുട്ടികൾ തങ്ങളുടെ പിതാക്കന്മാരിൽനിന്നു കേട്ടവയെ ആടുകൾ വെള്ളം കുടിക്കുന്ന സ്ഥലത്തുവെച്ചു തമ്മിൽതമ്മിൽ പറഞ്ഞു. പരിശുദ്ധൻ അവയെ പഠിച്ചു വിശ്വാസത്തിൽ സ്ഥിരപ്പെടുകയും അവനിൽ മിശിഹായുടെ പ്രകാശം ഉദിക്കയുംചെയ്തു. അന്നു മുതൽ പരിശുദ്ധന്മാരുടെ ശ്രേഷ്ഠതയെക്കുറിച്ചുള്ള സ്നേഹത്തിൽ ജ്വലിച്ചു അവരെപ്പോലെ താനും സഹദേന്മാരുടെ കിരീടം കൈക്കൊൾവാൻ യോഗ്യനായിത്തീരണമെന്നു പ്രാർത്ഥിച്ചു.

ഒരു രാത്രിയിൽ പരിശുദ്ധൻ തന്റെ മാതാവിന്റെ മുറിയിൽ ഉറങ്ങുമ്പോൾ ഇപ്രകാരം ഒരു ദർശനം കണ്ടു: താൻ ഭൂമിക്കു കീഴെ ഒരു അന്ധകാരഭവനത്തിൽ ഇട്ടടയ്ക്കപ്പെട്ടിരുന്നു. ദോദാൻ അബീറാം മുതലായവരോടുകൂടെ അതിവേദനപ്പെട്ടുമിരുന്നു -തന്റെ സഖികളായ പൈതങ്ങളെയും മിശിഹായെപ്പറ്റിയുള്ള അവരുടെ വചനങ്ങളെയും തന്റെമേലുള്ള അവരുടെ ശരണത്തെയും ഓർത്തു പാതാളത്തിന്റെ അഗാധങ്ങളിൽ കിടന്നു സങ്കടത്തോടെ കരഞ്ഞു. ഇങ്ങനെ അവൻ അരിഷ്ടതയിൽ ഏറ്റവും വലയുമ്പോൾ മുഖശോഭയുള്ള ഒരു വാലിഭക്കാരൻ കുഴിയുടെ പിൻവശത്തു തട്ടി അതിനെ തുറന്നു തന്റെ കൈനീട്ടി അവനെ കരേറ്റി- തന്റെ ചുറ്റും നിന്നു സ്തുതി പാടുന്ന പൈതങ്ങളുടെ കൂട്ടത്തിൽ അവനെ നിർത്തി. അപ്പോൾ അവൻ ആശ്വസിച്ചു വിറച്ചുകൊണ്ടു 'എന്നോടു ഇങ്ങനെ താല്പര്യം കാണിച്ചു എന്നെ രക്ഷിക്കേണ്ടതിനു എന്റെ കർത്താവേ നീ ആരാകുന്നു?' എന്നു ചോദിച്ചു. 'ശരണത്തോടു നീ വിളിക്കുന്ന മിശിഹാ ഞാൻ തന്നെ ആകുന്നു. ഇപ്പോൾ നീ എന്നിൽ ശരണപ്പെട്ടുകൊൾക ഭയപ്പെടേണ്ടാ. കണ്ടാലും നിന്റെ ഭവനം പരിശുദ്ധ സഹദേന്മാരോടുകൂടെ ഒരുക്കപ്പെട്ടിരിക്കുന്നു. നിന്റെ കിരീടവും കാക്കപ്പെട്ടിരിക്കുന്നു. അല്പം കഴിഞ്ഞ ശേഷം ഞാൻ എന്റെ അടുക്കലേക്കു നിന്നെ എടുത്തുകൊള്ളും. നിന്റെ സഖികളായ പൈതങ്ങൾ മുഖാന്തിരം വെള്ളത്തിൽനിന്നു നീ എന്നെ ധരിച്ചതു മുതൽ നീ എന്റെ അവകാശത്തിൽ താമസിക്കണമെന്നു നിന്നെപ്പറ്റി ഞാൻ നിശ്ചയിച്ചു' എന്നു ആ വാലിഭക്കാരൻ ഉത്തരം പറഞ്ഞു. പരിശുദ്ധൻ വിസ്മയത്തോടെ വീണു അവനെ വന്ദിച്ചുംകൊണ്ടു ഇപ്രകാരം പറഞ്ഞു: 'എന്റെ കർത്താവും എന്റെ ദൈവവുമേ! ഈ അരിഷ്ടതയുടെ അന്ധകാരത്തിൽനിന്നു നീ എന്നെ രക്ഷിച്ചതിനാൽ ഞാൻ നിന്നെ വന്ദിക്കയും സ്തോത്രം ചെയ്കയും ചെയ്യുന്നു. ഇപ്പോഴും ആ കുഴിയിൽതന്നെ അടക്കപ്പെട്ടിരിക്കുന്നവരായി എന്നെപ്പോലെ അതിവേദനപ്പെട്ടിരിക്കുന്നവർ ആരാകുന്നു എന്നു എന്നോടു അരുളിചെയ്യേണമേ'. 'അവർ നിന്റെ ജനങ്ങളും നിന്റെ പിതാവിന്റെ വംശക്കാരുമാകുന്നു. അവർ എന്നിൽ അകൃത്യംചെയ്തു' എന്നു മിശിഹാതമ്പുരാൻ കല്പിച്ചു. 'എന്റെ കർത്താവേ! നിന്റെ താല്പര്യത്തെ എന്നിൽനിന്നു നീക്കിക്കളയരുതേ. നിന്റെ ഇഷ്ടം ചെയ്വാനും സത്യത്തിന്റെ പ്രസംഗി ആകുവാനുമായി എന്നെ സ്ഥിരപ്പെടുത്തേണമേ. നിന്റെ തിരുമുഖപ്രകാശത്തിൽ ആനന്ദിപ്പാൻ എന്നെ

യോഗ്യനാക്കേണമേ' എന്നു പരിശുദ്ധൻ പ്രാർത്ഥിച്ചു.

പരിശുദ്ധൻ ദർശനത്തിൽ ഇപ്രകാരം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, തന്റെ ശബ്ദം നിമിത്തം അമ്മ ഉണർന്നു. അവനെ ഉണർത്തി അവനോടു 'എന്റെ പുത്രാ! നിനക്കു എന്തു? നീ സംസാരിക്കുന്നതെന്താകുന്നു? നീ ഒരു സ്നേഹിതനോടു സംസാരിക്കുന്നതുപോലെ തോന്നുന്നുവല്ലോ' എന്നു പറഞ്ഞു. പരിശുദ്ധൻ വിറച്ചുംകൊണ്ടു 'ഞാൻ തന്നിൽ വിശ്വസിച്ചു മാമ്മോദീസാ മുഴുകുകയും കുഴിയിൽനിന്നു എന്നെ കരേറ്റുകയും പാതാളത്തിന്റെ അന്ധകാരഭവനങ്ങളിൽനിന്നു എന്നെ രക്ഷിക്കയും ചെയ്ത മിശിഹാതമ്പുരാനോടു ഞാൻ സംസാരിച്ചു' എന്നു പറഞ്ഞു. 'എന്റെ പുത്രാ! അവൻ എങ്ങിനെയിരിക്കുന്നു എന്നു അവന്റെ അമ്മ അവനോടു ചോദിച്ചു. പരിശുദ്ധൻ 'അവൻ കാഴ്ചയിൽ യോഗ്യതയുള്ളവനും മുഖം ഇടിവാൾപോലെ മിന്നുന്നവനും കുപ്പായം കീറിയവനും വിലാപ്പുറം കുത്തിത്തുളക്കപ്പെട്ടവനും കൈകാലുകൾ തുളയ്ക്കപ്പെട്ടവനുമായ ഒരു വാലിഭക്കാരനാകുന്നു. യഹൂദന്മാർ ഊർശ്ലേമിൽവെച്ചു കുരിശിൽ തൂക്കിയവൻ ഇവനാകുന്നു. അവൻ അവന്റെ തിരുമേനിയിൽ ആദാമിന്റെ സന്തതികളുടെ കടങ്ങളെ കൈക്കൊണ്ടു. ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു ഇവനാകുന്നു. സഹദേന്മാരുടെ പോരാട്ടത്തെ നിയമിക്കുന്നവനും യോദ്ധാക്കളെ കിരീടം ധരിപ്പിക്കുന്നവനും ഇവനാകുന്നു എന്ന് അവന്റെ കുപ്പായത്തിന്മേൽ എഴുതപ്പെട്ടിട്ടുണ്ടു. അവന്റെ ചുറ്റും എന്റെ സമപ്രായക്കാരായ പൈതങ്ങൾ നിന്നു കർത്താവേ! എന്നെ രക്ഷിക്കേണമേ, എന്നെ വീണ്ടുകൊള്ളേണമേ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉന്നതങ്ങളിൽ ഊശാന. ദാവീദിന്റെ പുത്രനു ഊശാനാ, എന്നു അട്ടഹസിച്ചു. ചിലർ ശോഭയുള്ള കിരീടങ്ങളാൽ പ്രകാശിച്ചിരുന്നു. ചിലർ തങ്ങളുടെ കൈകളിൽ കുരുത്തോല പിടിച്ചിരുന്നു. ചിലർ തങ്ങളുടെ കൈകളിൽ കഴുത്തുകളുടെ രക്തം പൊൻപാത്രങ്ങളിൽ കാഴ്ചയായി അവന്റെ മുമ്പാകെ ആഘോഷിച്ചു. അവർ സന്തോഷിച്ചു ആനന്ദിച്ചുംകൊണ്ടു 'തനിക്കായി നാം നോക്കിപ്പാർത്തിരുന്ന നമ്മുടെ ദൈവം ഇവനാകുന്നു, തന്റെ രക്ഷയിൽ നാം സന്തോഷിച്ചു ആനന്ദിക്കാം' എന്നു പറഞ്ഞു. എന്റെ അമ്മേ! അവരുടെ കൂട്ടത്തിൽ ആയിരിപ്പാനും അവരുടെ നിരകളിൽ സമ്മിശ്രപ്പെടുവാനും അവരുടെ രസമുള്ള ശബ്ദത്താൽ പുകഴ്ത്തുവാനും ഞാൻ വളരെ ആഗ്രഹിച്ചു. അനുവാദമുണ്ടായില്ല. ഞാൻ ഉണർന്നതിനെക്കാൾ ഉറക്കത്തിലെങ്കിലും ആ സ്നേഹിക്കപ്പെട്ട കൂട്ടത്തിൽ ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. ആ ദർശനം എത്ര കൗതുകമുള്ളതും ആനന്ദമുള്ളതുമാകുന്നു. അതിൽ ഒരു വിനാഴിക പോലും ഉപേക്ഷിക്കത്തക്കതല്ല. എന്റെ ആത്മാവു ആ കൂട്ടത്തിന്റെ പിന്നാലെ പോയിരിക്കുന്നു. ആ ദർശനത്തിലുള്ള ആഗ്രഹത്തിൽ എന്റെ ഹൃദയം അടിമപ്പെട്ടിരിക്കുന്നു. ഈ ലോകത്തെ അതിന്റെ സകല ഇമ്പങ്ങളോടുംകൂടെ ദീർഘമായി കാണുന്നതിനെക്കാൾ അവരോടുകൂടെ മരിക്കുന്നതു എത്ര നല്ലതു'.

അവന്റെ അമ്മ ഇതു കേട്ടിട്ട് അവളുടെ ഉള്ളിൽ കരഞ്ഞു. വളരെ വിസ്മയിച്ചു സംസാരിക്കപ്പെട്ട കാര്യങ്ങൾ അവളുടെ ഉള്ളിൽ സംഗ്രഹിച്ചു. അവന്റെ പിതാവും സഹോദരന്മാരും ഈ കാര്യം അറിയാതിരിപ്പാനായിട്ടു അവൾ സൂക്ഷിക്കയും ചെയ്തു.

അമ്മ: 'എന്റെ പുത്രാ! നീ ചഞ്ചലപ്പെടരുത്. സ്വപ്നങ്ങളിൽ അധികവും വ്യാജമായിരിക്കും. യൗസേപ്പു ഫറവോന്റെ സ്വപ്നത്തെയും ദാനിയേൽ ബാബേലിലെ രാജാവിന്റെ സ്വപ്നത്തെയും വ്യാഖ്യാനിച്ചപ്രകാരം സ്വപ്നം വ്യാഖ്യാനിപ്പാനും ആവശ്യമുണ്ട്' എന്നു പറഞ്ഞു.

പരിശുദ്ധൻ: 'അവരുടേതു സ്വപ്നങ്ങളായിരുന്നു. അതുകൊണ്ടു വ്യാഖ്യാനത്തിനും ആവശ്യപ്പെട്ടു. എന്നാൽ എന്റേതു വെളിപാടു – അതെ സ്പഷ്ടമായ ഒരു ദർശനമാണ്. അതു സത്യമുള്ളതും അതിന്റെ വ്യാഖ്യാനക്കാരൻ അതിന്റെ ഉടയവനുമാകുന്നു. ഇനിയും എന്റെ അമ്മേ! എന്റെ പ്രസംഗം ഞാൻ മുന്നമെ നിന്നിൽ ആരംഭിക്കട്ടെ. എന്നെ കേട്ടു ഞാൻ വിശ്വസിച്ചവനിൽ നീയും വിശ്വസിക്കണമേ. അവന്റെ സത്യത്തിനുവേണ്ടി ഞാൻ മരിക്കയും ചെയ്യും'. മരണത്തെപ്പറ്റി അവൾ കേട്ടപ്പോൾ വലിയവ്യസനത്തോടെ ശബ്ദം വെളിക്കു കേൾക്കാതെ കരഞ്ഞു കണ്ണുനീരും ധാരാളമായി ഒഴുകി. പരിശുദ്ധൻ അവളോടു 'നീ കരകയും വ്യസനിക്കയും വേണ്ട. യൌസെപ്പിന്റെ പഴതായിപ്പോയ അസ്ഥികൾ ജീവനോടിരുന്നു അവന്റെ ജനങ്ങൾക്കു കോട്ടയായിത്തീർന്നു. അബ്രഹാം, ഇസഹാക്കു, യാക്കോബ് എന്നിവർ ജീവനില്ലാത്തവരായിരുന്നു എങ്കിൽ ഞാൻ അവരുടെ ദൈവമാകുന്നു എന്നു ദൈവം മോശയോടു പറകയില്ലായിരുന്നു. ദൈവത്തിൽ ശരണപ്പെട്ടു മരിക്കുന്നവർ തനിക്കു ജീവനുള്ളവരാകുന്നു എന്നു ഉറച്ചുകൊൾക. മക്കൾ മാതാപിതാക്കന്മാർക്കു ചെയ്യേണ്ടുന്ന മുറയിൻപ്രകാരം ഞാൻ നിനക്കു കടപ്പെട്ടിരിക്കയാൽ നിന്നോടു ഞാൻ ആലോചന പറകയും അപേക്ഷിക്കയും ചെയ്യുന്നു. മിശിഹായിൽ വിശ്വസിച്ചു അവന്റെ നാമത്തിൽ ജ്ഞാനസ്നാനപ്പെടുക. അവനെ നിരസിച്ചിട്ടുള്ളവരുടെ അതിവേദനയിൽനിന്നു നീ രക്ഷിക്കപ്പെടും. അങ്ങനെ നിന്റെ പുത്രനാകുന്ന എന്റെ സന്തോഷം നിന്നിലും നിന്റെ സന്തോഷം എന്നിലും പൂർണ്ണമാകയും നിത്യലോകത്തിൽ നിന്നിൽ ഞാനും നീ എന്നിലും ആനന്ദിക്കയും നീ എനിക്കു അമ്മയും മാമ്മോദീസായിൽനിന്നുള്ള സഹോദരിയും ആയിത്തീരുകയും ചെയ്യും. എന്റെ അമ്മേ! ഞാൻ അറിയിച്ചിട്ടുള്ള ദർശനത്തെ ഓർക്കണമേ. നിസ്സാരമായി വിചാരിക്കയുമരുതേ' എന്നു പറഞ്ഞു.

അമ്മ: 'എന്റെ പുത്രാ! ഞാൻ കൈക്കൊൾകയും വിശ്വസിക്കയും ചെയ്യുന്നു. തക്കസമയത്തു ഞാൻ അതിനെ പ്രവൃത്തിക്കയും ചെയ്യാം. എന്റെ വാത്സല്യവാനെ! നിന്റെ അപ്പനും സഹോദരന്മാരും കേട്ടു എന്നെയും നിന്നെയും കൊല്ലാതിരിക്കേണ്ടുന്നതിനു തൽക്കാലം നമ്മുടെ വിചാരം അവരിൽനിന്നു മറഞ്ഞിരിക്കട്ടെ' എന്നു പറഞ്ഞു.

പരിശുദ്ധൻ: (വടിയും പൊക്കണവുമെടുത്തു) 'എന്റെ അമ്മേ! നീ സമാധാനത്തോടു വസിക്ക. എന്റെ ഉടയവനായ മിശിഹാതമ്പുരാന്നു നിന്നെ ഞാൻ ഭരമേല്പിക്കുന്നു. കണ്ടാലും എന്റെ സഖികളായ പൈതങ്ങളുടെ അടുക്കൽ ഞാൻ പോകുന്നു. എന്റെ അമ്മേ, എന്റെ പിന്നാലെ നീ താമസിക്കരുതെ' (ഇപ്രകാരം പറഞ്ഞതിനാൽ അവൻ അവന്റെ മരണത്തെയും അമ്മയുടെ മനസ്സുതിരിവിനെയും മുമ്പുകൂട്ടി അറിയിച്ചു).

പതിവുപോലെ അവൻ മാട്ടിൻകൂട്ടത്തെയുംകൊണ്ടു പോകുമ്പോൾ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു പോകുന്ന ഒരു എപ്പിസ്കോപ്പായെ അവൻ ദൂരെവെച്ചു കണ്ടു. ഓടിച്ചെന്നു അവന്റെ കാൽക്കൽ വീണു. 'എന്റെ പിതാവേ! എന്നെ വാഴ്ത്തി സ്ലീബായുടെ അടയാളത്താൽ എന്നെ മുദ്രകുത്തി എന്റെ മാമ്മോദീസാ പൂർത്തിയാക്കേണമേ' എന്നു അദ്ദേഹത്തോടു അപേക്ഷിച്ചു.

എപ്പിസ്കോപ്പാ: 'നീ എങ്ങനെ എന്നെ അറിഞ്ഞു? എന്നെ നിനക്കു വെളിപ്പെടുത്തിയതാര്? എന്റെ വേഷം സാധാരണ ആളുകളുടെതാണല്ലോ' എന്നു പറഞ്ഞു.

പരിശുദ്ധൻ: 'എന്നെപ്പറ്റി നിനക്കു വെളിപ്പെടുത്തുകയും എന്റെ അപേക്ഷയാൽ നീ പുറപ്പെട്ടുവരേണ്ടുന്നതിനു നിനക്കു വഴി കാണിച്ചു തരികയും ചെയ്തവൻ എനിക്കു നിന്നെയും വെളിപ്പെടുത്തി. അവന്റെ സത്യത്തിനുവേണ്ടി ഞാൻ മരിപ്പാനുമിരിക്കുന്നു'. അപ്പോൾ എപ്പിസ്കോപ്പാ വിസ്മയിച്ചുകൊണ്ടു ഞാൻ നിന്റെ അടുക്കൽ വന്നു നീ കൊല്ലപ്പെടുന്നതിനു മുമ്പേ നിന്നെ വാഴ്ത്തണമെന്നു എന്നോടു കല്പിക്കയാൽ അത്രെ ഞാൻ പുറപ്പെട്ടത് എന്നു പറഞ്ഞു.

അവൻ അവന്റെ തലമേൽ വലത്തുകൈ വെച്ചുകൊണ്ടു വിശുദ്ധറൂഹായുടെ നൽവരം അവനു കൊടുത്തു. ഇപ്രകാരം പറഞ്ഞു: 'വിശുദ്ധറൂഹായുടെ ശക്തിയാൽ നീ പോക. നിന്റെ ഉടയവൻ നിന്നിൽ ഇഷ്ടപ്പെടട്ടെ. മിശിഹായുടെ കഷ്ടതകളെ സഹിക്കേണ്ടുന്നതിനു നീ ഒരുങ്ങിക്കൊൾക. നിന്നെ മാമ്മോദീസാ മുക്കിയ പൈതങ്ങൾ വലുതായ പദവികൾക്കു ക്ഷണിക്കപ്പെടട്ടെ'. ഇങ്ങനെ അനുഗ്രഹിച്ചശേഷം വൃദ്ധനായ എപ്പിസ്കോപ്പാ പിരിഞ്ഞു അവന്റെ വഴിക്കുപോയി. പരിശുദ്ധൻ തന്റെ സഖികളായ പൈതങ്ങളുടെ അടുക്കൽ എത്തിയപ്പോൾ താൻ കണ്ട ദർശനത്തെപ്പറ്റിയും എപ്പിസ്കോപ്പായുടെ എതിരേല്പിനെയും അനുഗ്രഹത്തെയുംപറ്റിയും അവരോടു പറഞ്ഞു. അവർ ഏറ്റവും വിസ്മയിച്ചു തങ്ങളുടെ മാമ്മോദീസാ സ്ഥിരപ്പെട്ടു എന്നും അബ്ദെദ്മ്ശിഹാ ശക്തിയാലും താൻ കണ്ട ദർശനത്താലും രഹസ്യമാകുന്ന വിശുദ്ധറൂഹായുടെ നൽവരത്താലും സ്ഥിരപ്പെട്ടു എന്നും അറിഞ്ഞു.

എന്നാൽ ആ ദിവസം വെള്ളിയാഴ്ച ആയിരുന്നു. ആ ശാബത് യഹൂദന്മാരുടെ ഒരു വലിയ പെരുന്നാൾ ദിവസമായിരുന്നതിനാൽ ആ ദിവസം അവന്റെ അപ്പൻ ഒരു വലിയ വിരുന്ന് ഒരുക്കി. അന്ന് അവന്റെ സ്നേഹിതന്മാരെ ക്ഷണിക്കയും മക്കൾക്കു ആളയച്ചു ശാബത് ആരംഭിക്കുന്നതിനു മുമ്പു ആട്ടിൻകൂട്ടത്തിൽനിന്നു എല്ലാവരും വരണമെന്നു പറയിക്കയും ചെയ്തു. എന്നാൽ പരിശുദ്ധൻ വീട്ടിൽ വന്നപ്പോൾ അവൻ അവന്റെ അമ്മയുടെ മുറിയിലേക്കു പോയി. മുറിയിൽ എത്തുന്നതിനു മുമ്പായി വേലക്കാർ അവനെ പിടിച്ചു ഭക്ഷണമുറിയിലേക്കു പ്രവേശിപ്പിച്ചു. എന്നാൽ അവന്റെ പിതാവും അവനോടുകൂടെ ഭക്ഷ

ണത്തിനു ഇരുന്ന യഹൂദന്മാരും അവന്റെ കാതിലുള്ള കടുക്കൻ കണ്ടപ്പോൾ ഏറ്റവും ഭ്രമിച്ചു ഇളകി.

അപ്പൻ (ഏറ്റവും കോപിച്ചുകൊണ്ടു) 'ആശേറെ! നിന്നെ വഞ്ചിച്ചു നിന്നോടു ഇപ്രകാരം ചെയ്തതു ആര്? ഇതു സ്വാതന്ത്ര്യമില്ലാത്ത ദാസന്മാരുടെ വേഷമാണു എന്നു നീ അറിയുന്നില്ലയോ?' എന്നു ചോദിച്ചു. പരിശുദ്ധൻ 'വൃദ്ധാ നീ ഭയപ്പെടേണ്ട നീ പറഞ്ഞതെല്ലാം ഞാനും അറിയുന്നു. മിശിഹാതമ്പുരാനു എന്നുമെന്നേക്കും ദാസനായി എന്നെത്തന്നെ ഞാൻ എഴുതി. ഞാൻ ഒരു ക്രിസ്ത്യാനിയുമാകുന്നു എന്നു പറഞ്ഞു. (അപ്പൻ എത്രയും കോപിച്ചു അവന്റെ മുഖത്തടിച്ചു ക്ഷണിക്കപ്പെട്ടവരുടെ മദ്ധ്യേ അവനെ തള്ളിയിട്ടു ചവുട്ടി). ക്ഷണിക്കപ്പെട്ടവർ എഴുന്നേറ്റു തടുത്തു, ബുദ്ധിയില്ലാത്ത പൈതലാകകൊണ്ടു അവനോടു ക്ഷമിക്ക. പെരുന്നാൾ ദിവസമാകകൊണ്ടു അവനോടു വഴക്കായിരിക്കയും നമ്മുടെ വിരുന്നിനെ അലശലാക്കയും കലഹമുണ്ടാക്കയും ചെയ്യരുത് എന്നു പറഞ്ഞു. അവർ എല്ലാവരും ഭക്ഷിപ്പാൻ ഇരിക്കയും ചെയ്തു. അവർ തങ്ങളുടെ വാക്കുകളാൽ അവനെ വശീകരിക്കാമെന്നു കരുതി തങ്ങളോടുകൂടെ ഭക്ഷിക്കേണ്ടുന്നതിനായി അവനെ വിളിച്ചു. അപ്പോൾ പരിശുദ്ധൻ 'നിങ്ങൾ മറന്നുപോകരുത്. ഞാൻ ഒരു ക്രിസ്ത്യാനി ആകുന്നു. ക്രിസ്ത്യാനി യഹൂദന്മാരോടുകൂടെ ഭക്ഷിക്കുന്നതു ന്യായമല്ല' എന്നു പറഞ്ഞു. അവന്റെ വചനം നിമിത്തം അവന്റെ അപ്പൻ ലജ്ജിച്ചു അവനെ അടിപ്പാനായി എഴുന്നേറ്റു. ക്ഷണിക്കപ്പെട്ടവർ അവനെ തടുത്തു പരിശുദ്ധനോടു വീണ്ടും ഇപ്രകാരം പറഞ്ഞു: 'ഞങ്ങളുടെ കുഞ്ഞേ! നീ വന്നു ഞങ്ങളോടുകൂടെ ഭക്ഷിക്കയും നിന്റെ അപ്പന്റെ കോപത്തെ ശമിപ്പിക്കയും ചെയ്ക. നീ ചെയ്ത കല്പനലംഘനത്തെ നിന്റെ അറിവില്ലായ്മ നിമിത്തവും പെരുന്നാളിന്റെയും വിരുന്നിന്റെയും ബഹുമാനം നിമിത്തവും നിന്നോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു. ഇപ്പോൾ നീ അനുസരിച്ചു ഭക്ഷിക്കമാത്രം ചെയ്ക. പരിശുദ്ധൻ 'സംഭവിച്ച കാര്യങ്ങളെ നിങ്ങൾ അറിഞ്ഞിരുന്നു എന്നു വരികിൽ നിങ്ങളോടുകൂടെ ഭക്ഷിക്കേണ്ടതിനു എന്നെ നിങ്ങൾ നിർബ്ബന്ധിക്കയില്ലായിരുന്നു. എന്തെന്നാൽ ഇതുവരെയും ന്യായപ്രമാണനിയമതാവായ മോശയുടെ മുഖത്തു മൂടുപടം ഇടപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞു.

ഇവയെ അവർ കേട്ടപ്പോൾ അവന്റെ ഉപമകളിലും വചനങ്ങളുടെ ധൈര്യത്തിലും വിസ്മയിച്ചു അത്ഭുതപ്പെട്ടു ഇപ്രകാരം തമ്മിൽ തമ്മിൽ പറഞ്ഞു. പക്ഷേ, അവൻ വല്ല ദർശനവും കണ്ടിരിക്കും. ഇതു ഒരു ഭ്രാന്തന്റെ വചനങ്ങൾ അല്ല. ദൈവത്തിങ്കൽ ഇതു പ്രയാസമുള്ള കാര്യവും അല്ലല്ലോ. മോശ, യോശുവാ, ഗിദയോൻ, ശമുവേൽ, ദാവീദു, ദാനിയേൽ, ഹനനിയായിടത്തുള്ള പൈതങ്ങൾ മുതലായ ദീർഘദർശിമാർ പൈതങ്ങളായിരുന്നപ്പോൾ അവരുടെ അടുക്കൽ പല അത്ഭുതകാര്യങ്ങളും ഉണ്ടായിട്ടുണ്ട്. നമ്മുടെ ജാതിയിൽ അത്ഭുതത്തിന്റെ ഒരു വിളക്കു പുറപ്പെടുന്നതു അതിശയവുമല്ല, എന്തെന്നാൽ നമ്മുടെ വംശം ഇസ്രായേലിൽ കുറഞ്ഞതല്ല. ദൈവത്തിന്റെ ന്യായപ്രമാണം നമ്മുടെ പ്രശംസയും ആകുന്നുവല്ലോ. ഇങ്ങനെ അവർ പറയുമ്പോൾ അവന്റെ അപ്പൻ മൗനമായിരുന്നു. അപ്പോൾ അവർ പരിശുദ്ധനോടു ഞങ്ങളുടെ വാത്സല്യമുള്ളവനെ! ഞങ്ങൾ അറിഞ്ഞു പഠിക്കേണ്ടുന്നതിനു ഞങ്ങളോടു അറിയിക്കാ എന്നു പറഞ്ഞു.

പരിശുദ്ധൻ: 'ഊർശ്ലേമിൽവെച്ചു നിങ്ങളുടെ പിതാക്കന്മാർ കൊന്നിട്ടുള്ളവൻ യോഹന്നാൻ യൂർദ്ദാനിൽവെച്ചു പ്രസംഗിച്ചിട്ടുള്ള ദൈവത്തിന്റെ കുഞ്ഞാടാകുന്നു എന്നു ഞാൻ കണ്ടു. അവന്റെ നാമത്തിൽ ഞാൻ മാമ്മോദീസാ മുഴുകി, അവന്റെ സത്യത്തിനുവേണ്ടി മരിപ്പാൻ ഞാൻ ഒരുങ്ങിയുമിരിക്കുന്നു. നിങ്ങളും അവന്റെ മാമ്മോദീസായാൽ നീതീകരിക്കപ്പെടുന്നില്ലെങ്കിൽ നിങ്ങളുടെ പിതാക്കന്മാർ ചിന്തിയിട്ടുള്ള കുറ്റമില്ലാത്ത രക്തം നിങ്ങളോടു ചോദിക്കപ്പെടും. പുറജാതികൾ അവനിൽ ഏറ്റുപറകകൊണ്ടു ആ രക്തത്താൽ രക്ഷിക്കപ്പെടുകയും അവനെ കുരിശിൽ തറച്ചവർ നശിച്ചുപോകയും ചെയ്തിരിക്കുന്നു. കണ്ടാലും ഞാൻ നിങ്ങളോടു പ്രസംഗിച്ചിരിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ വിരിക്കപ്പെട്ടിരിക്കുന്ന മൂടുപടത്തെ നീക്കി വിശ്വസിച്ചു മാമ്മോദീസാ മുഴുകി നീതീകരിക്കപ്പെട്ടുകൊൾവിൻ'.

ഈ വചനം കേട്ടു അവർ എല്ലാവരും ക്രോധംകൊണ്ടു നിറഞ്ഞു. അവന്റെ പിതാവു അവനെ കൊല്ലേണ്ടുന്നതിനായി വാൾ മൂർച്ചകൂട്ടി. ഉണ്ടായ ആരവത്തെ ദാസന്മാർ കണ്ടപ്പോൾ പൈതൽ ഓടി പോകേണ്ടുന്നതിനു അവനെ വിട്ടു. എന്തെന്നാൽ അവനെ കൊല്ലുവാൻ അവൻ അന്വേഷിക്കുന്നു എന്നു അവർ അറിഞ്ഞു. അവന്റെ അപ്പനായ ലേവി കഠിനഹൃദയത്തോടെ അവരുടെ മുമ്പിലുള്ള മേശയിൽനിന്നു കത്തി എടുത്തു വലിയ കോപത്തോടെ പൈതലിന്റെ പിന്നാലെ ഓടി. അബ്ദെദമ്ശിഹാ താൻ മാമ്മോദീസാ മുഴുകിയിട്ടുള്ള ഉറവയിങ്കൽ എത്തേണ്ടുന്നതിനു വെളിമ്പറമ്പിൽകൂടെ ഓടി. അവർ ഓടുമ്പോൾ അസ്തമനസമയമായി ശാബത് ആരംഭിച്ചുമിരുന്നു. സൂര്യൻ അസ്തമിപ്പാൻ തുടങ്ങിയപ്പോൾ അവൻ തിരിഞ്ഞു തന്റെ പിതാവിനോടു 'നീ യഹൂദനാകുന്നെങ്കിൽ ശാബതിനെ ആചരിക്ക. നീ മോശയുടെ ശിഷ്യനാകുന്നെങ്കിൽ നിന്റെ ഓട്ടം നിർത്തി വാൾ ഉറയിൽ ഇടുക. ന്യായപ്രമാണലംഘനത്താൽ നിന്നെത്തന്നെ നീ കുറ്റക്കാരനാക്കരുതു. എന്നെപ്പോലെ നീ മിശിഹായ്ക്കുള്ളവനാകുന്നെങ്കിൽ തന്റെ ദാസന്റെ രക്തത്താൽ നിന്റെ കൈ നീ അശുദ്ധപ്പെടുത്തുകയും അരുതു. മിശിഹായുടെ നിമിത്തം എന്നെ കൊല്ലരുതെന്നു ഞാൻ അപേക്ഷിക്കയില്ല. എന്നാലോ നീ കുറ്റക്കാരനും നശിച്ചവനും ആയിതീരാതിരിപ്പാനായിട്ടു പറയുക അത്രേ' എന്നു പറഞ്ഞു. അവന്റെ അപ്പൻ ഇതു കേട്ടപ്പോൾ എത്രയും കോപിച്ചു സിംഹത്തെപ്പോലെ പല്ലുകടിച്ചു രക്തത്തിനായി ദാഹിച്ചിരിക്കുന്ന ചെന്നായെപ്പോലെ മുറുമ്മി അവനെ വളരെ ചീത്തപറഞ്ഞു.

എന്നാൽ പരിശുദ്ധൻ ഉറവയിങ്കൽ ചെന്നു പ്രാർത്ഥിപ്പാനായിട്ടു മുട്ടുകുത്തികരഞ്ഞുകൊണ്ടു ഇപ്രകാരം പറഞ്ഞു: 'വെള്ളത്തിൽനിന്നു എന്നെ വീശിയെടുത്തവനായ മിശിഹാതമ്പുരാനേ! മാമ്മോദീസാ മുഴുകിയവരുടെ കൂട്ടത്തിൽ എന്നെ എണ്ണേണമേ. നിന്റെ സഹദേന്മാരുടെ അടുക്കൽ ഞാൻ പ്രവേശിച്ചു നിന്റെ ഭടന്മാരുടെ കൂട്ടത്തിൽ ഞാൻ കലർത്തപ്പെടേണ്ടുന്നതിനു ഈ ഉറവയിങ്കൽതന്നെ എനിക്കു വാതിലിനെ തുറക്കേണമേ. കണ്ടാലും വെടിപ്പുള്ള കാഴ്ചയായി എന്റെ രക്തത്തെ നിനക്കു ഞാൻ അണയ്ക്കുന്നു. പരിമളവാസനയ്ക്കും നിന്റെ സ്നേഹിതന്മാരുടെ അനുകൂലത്തിനുമായി എന്നെ നീ കൈക്കൊള്ളേണമേ. തങ്ങളുടെ ഊശാനകളാൽ നിന്നെ മഹത്ത്വപ്പെടുത്തുന്നവരായി നീ എന്നെ കാണിച്ചിട്ടുള്ള ശ്രേഷ്ഠന്മാരായ എന്റെ സഖികളുടെ കൂട്ടങ്ങളോടുകൂടെ നിന്നെ മഹത്ത്വപ്പെടുത്തി ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കു ഞാൻ വന്നു. എന്റെ പൈതൽ പ്രായത്തിൽ സന്തോഷിപ്പിക്കുന്ന ദൈവത്തിലേക്കുതന്നെ ഞാൻ വന്നിരിക്കുന്നു. എന്റെ ദൈവമായ ദൈവമേ! എന്റെ കിന്നരത്താൽ നിന്നെ ഞാൻ സ്തോത്രം ചെയ്യുമെന്നു പറവാനായിട്ടു എന്നെ യോഗ്യനാക്കേണമേ. ഈ കുലപാതകനായ അപ്പനോടു ഈ പാപം നീ ഓർക്കരുതെ. എന്നെ പ്രസവിക്കയും തന്റെ മുട്ടുകളിന്മേൽ എന്നെ വളർത്തുകയും ചെയ്ത എന്റെ അമ്മയെ സത്യത്തിന്റെ പുതിയ മാതാവായിരിക്കുന്ന മാമ്മോദീസായാൽ എന്റെ സഹോദരി ആക്കിത്തീർക്കേണമേ. നിന്നെ ഭയപ്പെടുന്നവർക്കു ഒരുക്കപ്പെട്ടിരിക്കുന്ന പ്രതിഫലങ്ങളിൽ അവളെ നീ സംബന്ധപ്പെടുത്തേണമേ. എന്റെ കർത്താവേ! നിന്റെ തിരുനാമം നിമിത്തം എന്റെ നാമത്തെ വിളിക്കയും നിന്റെ തിരുനാമത്തിൽ എന്റെ ഓർമ്മ കഴിക്കയും ചെയ്യുന്നവർക്കു നീ സഹായിക്കേണമേ. അവരുടെ യാചനകളെ നല്കി ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയെ അവർക്കു നീ കൊടുക്കേണമേ. അവരുടെ വാസസ്ഥലങ്ങളിൽ വാഴ്വ് വസിപ്പിക്കയും ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും അവരെ വീണ്ടുകൊൾകയും അവരുടെ ആത്മാക്കളെ നീതീകരിക്കയും ചെയ്യേണമേ. നീ എന്നെ നിന്റെ ദാസനാക്കിത്തീർക്കയും അഗാധമുള്ള കുഴിയിൽനിന്നും എന്നെ കരേറ്റുകയും നിന്റെ സത്യത്തെ എന്നിൽ വെളിപ്പെടുത്തുകയും എന്നെ നിന്റെ പ്രസംഗക്കാരനാക്കിത്തീർക്കയും ചെയ്തതിനായി എന്റെ രക്തത്തെയും എന്റെ വിചാരങ്ങളുടെ ബലിയെയും നിനക്കു ഞാൻ കാഴ്ച വെയ്ക്കുന്നു. എന്തെന്നാൽ എന്റെ അശുദ്ധതയിൽ നിനക്കു നാറ്റം തോന്നുകയോ എന്റെ ഹീനത്വത്തിൽ നിനക്കു വെറുപ്പു തോന്നുകയോ ചെയ്തില്ല. കണ്ടാലും കുലയ്ക്കു കുഞ്ഞാടെന്നപോലെ നിന്റെ നിമിത്തം എന്റെ കഴുത്തിനെ ഞാൻ കൊടുത്തിരിക്കുന്നു. ആകയാൽ ഞാൻ എന്റെ സഹോദരന്മാർക്കു അന്യനും എന്റെ മാതാവിന്റെ മക്കൾക്കു പരദേശിയും ആയിത്തീർന്നിരിക്കുന്നു. എന്റെ സഖികളും സ്നേഹിതന്മാരുമേ നിങ്ങൾ എവിടെ? നിങ്ങളുടെ പ്രസംഗത്തിനു വേണ്ടിയുള്ള എന്റെ പോരാട്ടത്തെ വന്നു കാണ്മീൻ. നിങ്ങളുടെ ഉപദേശത്തിന്റെ ഫലത്തെ വന്നുകണ്ടു ആനന്ദിക്കയും ചെയ്വീൻ. നിങ്ങൾ എനിക്കു കാണിച്ചു തന്നിട്ടുള്ള മാർഗ്ഗത്തെ പ്രവൃത്തിയാൽ ഞാൻ പൂർത്തിയാക്കുന്നു. നിങ്ങൾ വന്നു എന്നോടുകൂടെ എന്റെ മണവറയിൽ തോഴന്മാരായിരിപ്പീൻ. എനിക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രക്തവിരുന്നിൽ എന്നോടുകൂടെ ആനന്ദിപ്പിൻ. എന്റെ മണവാളത്വത്തിന്റെ ദിവസത്തെ നിങ്ങളിൽനിന്നു മറച്ചതു ആരു? ഇതു സ്നേഹിതന്മാർ പരിശോധിക്കപ്പെടുന്ന കാലവും വാത്സല്യമുള്ളവർ ക്ഷണിക്കപ്പെടുന്ന ദിവസവും ആകുന്നു. എനിക്കുണ്ടായിട്ടുള്ള അപകടം നിങ്ങളെ ആരറിയിക്കും? എന്റെ ശ്രേഷ്ഠതകളിൽ എന്നോടുകൂടെ നിങ്ങളും സംബന്ധപ്പെട്ടെങ്കിൽ എത്ര നന്നായിരുന്നു. എന്റെ സഖികളെ! സമാധാനത്തോടെ വസിപ്പിൻ. സ്വർഗ്ഗീയമ

ണവാളന്റെ മേശയിൽ നിങ്ങളെ കാണ്മാൻ ഞാൻ യോഗ്യനാകേണ്ടുന്നതിനു എനിക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്‌വീൻ. എന്നെ പ്രസവിച്ച മാതാവും എന്നെ ചുമന്ന വയറുമേ സമാധാനത്തോടെ വസിക്ക. എന്നെ വളർത്തിയ മുട്ടുകളും എന്നെ കുടിപ്പിച്ച മുലകളുമെ സമാധാനത്തോടെ വസിക്ക. എന്റെ മാതാവിന്റെ മക്കളായ എന്റെ സഹോദരന്മാരെ! സമാധാനത്തോടെ വസിപ്പിൻ. മാമ്മോദീസായുടെ ഗർഭപാത്രത്തിൽനിന്നും കൂടെ നിങ്ങൾ എനിക്കു സഹോദരന്മാരായി എങ്കിൽ കൊള്ളായിരുന്നു'.

ഇപ്രകാരം ദൈവസന്നിധിയിൽ അവൻ കരഞ്ഞുകൊണ്ടു മഹാസങ്കടത്തോടെ പ്രാർത്ഥിക്കുമ്പോൾ, ഇരയ്ക്കായി ദാഹിച്ചിരിക്കുന്ന സിംഹത്തെപ്പോലെ അവന്റെ അപ്പൻ വന്നു അവൻ ഇരുന്നിരുന്ന കല്ലിന്മേൽ അവന്റെ തല ചായിച്ചു അവന്റെ കൈയിലുള്ള കത്തികൊണ്ടു കുഞ്ഞാടിനെപ്പോലെ അവനെ അറുത്തു, അവനിൽനിന്നു രക്തം ഒഴുകി. അവന്റെ ദേഹം രക്തത്തിൽ പുരണ്ടുകിടക്കുമ്പോൾ അവൻ നിലവിളിച്ചു. 'എന്റെ കർത്താവായ മിശിഹാതമ്പുരാനേ! എന്റെ ആത്മാവിനെ നിന്റെ കൈകളിൽ ഞാൻ ഭരമേല്പിക്കുന്നു' എന്നു പറഞ്ഞു. എന്നാൽ അവന്റെ അപ്പൻ അവന്റെ വീട്ടിലേക്കു തിരിച്ചുപോയി. മുമ്പെ തന്നെ രാത്രിയും ആയിരുന്നു. അവന്റെ സഹോദരന്മാരും ക്ഷണിക്കപ്പെട്ടവരും ശാബത് ആരംഭിക്കുന്നതിനു മുമ്പെ തിരിച്ചുവന്നു. ലേവി ആശേറിന്റെ കുലയെക്കുറിച്ചു അവരോടു അറിയിക്കയും അവന്റെ രക്തത്താൽ അശുദ്ധമായ കത്തി അവരെ കാണിക്കയും ചെയ്തപ്പോൾ അവർ എല്ലാവരും ഉച്ചത്തിൽ കരഞ്ഞുപ്രലപിച്ചു. എന്നാൽ അവന്റെ അമ്മ ഏറ്റവും അധികമായും പറവാൻ പാടില്ലാത്തവിധത്തിലും ദുഃഖിച്ചു. അബ്ദെദമ്ശിഹാ അവളോടു പറഞ്ഞിട്ടുള്ള വചനങ്ങളാൽ അവളെത്തന്നെ അവൾ ധൈര്യപ്പെടുത്തി. മാമ്മോദീസാ മുഴുകി മിശിഹായിൽ വിശ്വസിപ്പാനായിട്ടു അവൾ അവസരം അന്വേഷിച്ചിരുന്നു. എന്തെന്നാൽ ആ പരിശുദ്ധന്റെ വിശ്വാസത്തിൽ വിശ്വസിച്ചാൽ നിത്യജീവനിൽ അവളുടെ വാത്സല്യപുത്രനെ അവൾക്കു കാണാമെന്നു അവൾ വിശ്വസിച്ചു. അപ്രകാരംതന്നെ അവൾ സഹദായുടെ അസ്ഥികൾ വെക്കേണ്ടുന്നതിനു പിന്നീടു പണികഴിപ്പിച്ച പള്ളിയിൽ വന്നു അവളുടെ വാത്സല്യപുത്രന്റെ കബറുങ്കൽവെച്ചു രഹസ്യമായി മാമ്മോദീസാ മുഴുകുകയും ചെയ്തു.

പിറ്റെദിവസം ശാബത്ദിവസത്തിൽ മയ്യലിൽ ഇടയപ്പൈതങ്ങൾ തങ്ങളുടെ ആട്ടിൻകൂട്ടങ്ങളെ വെള്ളം കുടിപ്പിക്കേണ്ടുന്നതിനു പതിവുപോലെ വന്നു. കുഞ്ഞാടുപോലെ അറുക്കപ്പെട്ടു രക്തത്തിൽ മുഴുകികിടക്കുന്ന അബ്ദെദമ്ശിഹായുടെ ശവം അവർ കണ്ടു. അവർ തങ്ങളുടെ നെഞ്ചത്തടിച്ചു വലിയ ദുഃഖത്തോടെ കരഞ്ഞുവിലപിച്ചു. തങ്ങളുടെ വസ്ത്രം കീറി ഇപ്രകാരം പറഞ്ഞു: 'മ്ശിഹായുടെ വെടിപ്പുള്ളതും കറകൂടാത്തതുമായ കുഞ്ഞാടേ! നിന്റെ ഭംഗിയിൽ അസൂയപ്പെട്ടവൻ ആരാകുന്നു? നിന്റെ സൗന്ദര്യത്തെ നശിപ്പിച്ചതു ആരാകുന്നു? നീതിയുള്ള നിന്റെ രക്തത്താൽ തന്റെ കൈ അശുദ്ധിപ്പെടുത്തിയവനും ആരാകുന്നു? ഞങ്ങളുടെ സ്നേഹിതനും വാത്സല്യമുള്ളവനുമായ സഹോദരാ! നിന്നോടുള്ള കാഴ്ചയിൽനിന്നു ഞങ്ങളെ മുടക്കിയവനും ആരാകുന്നു? ഞങ്ങളുടെ പ്രസംഗത്തിന്റെ ശിശുവേ! ഞങ്ങളുടെ ഉപദേശത്തിന്റെ ആഗ്രഹിക്കത്തക്ക ഫലമേ! ബലഹീനതയുള്ള ഞങ്ങളുടെ കൈകളാൽ മിശിഹാതമ്പുരാനു അണയ്ക്കപ്പെട്ടതായ വാഴ്ത്തപ്പെട്ട കാഴ്ചയേ! നിന്റെ മരണത്താൽ നിന്റെ ഉടയവനെ നീ നിരപ്പാക്കിയോ എന്നു ആരു ഞങ്ങളെ അറിയിക്കും. നീ ഞങ്ങളെ അറിയിച്ചപ്രകാരം അരിഷ്ടതയുടെ കുഴിയിൽനിന്നു നിന്നെ കരേറ്റിയവൻ അവിടെ ഞങ്ങൾക്കു പകരം നിനക്കും സഹോദരനും ഞങ്ങളെ ആശ്വസിപ്പിക്കുന്നവനുമായിരിക്കട്ടെ. ഇപ്പോൾ ഇമ്പമേറിയ നിന്റെ വചനങ്ങളുടെ കേൾവിയിൽനിന്നു ഞങ്ങൾ വിരോധിക്കപ്പെട്ടിരിക്കുന്നു. മിശിഹായുടെ ദാസനും ബദ്ധപ്പെട്ട സഹദായുമേ! വലുതായ നിന്റെ മണവറയിൽ നിന്നെയുള്ള കാഴ്ചയ്ക്കു ഞങ്ങൾ യോഗ്യന്മാരാകുവാനും നീ കലർത്തപ്പെട്ടിരിക്കുന്ന പരിശുദ്ധ സഹദേന്മാരുടെ നിരകളിൽ നിന്നോടുകൂടെ ഞങ്ങളെയും ക്രമപ്പെടുത്തുവാനും മുഖപ്രസാദത്തോടെ മിശിഹാതമ്പുരാനെ നീ എതിരേല്ക്കുമ്പോൾ നിന്നോടുകൂടെ ഞങ്ങളും ആനന്ദിപ്പാനുമായി ഇപ്പോൾ നിന്റെ യജമാനനു നീ അധികമായി അടുത്തിരിക്കയാൽ ഞങ്ങൾക്കുവേണ്ടി അവനോടു അപേക്ഷിക്കാ'.

ഇങ്ങനെ അവർ വിലപിച്ചുകൊണ്ടു തങ്ങളുടെ കൈയിൽ ഉണ്ടായിരുന്ന വടികൾകൊണ്ടു ഒരു കുഴിയുണ്ടാക്കി തങ്ങളുടെ പുറങ്കുപ്പായത്തിൽ പരിശുദ്ധന്റെ ശരീരം പൊതിഞ്ഞു രക്തം പുരണ്ടിട്ടുള്ള മണ്ണോടുകൂടെ അതിൽ അടക്കം ചെയ്തു. അവർ അതിവേദനയോടെ കരഞ്ഞു തങ്ങളുടെ കൈകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി ഇപ്രകാരം പ്രാർത്ഥിച്ചു: 'മിശിഹാതമ്പുരാനേ! നിന്നെ വിളിപ്പാനായിട്ടു വീണ്ടും ഞങ്ങളെ ധൈര്യപ്പെടുത്തേണമേ. നിന്റെ തിരുനാമത്തിൽ മാമ്മോദീസാ മുഴുകിയിരിക്കുന്നവർക്കു യോഗ്യമായ സകല ശുശ്രൂഷകളും ഈ നിന്റെ ദാസന്റെ ശരീരത്തിന്മേൽ ഉണ്ടാകുമാറാകണമെ. ഇവന്റെ വിചാരത്തിന്റെ ഒരുക്കത്താൽ ഇവന്റെ ആത്മാവിനെ നീ കൈക്കൊള്ളേണമേ. ഇപ്രകാരം അവർ പ്രാർത്ഥിച്ചതിന്റെശേഷം ഏതിന്മേൽ പരിശുദ്ധൻ കൊല്ലപ്പെട്ടുവോ ആ കല്ല് ദുഷ്ടമൃഗങ്ങൾ അവന്റെ ശരീരം വലിച്ചുകൊണ്ടുപോകാതിരിപ്പാനായിട്ടു കബറിന്റെ വാതുക്കൽവെച്ചു ദുഃഖത്തോടും വ്യസനത്തോടും കൂടെ സന്ധ്യാസമയമാകകൊണ്ടു തങ്ങളുടെ ഭവനങ്ങളിലേക്കു അവർ പോയി. കുലക്കുറ്റം തങ്ങളുടെ മേൽ വരുമോ എന്നു ശങ്കിച്ചതിനാൽ സംഭവിച്ചവയെ തങ്ങളുടെ മാതാപിതാക്കളോടുപോലും അവരിൽ ആരും അറിയിച്ചില്ല. അവർ നിത്യവും കബറുങ്കൽ വന്നു കരഞ്ഞുവിലപിച്ചു പ്രാർത്ഥനകൾ കഴിച്ചിരുന്നു.

അല്പദിവസങ്ങളുടെ ശേഷം കിഴക്കൻ കച്ചവടക്കാർ വന്നു രാത്രിയിൽ പരിശുദ്ധന്റെ കബറിനു സമീപത്തുകൂടി കടന്നുപോയി. ആ ദേശം മുഴുവൻ പ്രകാശിക്കത്തക്കവിധത്തിൽ പരിശുദ്ധന്റെ കബറിന്മേൽ ഒരു പ്രകാശം കാണപ്പെട്ടു. കച്ചവടക്കാരിൽ ചിലർ ഈ അത്ഭുതകാഴ്ച കാണേണ്ടുന്നതിനു കബറിങ്കലേക്കു അടുത്തുവന്നു. അവർ സൂര്യനെപ്പോലെ പ്രകാശിക്കുന്നതായ ആ കല്ലിന്റെ കീഴെനിന്നു കതിരുകൾ പുറപ്പെടുന്നതായി കണ്ടു. ഒരിക്കലും അവർ ശ്വസിച്ചിട്ടില്ലാത്ത പരിമളവാസനയും അതിൽനിന്നു പുറപ്പെട്ടിരുന്നു. അവർ ക്രിസ്ത്യാനികൾ ആയിരുന്നതിനാൽ അവർ തമ്മിൽതമ്മിൽ ആലോചിച്ചു ഇപ്രകാരം പറഞ്ഞു: 'ഇതു പരിശുദ്ധന്മാരിൽ ഒരുവന്റെ ശരീരമാകുന്നു. ഈ ദേശക്കാർ ആരും അതു അറിഞ്ഞിട്ടില്ല. ആത്മീയപ്രയോജനം നമുക്കുണ്ടാകുവാനായിട്ടു ഇതിനെ നാം എടുത്തു നമ്മുടെ ദേശത്തേക്കു കൊണ്ടുപോകണം. നാം വിശ്വസിച്ചിരിക്കുന്ന മിശിഹാതമ്പുരാൻ, ശേഷമുള്ള പരിശുദ്ധന്മാരുടെ അസ്ഥികളിൽനിന്നു എന്നപ്രകാരം ഇതിൽനിന്നും നമുക്കു ഗുണം ഉണ്ടാകേണ്ടുന്നതിനു ഇതിനെ നമുക്കു കാണിച്ചുതന്നു. അവർ കല്ലും മണ്ണും മാറ്റി പരിശുദ്ധന്റെ ശരീരം എടുത്തു. പരിശുദ്ധൻ ഒരു പൈതൽ ആയിരുന്നു എന്നും കൊല്ലപ്പെട്ടിട്ടു ഏറെ ദിവസം ആയില്ലെന്നും ശരീരം കണ്ടതിനാൽ അവർക്കു മനസ്സിലായി. അവർ അതിനെ തങ്ങളുടെ വസ്ത്രങ്ങളിൽ പൊതിഞ്ഞുകെട്ടി സന്തോഷത്തോടെ തങ്ങളുടെ സഖികളുടെ കൂട്ടത്തിൽവന്നു തിരികെ സ്വദേശത്തേക്കു പോകയും ചെയ്തു.

ആ കച്ചവടക്കാരിൽ നസ്തീർ എന്നു പേരുള്ള ഒരു ധനവാനായ മനുഷ്യൻ ഉണ്ടായിരുന്നു. ഇവന്റെ ഭാര്യ മച്ചിയായിരുന്നതിനാൽ അവനു സന്തതി ഇല്ലായിരുന്നു. അവൻ തന്റെ കൂട്ടുകാരുടെ മുമ്പാകെവെച്ചു വളരെ വ്യസനത്തോടെ ഒരു നേർച്ചനേർന്നു ഇപ്രകാരം പറഞ്ഞു: 'ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ എനിക്കു ഒരു ആൺകുട്ടി ഉണ്ടാകുമെങ്കിൽ ഞാൻ ഇദ്ദേഹത്തിന്റെ നാമത്തിൽ ഒരു പള്ളി പണിയിക്കയും എന്റെ ആയുസ്സുള്ള എല്ലാ നാളുകളിലും ഇദ്ദേഹത്തിന്റെ അസ്ഥികളെ ബഹുമാനിക്കയും യോഗ്യമായിരിക്കുന്ന എല്ലാ വിധത്തിലും അതിനെ ഞാൻ അലങ്കരിക്കയും ചെയ്യും -എനിക്കുള്ള സകലവും ഇദ്ദേഹത്തിന്റേതായിരിക്കും- ഇദ്ദേഹത്തിന്റെ ചരിത്രങ്ങളെ ഞാൻ തിരക്കി അറിഞ്ഞു അവൻ കൊല്ലപ്പെട്ട ദിവസത്തിൽ ആണ്ടുതോറും പെരുനാൾ കഴിക്കയും അവന്റെ മദ്ധ്യസ്ഥത മുഖാന്തരം ഉണ്ടാകുന്ന കുട്ടിക്കു അവന്റെ പേരു ഇടുകയും ചെയ്യും -പരിശുദ്ധൻ എനിക്കു പുത്രനും അവകാശിയും ആയിരിക്കും- ഞാൻ അവനു ശിഷ്യനും ദാസനും അവകാശിയും ആയിരിക്കും- ഞാൻ അവനു ശിഷ്യനും ദാസനും ആയിരിക്കും- കടന്നുപോകാത്ത ലോകത്തിൽ അവനോടുകൂടെ എനിക്കു ഓഹരി ഉണ്ടാകയും ചെയ്യും'.

കച്ചവടക്കാർ തങ്ങളുടെ ദേശത്തേക്കു വന്നപ്പോൾ ആ നേർച്ചനേർന്ന മനുഷ്യൻ പരിശുദ്ധസഹദായുടെ ശരീരം തന്റെ ഭവനത്തിൽ യോഗ്യമായ ബഹുമാനത്തോടെ വെച്ചു. അവൻ തന്റെ ഭവനക്കാരോടു പരിശുദ്ധനെപ്പറ്റിയും തന്റെ നേർച്ചയെപ്പറ്റിയും അറിയിച്ചു. അവരെല്ലാവരും വളരെ സന്തോഷിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും പരിശുദ്ധസഹദായുടെ പ്രാർത്ഥനയാൽ ഇവന്റെ അപേക്ഷയും നേർച്ചയും സാധിച്ചുകൊടുക്കേണമെ എന്നു പ്രാർത്ഥിക്കയും ചെയ്തു. ദൈവം ആ ദിവസത്തിൽതന്നെ പരിശുദ്ധസഹദായുടെ വാഴ്ച മുഖാന്തിരം ആ സ്ത്രീയുടെ ഗർഭപാത്രം തുറന്നു. അവൾ ഗർഭിണി ആകയും ചെയ്തു. ഭവനക്കാരും അയൽവാസികളും സ്നേഹിതന്മാരുമായ എല്ലാവരും സന്തോഷിച്ചു. ഈ വലിയ അത്ഭുതമുണ്ടായതിനെപ്പറ്റി ദൈവത്തെ മഹത്ത്വപ്പെടുത്തി നീതിയോടെ തന്നെ വിളിക്കുന്നവർക്കു കർത്താവു സമീപസ്ഥനാകുന്നു എന്നു പറഞ്ഞു. അപ്പോൾ ആ മനുഷ്യൻ പരിശുദ്ധന്റെ നാമത്തിൽ ഒരു പള്ളി ബദ്ധ

പ്പെട്ടു പണിതു. കുറെ ദിവസംകൊണ്ടു പണിക്കുറവുതീർത്തു വേണ്ട അലങ്കാരങ്ങളും ചെയ്തു അവിടെ കുറുബാന ചൊല്ലി -ആ ഭവനക്കാർ അവിടെ കൂടി പ്രാർത്ഥിച്ചുവന്നു- തങ്ങളുടെ യാചനയുടെ പൂർത്തിക്കും പരിശുദ്ധന്റെ നാമം അറിയുന്നതിനുമായി നോക്കിപ്പാർത്തു.

പരിശുദ്ധന്റെ സഖികളായ കുട്ടികൾ അവനെ കബറടക്കിയ പിറ്റെ ഞായറാഴ്ച പതിവുപോലെ വന്നപ്പോൾ കല്ലു കബറിന്റെ വാതിൽക്കൽനിന്നു നീക്കപ്പെട്ടിരിക്കുന്നതും ശരീരം എടത്തുകൊണ്ടുപോകപ്പെട്ടിരിക്കുന്നതും കണ്ടു. രക്തം പുരണ്ടതായ മണ്ണുമാത്രം അവിടെയുണ്ടായിരുന്നു -അതിൽനിന്നു പരിമളവാസനയും വീശിയിരുന്നു. അവർ വിസ്മയിച്ചു. ഭയവും വിറയലും ഉണ്ടായി വളരെ കരഞ്ഞു. ഒരുത്തൻ കാട്ടുമൃഗം അവനെ ഭക്ഷിച്ചു എന്നും മറ്റൊരുത്തൻ ക്രിസ്ത്യാനികൾ അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നും വേറൊരുത്തൻ അവനെ അടക്കം ചെയ്യേണ്ടതിനു അവന്റെ മാതാപിതാക്കൾ എടുത്തുകൊണ്ടുപോയി എന്നും മറ്റും പറഞ്ഞു വിലപിച്ചു -അവർ വിസ്മയിച്ചും വ്യസനിച്ചുംകൊണ്ടു തങ്ങളുടെ ഭവനങ്ങളിൽപോയി തങ്ങളുടെ മാതാപിതാക്കളോടു പരിശുദ്ധനെ തങ്ങൾ മാമ്മോദീസാ മുക്കിയ വിവരവും പരിശുദ്ധൻ അവരോടു പറഞ്ഞ കാര്യവും ഒടുവിൽ അവനെ അവർ കബറടക്കിയതും വിവരമായി പറഞ്ഞു. യഹൂദനായ ലേവി തന്റെ പുത്രൻ ക്രിസ്ത്യാനി ആയതിനാൽ അവനെ കൊന്നുകളഞ്ഞു എന്നു ആ ദേശം ഒക്കെയും കേൾവിപ്പെട്ടിരുന്നു- ഈ കേൾവിയാലും പൈതങ്ങളുടെ ചരിത്രത്താലും ആശേർ തന്റെ പിതാവായ ലേവിയാൽ സഹദാ ആയി കൊല്ലപ്പെട്ടു എന്നും ഐശ്വര്യപ്പെടുത്തുന്നവനും ആയിത്തീർന്നു എന്നും അവർ ഉറച്ചു.

ക്രിസ്ത്യാനികൾ എല്ലാവരും ഭക്തിവൈരാഗ്യത്തോടെ എഴുന്നേറ്റു ആ സ്ഥലത്തു ഒന്നിച്ചുകൂടി രക്തംപുരണ്ടിരുന്ന കല്ലിനെയും ചെവിയോടുകൂടെ ആ കല്ലിൽ പൊൻകടുക്കനെയും കണ്ടു വിസ്മയിച്ചു – ഈ സ്ഥലത്തുനിന്നു വലിയതായ ധനം കവർച്ച ചെയ്യപ്പെട്ടിരിക്കുന്നു എന്നു അവർ പറഞ്ഞു ആ കബറിനു മുകളിൽ ഒരു ചെറിയ പള്ളി പണിതു. ആ കല്ലിനെ അതിന്റെ മദ്ധ്യേ വെച്ചു അതിന്മേൽ ഒരു സ്ലീബായും വെച്ചു 'സഹദാ ആയ മാർ അബ്ദദമ്ശിഹ' കൊല്ലപ്പെട്ട സ്ഥലമെന്നു അതിന്റെമേൽ എഴുതിവെയ്ക്കുകയും ചെയ്തു. ശ്രേഷ്ഠസഹദായുടെ ആലയത്തിലേക്കു വിശ്വാസികൾ നിത്യവും വരികയും സൗഖ്യത്തിന്റെ നൽവരങ്ങൾ പ്രാപിക്കയും ചെയ്തുവന്നു. ആ കബറിങ്കൽ വളരെ അത്ഭുതങ്ങൾ ഉണ്ടായി. ഈ കേൾവി ആ ദേശം ഒക്കെയിലും അറബി ദേശത്തിലും ആബൂറദേശത്തിലും കിഴക്കു ഒക്കെയിലും പുറപ്പെടുകയും ചെയ്തു.

ഒരു സംവത്സരം കഴിഞ്ഞപ്പോൾ ആ കച്ചവടക്കാർ പിന്നെയും ആ ദേശത്തേക്കു ആ വഴിയായിതന്നെ വന്നു. സഹദായുടെ പേർ അറിയുന്നതിനായിട്ടു അവർ വളരെ തിരക്കിയും ഇരുന്നു. ദൈവാലയത്തിങ്കൽ അവർ വന്നപ്പോൾ പ്രാർത്ഥിപ്പാനായി പ്രവേശിച്ചു. പള്ളിയിലുള്ള കല്ലും അതിന്മേലുള്ള സ്ലീബായും അവർ കണ്ടിട്ടു അരികെ ഉണ്ടായിരുന്ന ആളുകളോടു ഈ സഹദായുടെ പേർ എന്തെന്നും അവനെ എങ്ങനെ കൊന്നു എന്നും അവർ ചോദിച്ചു. ആ ആളുകൾ സകലവും വിവരമറിയിച്ചപ്പോൾ അവർ വളരെ സന്തോഷിച്ചു. തങ്ങൾ ചെയ്തതും തങ്ങളുടെ ദേശത്തു സഹദായ്ക്കു അവർ പള്ളി പണിയിച്ചതും അവിടെ അവൻ മുഖാന്തിരം ഉണ്ടായിട്ടുള്ള അത്ഭുതങ്ങളും ഇവരോടു അറിയിച്ചു. ഈ ദൈവാലയത്തിന്റെ ബഹുമാനത്തിനായി പരിശുദ്ധ തിരുശേഷിപ്പുകളെ തങ്ങൾക്കു അയച്ചു കൊടുക്കേണമെന്നു അവർ അവരോടു അപേക്ഷിച്ചു. കുറെക്കാലം കഴിഞ്ഞശേഷം അവർ അതിനെ നിവൃത്തിക്കയും ചെയ്തു. അവർ തിരിച്ചുവന്നപ്പോൾ ആ മനുഷ്യർ തന്റെ ഭാര്യ സുന്ദരനായ ഒരു ആൺകുട്ടിയെ പ്രസവിച്ചിരിക്കുന്നതിനെ കണ്ടു. കുട്ടിയെ പരിശുദ്ധന്റെ പള്ളിയിൽവെച്ചു മാമ്മോദീസാ മുക്കി. അബ്ദെദമ്ശിഹാ എന്നു പേരിടുകയും ആ ദിവസം ഒരു വലിയ വിരുന്നു കഴിക്കയും ചെയ്തു.

ആ സ്ത്രീ ഗർഭിണിയായിരിക്കുമ്പോൾ അബ്ദെദമ്ശിഹാ അവൾക്കു കാണപ്പെട്ടു. അവളോടു, കണ്ടാലും നീ ഗർഭിണിയാകുന്നു, നീ പുത്രനെ പ്രസവിക്കും, അവൻ എന്റെ ഛായയായിരിക്കും, അവനു എന്റെ പേർ ഇടുകയും വേണം എന്നു പറഞ്ഞു. അപ്പോൾ ആ സ്ത്രീ എന്റെ യജമാനനെ നിന്റെ പേർ എന്താകുന്നു എന്നു ചോദിച്ചു. അതിനു പരിശുദ്ധൻ ഞാൻ വളർത്തപ്പെട്ട സ്ഥലത്തുനിന്നു നിന്റെ ഭർത്താവു തിരിച്ചുവരുമ്പോൾ അവൻ എന്റെ പേർ നിന്നോടു പറയും എന്നു പറഞ്ഞു. സ്ത്രീ വിസ്മയത്തോടെ ഉണർന്നു ഉണ്ടായ സകലവും തന്റെ ഭവനക്കാരോടു അറിയിച്ചു. ഈ സംഗതികൾ പുറജാതികളുടെ ഇടയിലും വളരെ വിസ്മയമായിത്തീർന്നു. അതു മുതൽ കിഴക്കും പടിഞ്ഞാറും അവന്റെ കേൾവി പുറപ്പെട്ടു. ദൂരസ്ഥന്മാരും സമീപസ്ഥന്മാരുമായി അവനെ വിളിക്കുന്ന എല്ലാവർക്കും ദൈവം അവന്റെ പ്രാർത്ഥനമൂലം സഹായിച്ചിരുന്നു. യുദ്ധങ്ങളിൽ ജയം പ്രാപിച്ചു തിരിച്ചുവരുന്ന രാജാക്കന്മാരെക്കുറിച്ചും സൈന്യത്തലവന്മാരെക്കുറിച്ചും പുകഴ്ച പറയുന്നതിനെക്കാൾ അധികം ഈ പരിശുദ്ധനെക്കുറിച്ചു എല്ലാവരും പുകഴ്ച പറഞ്ഞുവരുന്നു. അവന്റെ നാമം പ്രത്യേക പ്രശംസയായിത്തീരുകയും ക്രിസ്ത്യാനി അതു നിത്യവും ശ്രേഷ്ഠതപ്പെടുത്തുകയും പലരും മിശിഹാതമ്പുരാനിൽ വിശ്വസിക്കയും ചെയ്തു.

സഹദായുടെ അപ്പനായ ലേവി വൃദ്ധനായപ്പോൾ അശുദ്ധാത്മാവിനാൽ ബാധിക്കപ്പെട്ടു അതിവേദനപ്പെട്ടിരുന്നു. ഒരുദിവസം അവൻ അതിവേദനപ്പെടുമ്പോൾ എന്റെ പുത്രനായ ആശേറെ! എന്റെ പുത്രാ! എനിക്കു യോഗ്യമായിരിക്കുന്നതുപോലെ നിന്നാൽ ഞാൻ പകരം ചോദിക്കപ്പെടരുതെന്നു അട്ടഹസിച്ചു പറയുന്നതു അവന്റെ ഭവനക്കാർ കേട്ടു. അവന്റെ മക്കൾ അവനെ എടുത്തുകൊണ്ടുവന്ന് അബ്ദെദമ്ശിഹായുടെ രക്തംപുരണ്ടിരുന്ന കല്ലിങ്കൽ അവനെ ബന്ധിച്ചു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൻ സുഖപ്പെട്ടു. അവൻ മിശിഹായിലും തന്റെ ദാസനിലും വിശ്വസിച്ചു. അവനും അവന്റെ മക്കളും ഭവനക്കാരും, സഹദാ മാമ്മോദീസാ മുങ്ങിയ ഉറവയിൽതന്നെ മാമ്മോദീസാ മുഴുകി, ദാഹിച്ചിരിക്കുന്ന എല്ലാവനും എന്റെ അടുക്കൽ വന്നു കുടിക്കട്ടെ, എന്നുള്ള സുവിശേഷവാക്യം അവനിൽ നിവൃത്തിച്ചു. പല രോഗികളും പരിശുദ്ധന്റെ കബറിങ്കൽ വരികയും അവന്റെ പ്രാർത്ഥനകളാൽ സുഖപ്പെടുകയും ചെയ്തിരുന്നു.

ആ ദേശത്തിൽ ധനവാനായ മുസൽമാന്റെ ഒട്ടകകൂട്ടം ഒരു ദിവസം വിരണ്ടു വനത്തിലേക്കു ഓടിപൊയ്ക്കളഞ്ഞു. അവൻ പല വിധത്തിൽ അന്വേഷിച്ചിട്ട് കണ്ടുകിട്ടാഴികയാൽ പരിശുദ്ധന്റെ കബറിങ്കൽ വന്നു സങ്കടത്തോടെ പ്രാർത്ഥിച്ച് നേർച്ചനേർന്നു. മിശിഹായുടെ ദാസനും സഹദായുമേ! എന്റെ ഒട്ടകക്കൂട്ടങ്ങളെ തിരിച്ചുകൊണ്ടുവന്നു തന്നാൽ അവയുടെ പത്തിലൊന്നിനെ ഞാൻ നിനക്കു തരാം എന്നു പറഞ്ഞു. ആ മനുഷ്യൻ അവന്റെ ഭവനത്തിൽ വന്നപ്പോൾ അവന്റെ ഒട്ടകങ്ങളും അവയുടെ കുട്ടികളും എല്ലാം ഒന്നുപോലും നശിച്ചുപോകാതെ നഗരത്തിൽ വന്നിരിക്കുന്നതു കണ്ടു. അവനും അവന്റെ ദാസന്മാരും ഏറ്റവും സന്തോഷിച്ചു. അവൻ ഈ വിധം ഒരു നേർച്ച നേർന്നതുകൊണ്ടു ഖേദിച്ചു, പത്ത് ഒട്ടകങ്ങളെ വേർതിരിച്ചു സഹദായ്ക്കു ഇതുമതി, എന്തെന്നാൽ അവൻ അദ്ധ്വാനപ്പെട്ടോ പ്രയാസപ്പെട്ടോ അല്ലാ ഇതിനെ കൂട്ടിച്ചേർത്തതെന്നു പറഞ്ഞു. അവന്റെ സ്നേഹിതന്മാരും ഭവനക്കാരും അവനോടു അങ്ങനെയല്ല നീ വാഗ്ദത്തം ചെയ്തതു മുഴുവനും പരിശുദ്ധനു കൊടുക്കണം അല്ലെങ്കിൽ ഇനിയും ഇങ്ങനെ സംഭവിച്ചേക്കാം. അപ്പോൾ നീ അവനെ വിളിച്ചാൽ അവൻ ഉത്തരം പറയാതെ ഇരുന്നേക്കുമെന്നു പറഞ്ഞു, ഒട്ടകങ്ങൾ വളരെ ഉണ്ടായിരുന്നതിനാൽ ആ മനുഷ്യനു മനസ്സില്ലാതെ ഇരുന്നു. ഞെരുക്കത്താലോ പ്രയത്നത്താലോ വലച്ചിലാലോ അദ്ധ്വാനത്താലോ ഉറക്കമൊഴിച്ചിലാലോ അല്ല അവൻ ഇവയെ കൂട്ടിച്ചേർത്തതു, അതിനായി വെള്ളിയോ പൊന്നോ ചിലവിടുന്നതിനും വാളാലും വടിയാലും ശത്രുക്കളെ പിന്തുടരുന്നതിനും ആവശ്യപ്പെട്ടതുമില്ല. അതുകൊണ്ടു അവനു പത്തോ ഇരുപതോ ഒട്ടകങ്ങൾ മതി എന്നു പറഞ്ഞു അവനു തോന്നിയ പത്തു ഒട്ടകങ്ങളെ അവൻ കൊടുത്തയച്ചു.

പിറ്റേദിവസം ദാസന്മാർ പതിവുപോലെ അവയെ മേയിപ്പാൻ കൊണ്ടുപോകുമ്പോൾ അവ വീണ്ടും വിരണ്ടോടിപ്പോയി. അവയുടെ ഇടയന്മാരും അവയുടെ പുറത്തുതന്നെ ഇരുന്നിരുന്നു. അവർക്കും വഴി നിശ്ചയമില്ലാതായിപ്പോയി. ഉടമസ്ഥനോടു ഇതിനെ അറിയിച്ചപ്പോൾ അവൻ എത്രയും വ്യസനിച്ചു ലജ്ജിച്ചു. അവൻ തന്റെ ഭവനക്കാരെയും സ്നേഹിതന്മാരെയും അവർ അവനുവേണ്ടി പ്രാർത്ഥിച്ചു നേർച്ച വീണ്ടും നേരുവാൻ പറഞ്ഞയച്ചു. അവർ പോയി പരിശുദ്ധനോടു വളരെ അപേക്ഷിച്ചപ്പോൾ ഒട്ടകങ്ങളുടെ വലിയ കൂട്ടം പള്ളിയിലേക്കു വരുന്നതിനെ അവർ കണ്ടു. ആദ്യമായി ശത്രുസൈന്യങ്ങൾ വരികയാണെന്നു അവർ വിചാരിച്ചു. അടുത്തു വന്നപ്പോൾ ഒട്ടകമാണെന്നു മനസ്സിലായി. അവർ വിസ്മയിച്ചു ദൈവത്തെ മഹത്ത്വപ്പെടുത്തി. ഈ സഹദാ നീതിയുള്ളവനാകുന്നു. നേർച്ചപ്രകാരം കൊടുക്കാതിരുന്നതിനാൽ അവന്റെ അടുക്കൽത്തന്നെ ഈ പ്രാവശ്യം കൂട്ടിയിരിക്കുന്നു. ഇനിയും മുമ്പിലത്തെ നേർച്ചപോലെ തനിക്കുള്ളതു എടുത്തുകൊണ്ടു നമ്മോടു ക്ഷമിക്കുന്നതിനു പ്രാർത്ഥിക്കാം എന്നു പറഞ്ഞു. അവർ നല്ലതിൽനിന്നും ചീത്തയിൽനിന്നും പത്തിലൊന്നിനെ കൊടുത്തു. അങ്ങനെതന്നെ ദാസന്മാരായ ഇടയന്മാരെയും

കൊടുത്തു. ഇങ്ങനെ അവർ ചെയ്തതിന്റെശേഷം, ദൈവത്തോടു സഹദായുടെ നാമത്തിൽ അപേക്ഷിച്ചു. മിശിഹായുടെ ദാസനായ ശ്രേഷ്ഠതപ്പെട്ട സഹദാ! നിനക്കുള്ളതു എടുത്തു ശേഷം ഞങ്ങളോടുകൂടെ പോരുന്നതിനു അനുവദിക്കേണമേ എന്നു പറഞ്ഞു. ദൈവസഹായത്താലും സഹദായുടെ പ്രാർത്ഥനയാലും അവർക്കുള്ളതു അവരോടുകൂടെ പോകയും ചെയ്തു. ഇങ്ങനെ ഈ സഹദാ മുഖാന്തിരം കർത്താവു പ്രവൃത്തിച്ചിട്ടുള്ള അതിശയങ്ങൾ വളരെ ആകുന്നു. അവയെ അറികയും കേൾക്കയും ചെയ്ത എല്ലാവരുടെമേലും ഭയം ഉണ്ടാകയും ചെയ്തു. അവന്റെ പ്രാർത്ഥന നമുക്കു വാഴ്വിനായിത്തീരട്ടെ.

ഇതുകൂടാതെ ദേഹം മുഴുവനും വ്രണംപിടിച്ചു ഒരുത്തനും അടുത്തു ചെല്ലുവാൻ പാടില്ലാത്തവിധത്തിൽ നാറി പുഴുത്തു അർദ്ധപ്രാണനായ ഒരുത്തൻ ഉണ്ടായിരുന്നു. വലിയ ഞെരുക്കത്തിൽ അകപ്പെട്ടു ജീവച്ഛവമായി കിടക്കുന്ന തങ്ങളുടെ പുത്രനെ മാതാപിതാക്കൾ കണ്ടിട്ടു രാവും പകലും കരകയും കഴിയുന്നവിധത്തിൽ ചികിത്സ കഴിക്കയും ചെയ്തു. യാതൊരു പ്രയോജനവും ഉണ്ടായില്ല. ഇവന്റെ വേദന വർദ്ധിച്ചും ഇരുന്നു. ഉടനെ അവർ ഇവനെ ആ ഉറവയിങ്കലേക്കു കൊണ്ടുവന്നു. പരിശുദ്ധന്റെ രക്തം പുരണ്ട കല്ലിൽനിന്നു രക്തം കഴുകി എടുത്തു ആ രോഗിയുടെ ദേഹം ആസകലം പൂശി. ഉടനെ സഹദായുടെ പ്രാർത്ഥന മുഖാന്തരം ദൈവം അവനെ സൗഖ്യമാക്കി. അവൻ എഴുന്നേറ്റു നടക്കയും ചെയ്തു. കണ്ടവർ എല്ലാവരും ദൈവത്തെ മഹത്ത്വപ്പെടുത്തി.

കർത്താവു തന്റെ ദാസന്റെ പ്രാർത്ഥനകളാൽ തന്റെ സഭയെ ഉയർത്തുകയും ഭൂമിയിലെ സകല നിവാസികളിലും നിരപ്പും സമാധാനവും വർദ്ധിപ്പിക്കയും ചെയ്യട്ടെ. മിശിഹാകാലം 390 കർക്കടകം 27-ാംനു വെള്ളിയാഴ്ച സഹദാ കൊല്ലപ്പെട്ടു. തന്റെ പ്രാർത്ഥന നാം എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ, ആമ്മീൻ.

പ്രിയവായനക്കാരാ! ഈ വയലിനെ നല്ലതുപോലെ നീ കഴിക്ക. നല്ല മാണിക്കം കിട്ടും. മാർ അബ്ദെദമ്ശിഹായുടെ മനസ്സുതിരിവിനുള്ള കാരണം തങ്ങളോടുകൂടെ ഭക്ഷിക്കുന്നതിനു കുട്ടികൾ അവനെ സമ്മതിക്കാതെയിരുന്നതായിരുന്നുവല്ലോ. സഭയിലെ ശട്ടംകെട്ടുകളിൽ ഒന്നും നിസ്സാരം എന്നു നീ വിചാരിക്കയും അവയെ അഗണ്യമാക്കുകയും അരുതു. നമ്മുടെ ഇടയിൽ ഉള്ള ആളുകൾ സഭയോടു എത്രതന്നെ ഭക്തി കാണിച്ചാലും തങ്ങളുടെ ഇഷ്ടത്തിനു ഒത്തതുപോലെ അതിലെ ഓരോ ശട്ടംകെട്ടുകളെ മാറ്റുകയും പ്രവൃത്തിക്കയും ചെയ്യുന്നവരാകുന്നു. യോഗ്യമായിരിക്കുന്നപ്രകാരം അതിനെ പ്രവൃത്തിക്കായ്കയാൽ അതിനാൽ ഉണ്ടാകാവുന്ന ഗുണത്തെയും അനുഭവിക്കുന്നില്ല. ഗുണം അനുഭവത്തിലാക്കാഴികയാൽ നിസ്സാരമെന്നു നീ അതിനെ വിചാരിക്കുന്നു. ഏതു സംഗതിയും പ്രവൃത്തിക്കാതെ അതിന്റെ ഗുണം അനുഭവിപ്പാൻ കഴിയുന്നതല്ലല്ലോ. വിശുദ്ധാത്മാവിന്റെ ശട്ടംകെട്ടുകൾ എല്ലാം ഗുണമുള്ളതെന്നു നീ വിശ്വസിച്ചു അതിനെ കുറ്റം പറയാതിരിക്ക. പരിശുദ്ധാത്മാവിന്റെ ഭോഷത്വമായിട്ടുള്ളതു നിന്റെ വലിയ സാമർത്ഥ്യത്തെക്കാളും വ്യാഖ്യാനത്തെക്കാളും സാമർത്ഥ്യമുള്ളതു എന്നു ഉറച്ചു ഭക്തിയോടെ പ്രവർത്തിക്ക, അപ്പോൾ വലുതായ ഗുണം അതിൽനിന്നു നിനക്കു അനുഭവിപ്പാൻ കഴിയും. കുട്ടികൾ യഹൂദന്മാരോടുകൂടെ ഭക്ഷിക്കരുതെന്നുള്ളതിനെ ഭക്തിയോടെ ആചരിച്ചതിനാൽ ഇതാ ഒരു പരമാർത്ഥതയുള്ള കുഞ്ഞാടിനെ മിശിഹാതമ്പുരാനു കാഴ്ച അണയ്ക്കുന്നു. ഇങ്ങനെ നമുക്കു ശട്ടംകെട്ടപ്പെട്ടിട്ടുള്ള സകലവും നമ്മുടെ നന്മയ്ക്കും ഗുണത്തിനും എന്നുള്ള ബോദ്ധ്യത്തോടുകൂടെ ആചരിച്ചിരുന്നു എന്നു വരികിൽ എത്ര വലുതായ ഗുണം നമുക്കു ഉണ്ടായേനെ. ഇന്നു സുറിയാനിസഭയിൽ കാണുന്ന സകല കുഴപ്പങ്ങളും അതിലെ നിയമത്തെ ശരിയായി ആചരിക്കാതെ നിസ്സാരമെന്നു വിചാരിക്കയും ദൈവത്തെക്കാൾ മനുഷ്യരെ നോക്കുകയും ചെയ്കകൊണ്ടു ഉണ്ടായിട്ടുള്ളതാണ്. ഇടയക്കുട്ടികൾ ആചരിച്ചതിനാലുള്ള ഗുണവും നാം ആചരിക്കാതിരിക്കുന്നതിനാൽ ഉള്ള ദോഷവും നമ്മുടെ അനുഭവത്തിൽ വന്നിരിക്കുന്നതിനാൽ ഇനിയുമെങ്കിലും ഒന്നും നിസ്സാരമെന്നു വിചാരിക്കാതെ, പുറകിലുള്ളവയെ മറന്നു മുമ്പിലുള്ളവയെ ശരിയായി പ്രവർത്തിപ്പാൻ ശ്രമിക്ക.

ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും സംഭാഷണം എല്ലായ്പ്പോഴും തങ്ങളുടെ പരിചയത്തിലിരിക്കുന്നവയെപ്പറ്റി ആകുന്നു. കൃഷിക്കാർ കൃഷിയെപ്പറ്റിയും കച്ചവടക്കാർ കച്ചവടത്തെപ്പറ്റിയും സർക്കാർ ഉദ്യോഗസ്ഥന്മാർ സർക്കാർ സംബന്ധമായുള്ളവയെപ്പറ്റിയും ഇങ്ങനെ ഓരോരുത്തൻ അവനവന്റെ സ്ഥിതിക്കും വേലയ്ക്കും തക്കവണ്ണം സംസാരിക്കുന്നു. തങ്ങളുടെ ഭവനത്തിൽ മാതാപിതാക്കൾ പറയുന്നതിനെ കുട്ടികൾ കേൾക്കയും ചെയ്യുന്നു. ഇതിന്റെ കാരണം പരിചയം അല്ലെങ്കിൽ സംസർഗ്ഗം ആകുന്നു. എന്നാൽ ഈ ഇടയക്കുട്ടികൾ എല്ലായ്പ്പോഴും മിശിഹാതമ്പുരാനെപ്പറ്റിയും പരിശുദ്ധന്മാരെപ്പറ്റിയും സംസാരിച്ചിരുന്നു. ഇതു അവർ തങ്ങളുടെ മാതാപിതാക്കളിൽനിന്നു പഠിച്ചതായിരുന്നു. ഈ കുട്ടികളുടെ മാതാപിതാക്കൾ സമയമുള്ളപ്പോൾ ദൈവികം സംസാരിക്കയും പ്രവർത്തിക്കയും ചെയ്തിരുന്നതിനാൽ ഗുരുത്വമില്ലാത്തവരായിത്തീരുവാൻ എളുപ്പമുള്ള കന്നുകാലികുട്ടികൾ ആയിരുന്നു എങ്കിലും പരിശുദ്ധന്മാരായിത്തീർന്നു എന്നു നാം കാണുന്നു. എല്ലാ മാതാപിതാക്കളും തങ്ങൾ എത്രതന്നെ ദോഷികളായിരുന്നാലും തങ്ങളുടെ മക്കൾ നന്നാകേണമെന്നു ആഗ്രഹിക്കുകയും അതിനായി കഴിയുംമട്ടു ശ്രമിക്കയും ചെയ്യുന്നു. എന്നാലും അധികവും സാധിക്കുന്നതായി നാം കാണുന്നില്ല. കാരണം കണ്ടുപഠിത്വം അല്ലെങ്കിൽ സംസർഗ്ഗംകൊണ്ടാണ്. എന്തെന്നാൽ തന്റെ പുത്രനോടു വ്യാജം പറയരുതെന്നു പറകയും അവനും അറിഞ്ഞിരിക്കുന്ന വ്യാജം അവൻ കേൾക്കയും പറകയും ചെയ്യുമ്പോൾ ആ കല്പനയുടെ ഘനത്തെ കുറയ്ക്കയും മനുഷ്യൻ തിന്മയിലേക്കു ചായ്വുള്ളവനാകയാൽ തൽക്കാലം അവൻ പിതാവിനെ ഭയന്നു വ്യാജം പറഞ്ഞില്ലെങ്കിലും, അവന്റെ സ്വാതന്ത്ര്യകാലത്തു അവനു കള്ളസമാധാനമുണ്ടായി തീരുകയും ചെയ്യുന്നു. അതിനാൽ മാതാപിതാക്കളും ഗുരുക്കന്മാരും രാജാക്കന്മാരും അധികാരികളും തങ്ങളുടെ മക്കളെയും ശിഷ്യന്മാരെയും പ്രജകളെയും കീഴുള്ളവരെയും സ്നേഹിക്കയും അവർ നന്നാകുവാൻ ആഗ്രഹിക്കയും ചെയ്യുന്നു എങ്കിൽ തങ്ങൾതന്നെ നല്ല ദൃഷ്ടാന്തക്കാർ ആയിരിക്കണം.

ആശേർ നല്ലവനായിത്തീർന്നതു നല്ല പൈതങ്ങളോടു സംസർഗ്ഗം ചെയ്തതിനാൽ ആകുന്നു. സ്നേഹിതന്മാരിൽനിന്നുള്ള കണ്ടുപഠിത്തം മറ്റുള്ള എല്ലാറ്റിനെക്കാളും അധികമായി ഫലിക്കുന്നതാണ്. ദുഷ്ടസംസർഗ്ഗത്തിൽനിന്നു എന്നെ വീണ്ടുകൊള്ളേണമെ എന്നു ദാവീദും പ്രാർത്ഥിക്കുന്നു, അതിനാൽ ദുഷ്ടസംസർഗ്ഗത്തിൽനിന്നു ഒഴിഞ്ഞിരിക്കേണ്ടതു എത്രയും അത്യാവശ്യമാണ്. കുട്ടികൾ അറിവില്ലാത്ത കാലത്തിൽ തങ്ങൾക്ക് ഓരോ സ്നേഹിതന്മാരെ ഗുണാഗുണങ്ങൾ തിരിച്ചറിയാതെ തിരഞ്ഞെടുക്കുന്നു. ഇതിൽ മാതാപിതാക്കളും അധികാരികളും പ്രത്യേകം ദൃഷ്ടിവെയ്ക്കേണ്ടതാണ്. എന്തെന്നാൽ സ്നേഹിതന്മാരിൽനിന്നു സകല ഗുണവും ദോഷവും ഉണ്ടാകുന്നു. അതിനാൽ തങ്ങളുടെ കുട്ടികൾ തങ്ങളോടുകൂടെ താമസിക്കുമ്പോഴും പഠിത്വസ്ഥലങ്ങളിലും മറ്റും പോയി താമസിക്കുമ്പോഴും നല്ല സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതിനു ഗുണദോഷിക്കയും അതിൽ പ്രത്യേക താല്പര്യമുണ്ടായിരിക്കയും ചെയ്യണം. എന്തെന്നാൽ ഏതു പഠിത്വസ്ഥലത്തും പരമാർത്ഥികളെ വഞ്ചിക്കുന്ന വഷളന്മാർ ധാരാളമായി ഉണ്ടാകാം. ഇങ്ങനെയുള്ളവരാൽ വഞ്ചിക്കപ്പെടുന്നതു ധാരാളം പതിവുള്ള ഒരു സംഗതിയുമാണ്. ഇതിനെപ്പറ്റി അറിഞ്ഞിട്ടുള്ള മാതാപിതാക്കൾ നാടുപ്രദേശങ്ങളിൽ വളരെ ചുരുക്കമാണ്. യൂറോപ്പ് മുതലായ ദേശങ്ങളിൽ ഇതിനെ അറിഞ്ഞു വ്യസനിച്ചിട്ടു പല മഹാന്മാരും ഇതിനെപ്പറ്റി അനേകം പുസ്തകങ്ങളും ചമച്ചിട്ടുണ്ട്. ദുഷ്ടസ്നേഹിതന്മാരോടുകൂടെയുള്ള സ്വാതന്ത്ര്യവളർച്ച പരമാർത്ഥികളായ പൈതങ്ങളെ വഷളാക്കുന്നു. അതിനാൽ മാതാപിതാക്കളെ! ആശേറിനെപ്പോലെ നിങ്ങളുടെ പൈതങ്ങൾ നന്നായി വരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവല്ലോ. അതുകൊണ്ടു നിങ്ങളുടെ മക്കളെ അവർ നിങ്ങളുടെ അടുക്കൽനിന്നു പിരിഞ്ഞാൽ സ്വാതന്ത്ര്യത്തിൽ വിടാതെ തക്ക അധികാരത്തിൻകീഴിൽ ആക്കുന്നില്ലെങ്കിൽ അവർ ജനിക്കുമ്പോൾതന്നെ അവരെ കൊന്നുകളയുന്നതു ഉത്തമമാകുന്നു.

പ്രിയവായനക്കാരാ! മാർ അബ്ദെദമ്ശിഹായോടു നിന്നെത്തന്നെ നീ സാമ്യപ്പെടുത്തുക. അവർ ജ്ഞാനസ്നാനപ്പെട്ടതിന്റെ ശേഷം പൂർണ്ണമായി മിശിഹാതമ്പുരാനു തന്നെത്തന്നെ അടിമപ്പെടുത്തുകയും തിരുവചനമനുസരിച്ച് അവന്റെ ജീവനെയും അവന്റെ മാതാപിതാക്കളെയും സഹോദരസഹോദരികളെയും തിരുനാമമഹത്ത്വത്തിനായിട്ടു ഉപേക്ഷിക്കയും ചെയ്തു. എന്നാൽ നീയോ സ്വയമെന്നുള്ളതിനെ മുമ്പിൽ വെച്ചുകൊണ്ടു നിന്റെ മാതാപിതാക്കളെയും സഹോദരസഹോദരികളെയും ഉപേക്ഷിക്കയും മിശിഹാതമ്പുരാനെ നിന്ദിക്കയും നിന്നെത്തന്നെ നശിപ്പിക്കയും ചെയ്യുന്നു. ഹാ! സഹോദരാ, നിന്റെ നാശത്തിൽ നിനക്കു ദുഃഖം തോന്നി നശിച്ചുപോകുന്നതായ ഈ ലോകത്തെയും അതിലെ നിലനിൽക്കാത്ത ബഹുമാനത്തെയും ധനത്തെയും ഉപേക്ഷിക്കയും നിന്നെത്തന്നെ വെടിഞ്ഞ് നിന്റെ കുരിശെടുത്തുകൊണ്ടു മിശിഹാതമ്പുരാനെ പിന്തുടരുകയും ചെയ്തു. അപ്പോൾ പരിശുദ്ധനെപ്പോലെ നീയും ജീവന്റെ അവകാശിയായിത്തീരും. അതിനു പരിശുദ്ധന്റെ പ്രാർത്ഥന നിനക്കു സഹായിക്കട്ടെ, ആമ്മീൻ. ❑

വചനതീർത്ഥം

വരൂ: നമുക്ക് മുന്തിരിത്തോട്ടത്തിലേക്ക് പോകാം




(മറുരൂപപെരുന്നാളിനു ശേഷം ഒന്നാം ഞായർ)

വി. മത്തായി 21:28-32

ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

പഴയനിയമത്തിൽ യിസ്രായേൽ മക്കൾ കൂടാരപ്പെരുന്നാൾ കൊണ്ടാടിയത്, തങ്ങളുടെ കനാനിലേക്കുള്ള മരുപ്രയാണത്തിൽ, 40 വർഷക്കാലം കൂടാരങ്ങളിൽ പാർത്തതിന്റെ ഓർമ്മയ്ക്കായിട്ടായിരുന്നു (ലേവ്യ 23:33-43). കൂടാതെ യഹോവയുമായുള്ള ഉടമ്പടിയുടെ പുതുക്കൽ കൂടിയായിരുന്നു അവർക്ക് ഈ പെരുനാൾ (ആവ. 31:9-13). തങ്ങളെ വഴിനടത്തിയ ദൈവത്തെ മറന്നുകൊണ്ടുള്ള ഒരു ജീവിതം അവരുടെ സങ്കൽപ്പത്തിനപ്പുറത്തുള്ളതായിരുന്നു. വളരെ നിശിതമായി ഈ പെരുന്നാൾ ആചരിച്ചുകൊള്ളേണമെന്നും വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും യഹോവയുടെ ആലയത്തിൽ എല്ലാ യിസ്രായേല്യരും കൂടിവരണമെന്നും നിയമം നിഷ്കർഷിക്കുന്നു (പുറ. 34:23, ആവ. 16:16). എന്നാൽ ക്രൈസ്തവരുടെ കൂടാരപ്പെരുന്നാൾ, യേശുക്രിസ്തുവിന്റെ മറുരൂപമലയിലെ തേജസ്ക്കരണത്തിന്റെ ഓർമ്മയാണ് (മത്തായി 17:1-8). ആ മഹിമ കണ്ട സാക്ഷികളായാണ് അപ്പോസ്തോലന്മാർ ക്രിസ്തുവിന്റെ സുവിശേഷം ലോകമെമ്പാടും അറിയിച്ചത് (2 പത്രോസ് 1:16-17). ആ സുവിശേഷത്തിന്റെ ഫലങ്ങളാണ് ഇന്നും നാം ഓരോരുത്തരും. ക്രിസ്തുവിന്റെ തേജസ്കരണത്തിന്റെ ആ പെരുന്നാളിനു ശേഷമുള്ള ആദ്യ ഞായറാഴ്ചയാണ് ഇന്ന്. രണ്ടു പുത്രന്മാരുടെ കഥയിലൂടെ രണ്ട് വ്യത്യസ്ത സ്വഭാവമുള്ള മനുഷ്യരെ ക്രിസ്തു ഇവിടെ അവതരിപ്പിക്കുന്നു. മൂന്ന് ഉപമകളാണ് മത്തായി 21:22 മുതൽ 22:14 വരെയുള്ള ഭാഗങ്ങളിൽ നാം കാണുന്നത്.

1. രണ്ടു പുത്രന്മാരുടെ ഉപമ (21:28-32).
2. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (21:33-46).
3. വിവാഹ വിരുന്നിന്റെ ഉപമ (22:1-14).



മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും ക്രിസ്തുവിനോട് അവന്റെ അധികാരത്തെ ചൊല്ലി തർക്കിക്കുന്ന അവസരത്തിൽ, തനിക്കുള്ളത് ദൈവികമായ അധികാരമാണെന്നും അത് തെളിയിക്കുന്നതിന് ക്രിസ്തു പറഞ്ഞ ഉപമകളുമാണ് ഇവ മൂന്നും. ഈ ഉപമത്രയത്തിന്റെ ആദ്യത്തേതാണ് അനുസരണമുള്ളവനും അനുസരണമില്ലാത്തവനുമായ രണ്ടു മക്കളുടെ കഥയിലൂടെ യേശു അവതരിപ്പിക്കുന്നത്.

മുന്തിരിത്തോട്ടത്തിൽ വേല ചെയ്യാൻ പോകണം എന്നുള്ള അപ്പന്റെ നിർദ്ദേശത്തിനോട് ആദ്യം 'ഇല്ല' എന്നു പ്രതികരിക്കുകയും പിന്നീട് അനുതപിച്ച് തന്റെ വേല ചെയ്ത് അപ്പന്റെ ഇഷ്ടം നിറവേറ്റിയ മൂത്ത മകൻ ചുങ്കക്കാരെയും, വേശ്യകളെയും നിഷ്കാസിതരെയും സൂചിപ്പിക്കുന്നു. എന്നാൽ ആദ്യം 'പോകാം' എന്നു പറഞ്ഞ് അപ്പനെ സന്തോഷിപ്പിക്കുകയും എന്നാൽ അപ്പനെ യഥാർത്ഥത്തിൽ അനുസരിക്കാതിരിക്കുകയും ചെയ്ത ഇളയ മകൻ അക്കാലത്തെ മതനേതാക്കളും, പരീശന്മാരും വേദപണ്ഡിതരുമായവർ ആണ്. അപ്പന്റെ ഇഷ്ടം ചെയ്തവർ, ആരാണെങ്കിലും അവർക്ക് യഥാർത്ഥ അവകാശം ലഭിക്കും എന്നുള്ള ഉറപ്പും ഈ ഉപമയിൽ കൂടി ക്രിസ്തു പറഞ്ഞു വെയ്ക്കുന്നു. വീമ്പു പറച്ചിലിന്റെയും അനുസരണക്കേടിന്റെയും കാലത്തിൽ യഥാർത്ഥ ജീവിത മാതൃക അനുതാപത്തിന്റെയും, പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ശ്രമിക്കുന്നതുമാണ് എന്നുള്ളത് ഇന്നത്തെ സദ് വിചാരം നമ്മെ ഓർമ്മപ്പെടുത്തുന്നു. കൂടാതെ നാം നിൽക്കുന്ന, പ്രതിനിധാനം ചെയ്യുന്ന ജനവിഭാഗം ഏതു മകനോടാണ് കൂടുതൽ സദൃശമായിട്ടുള്ളത് എന്നുള്ള ഒരു വിചിന്തനവും, ഇന്നത്തെ വേദവിചാരത്തിൽ കൂടി നമുക്ക് ലഭിക്കുന്നു.

1. അനുതാപത്തിന്റെ മഹത്വം അനുഭവിക്കുന്നവരാകുക

മക്കൾ എന്ന നിലയിൽ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് ശരിയായ പാതയിൽ സഞ്ചരിക്കുന്നവർ. അവരെ ധർമ്മത്തിന്റെ മാതൃകകളായിട്ടാണ് വി. വേദം സാക്ഷിക്കുന്നത്. ആദ്യം 'നോ' പറഞ്ഞെങ്കിലും, പിന്നീട് താൻ തന്റെ പിതാവിനോട് അനീതി ചെയ്തു എന്ന ശക്തമായ തോന്നലിൽ ആദ്യത്തെ മകൻ അനുതപിക്കുകയും, പിന്നീട് പോയി തന്നെ ഏല്പിച്ച ജോലി ചെയ്യുകയും ചെയ്യുന്നു. ഇവിടെ ഈ മൂത്ത പുത്രന്റെ അനുതാപം വളരെ ശക്തിയുള്ളതും, നന്മയിലേക്ക് നയിക്കുന്നതുമായിരുന്നു. എന്നാൽ ക്രിസ്തുവിനെ 30 വെള്ളിക്കാശിന് ഒറ്റിക്കൊടുത്ത യൂദയും അനുതപിച്ചിരുന്നു. എന്നാൽ അതിനെ നന്മയിലേക്ക് നയിക്കുവാൻ യൂദായ്ക്കായില്ല (മത്തായി 27:3). ഈ രണ്ടു സന്ദർഭങ്ങളിലും 'അനുതാപം' എന്ന വാക്കിനുപയോഗിച്ച ഗ്രീക്ക് പദം (metamelomai) ഒന്നു തന്നെയാണ്. പിതാവിനെ ധിക്കരിച്ച മകന് തന്റെ തെറ്റിനെപ്പറ്റി ബോദ്ധ്യമാവുകയും, ശക്തമായി പിതാവിന്റെ ജീവിതത്തിലേക്ക് മടങ്ങിവരികയും ചെയ്യുന്നു. യഥാർത്ഥ അനുതാപത്തിന്റെ മഹത്വമാണ് നാം ഇവിടെ കാണുന്നത്. 'എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്' എന്ന് യേശുക്രിസ്തു തന്നെ പറയുന്നുണ്ട് (മത്തായി 7:21). പിതാവിന്റെ ഇഷ്ടം അറിഞ്ഞ്, അതിനനുസരിച്ച് ജീവിച്ച് അനുസരണത്തിന്റെയും, ധാർമ്മികതയുടെയും പാഠങ്ങൾ പഠിപ്പിച്ച ആളാണ് ക്രിസ്തു. ക്രൂശിൽ കിടന്ന് പിടയുമ്പോഴും 'പിതാവിന്റെ ഇഷ്ടം നടക്കട്ടെ' എന്ന് പ്രാർത്ഥിച്ച് അവസാനത്തോളം തന്റെ പിതാവിനോട് ഒരു മകന്റെ കടമ നിറവേറ്റിയ മനുഷ്യപുത്രനായിരുന്നു യേശുക്രിസ്തു.

തന്നെ കുറ്റപ്പെടുത്തുവാൻ മുന്നൊരുക്കം നടത്തിയ മതാധികാരികൾക്കും, ജനപ്രതിനിധികൾക്കും എതിരെയാണ് ക്രിസ്തുവിന്റെ ഉപമയിൽ കൂടിയുള്ള ഈ ശാസന. 'ദൈവത്തെ അറിഞ്ഞവർ' എന്ന ഭാവേന ദൈവനീതിയേയും

ധാർമ്മികതയേയും കാറ്റിൽ പറത്തുന്ന മതനേതാക്കൾ രണ്ടാമത്തെ മകന്റെ ഗണത്തിൽപെടുന്നവരാണ്. ദൈവികമല്ലാത്ത ജീവിതം നയിച്ചവർ, ന്യായപ്രമാണത്തിന്റെ പൊരുളറിയാത്തവർ, സുവിശേഷത്തിന്റെ മഹത്വം മനസ്സിലാക്കി, അനുതപിച്ച് തിരികെ വരുന്നവർ ആദ്യത്തെ മകന്റെ ഗണത്തിലും. ദൈവവചനത്താൽ അനുതാപത്തിലേക്ക് നയിക്കപ്പെട്ടവർ പ്രമുഖ സ്ഥാനികളല്ലായിരുന്നു. നീതിമാന്മാരെയല്ല പാപികളെയത്രെ രക്ഷിപ്പാൻ ഞാൻ വന്നത് (ലൂക്കോസ് 5:32) എന്ന ക്രിസ്തുമൊഴി ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്. യഥാർത്ഥ അനുതാപം നമ്മുടെ ജീവിതപാതകളിലേക്ക് തുറക്കുന്ന വാതിലാണെന്നും, തെറ്റിപ്പോയി എന്ന ബോദ്ധ്യം വരുമ്പോൾ ശക്തമായി തിരികെ പിതാവിന്റെ സന്നിധിയിലേക്ക് തിരികെ വരേണ്ടതാണെന്നും ഈ കഥയിലെ മൂത്ത മകൻ നമ്മെ പഠിപ്പിക്കുന്നു.

2. ദൈവത്തോട് വിശ്വസ്തതയും വിധേയത്വവും പുലർത്തുന്നവരാകുക

അധരസ്തുതികളിൽ മാത്രം ശ്രദ്ധവെച്ച് മറ്റുള്ളവരുടെ പ്രീതി സമ്പാദിച്ച് തങ്ങളുടെ കാര്യങ്ങൾ സാധിച്ചെടുക്കുന്നവരാണ് ഭൂരിപക്ഷം ആളുകളും. മുന്തിരിത്തോട്ടത്തിൽ 'പോകാം' എന്നുള്ള ഇളയ മകന്റെ പ്രതികരണം, അനുസരണത്തിന്റേതല്ല, മറിച്ച് പ്രീതിപ്പെടുത്തലിന്റേതായിരുന്നു. ബാഹ്യമായ പ്രകടനങ്ങളും വ്യാജസ്തുതികളും വീമ്പുപറച്ചിലുമെല്ലാം കാര്യസാധ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുകയും യഥാർത്ഥത്തിൽ തങ്ങളുടെ ഉത്തരവാദിത്വം കാര്യക്ഷമതയോടെ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ ഈ ഇളയ മകന്റെ കൂട്ടത്തിൽപെട്ടവരാണ്. അങ്ങനെയുള്ളവർ ശരിയായ അനുതാപമോ, സ്നേഹമോ, മറ്റുള്ളവരോടുള്ള കരുതലോ ഇല്ലാത്തവരാണ്. ക്രിസ്തുവിന്റെ ഭാഷയിൽ പറഞ്ഞാൽ ഇക്കൂട്ടർ ചെവിയുണ്ടെങ്കിലും കേൾക്കാത്തവരും, കണ്ണുണ്ടെങ്കിലും കാണാത്തവരുമാണ്. അപ്പന്റെ ആവലാതിയും വേദനയും ഒട്ടും മനസ്സിലാക്കാതെ, അവരുടെ അധ്വാനത്തിന്റെ പങ്ക് പറ്റുന്നവരാണ് ഇവർ. 'മുന്തിരിത്തോട്ടത്തിലെ വേല' എന്നുള്ള വിവക്ഷ, സാധാരണ മറ്റു പണികൾ ചെയ്യുന്നതുപോലെയല്ല, മറിച്ച് യിസ്രായേൽ മക്കളുടെ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. ദൈവം കൊടുത്ത അനുഗ്രഹത്തിന്റെ അധിപരാകാനുള്ള ക്ഷണം കൂടിയാണത്. 'മുന്തിരിവള്ളിയുടെ കീഴിലും, അത്തിവൃക്ഷത്തിൻ കീഴിലും നിർഭയം വസിക്കുന്നു' എന്ന പ്രസ്താവന, ശാന്തിയുടെയും സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും ധ്വനിയാണ് കാണിക്കുന്നത് (1 രാജാ. 4:25, 2 രാജാ. 18:31, യെശ. 23:6, സെഖ. 3:10, മീഖാ 4:4). ഈ അനുഗ്രഹത്തിന്റെ ലഭ്യതയാണ് ഇളയ മകൻ തള്ളിക്കളഞ്ഞത്. അങ്ങനെ അവൻ തന്റെ പിതാവിനോട് മറുതലിക്കുന്നവനാകുന്നു.

കുടുംബത്തോട് വിശ്വസ്തതയും വിധേയത്വവും പുലർത്തുന്നവൻ ദൈവത്തോടും അങ്ങനെ തന്നെ ഉള്ളവരാണ്. അവരാണ് തങ്ങളുടെ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റുന്നവർ. ആദ്യം, 'പറ്റില്ല' എന്നു പറഞ്ഞെങ്കിലും, അപ്പന്റെ സ്നേഹവും കരുതലും അവനെ തന്റെ വേല ചെയ്യാൻ നിർബ്ബന്ധിതനാക്കുന്നു. ഇങ്ങനെയുള്ളവർക്കേ സഭയേയും, സമൂഹത്തേയും, കുടുംബത്തേയും അതുവഴി ദൈവത്തേയും സേവിക്കുവാൻ കഴിയുകയുള്ളൂ.

പത്ത് കല്പനകളിലെ അഞ്ചാമത്തെ കല്പനയാണ് 'അപ്പനെയും അമ്മയെയും ബഹുമാനിക്ക' എന്നത്. ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങളാണ് അവർ. നന്മയുടെയും അനുഗ്രഹത്തിന്റെയും ലഭ്യത അവരോടുള്ള നമ്മുടെ ജീവിത മനോഭാവം എങ്ങനെയുള്ളതാണ് എന്നതനുസരിച്ചാവും എന്ന് വി. വേദം അടിവരയിടുന്നു (പുറ. 20:12, ആവ. 21:18–21, സദൃ. 30:17, എഫേ. 5:6 മുതലായവ). ഏല്പിച്ച ഉത്തരവാദിത്വം ഒരു മടിയും കൂടാതെ ചെയ്യുന്നവരാണോ നമ്മൾ? മടിയരും അവിശ്വസ്തരുമായ ഒരു സമൂഹമായല്ല നാം മാറേണ്ടത്. മറിച്ച് ഏതു ചെറിയ കാര്യത്തിനോടുപോലും വിശ്വസ്തതയും, കൂറും പുലർത്തി ഉത്തരവാദിത്വത്തോടുകൂടി നമ്മുടെ കടമകൾ തീർക്കുമ്പോഴാണ്, പിതാവിന്റെ ഇഷ്ടമുള്ള മക്കളായി നാം മാറുന്നത്. യഥാർത്ഥ അനുതാപവും, ആഴമേറിയ സ്നേഹവും നമ്മെ ആ മൂത്ത പുത്രനോട് തുല്യമാക്കുവാൻ സഹായിക്കുന്നു. മൂത്ത പുത്രന്റെ ആദ്യത്തെ മറുപടി പിതാവിനെ തെല്ലു വേദനിപ്പിച്ചെങ്കിലും, അഗാധസ്നേഹത്തിന്റെ ക്ഷമയിലും, നന്മയിലും ആ മകന് വീണ്ടുവിചാരം ഉണ്ടാകുകയാണ്. ആ വിചാരത്തിലേക്കാണ് ഇന്നത്തെ സദ്വാർത്ത നമ്മെ നയിക്കേണ്ടത്.

❑



ഡാണാപ്പടി സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് ദൈവാലയത്തിലെ വജ്ര-ജൂബിലിയോടനുബന്ധിച്ച് ഇടവകയിലെ നിർധന കുടുംബത്തിന് നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശാകർമ്മം മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് നിർവഹിക്കുന്നു. ഇടവക വികാരി ഫാ. ഡോ. ജേക്കബ് മാത്യു, ഫാ. ജെയിംസ് വർഗീസ്, ഫാ. ഡെന്നിസ് പി. ശാമുവേൽ എന്നിവർ സമീപം.

പ. പാമ്പാടി തിരുമേനിയുടെ തിരുമൊഴികൾ

- *മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.*
- *ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.*
- *കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.*



കടപ്ര പഞ്ചായത്ത് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻറർ പരുമല ഹോസ്പിറ്റലിന്റെ നേഴ്സിങ് കോളജിൽ തുടങ്ങി. മലങ്കര ഓർത്തഡോക്സ് സഭ കോവിഡ് ട്രീട്മെന്റിനുവേണ്ടി വിട്ടുനല്കിയ പ്രധാന സ്ഥാപനങ്ങളിൽ ഒന്നാണിത്.

കരിയർ ഗൈഡൻസ് വെബിനാർ പരമ്പര

റാന്നി: മലങ്കര ഓർത്തഡോക്സ് സഭ നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള കരിയർ ഗൈഡൻസ് വെബിനാർ പരമ്പര ഓഗസ്റ്റ് 6-ന് തുടങ്ങി. നിലയ്ക്കൽ ഭദ്രാസനാധിപൻ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് ഉദ്ഘാടനം ചെയ്യും. തുടർന്ന് ഇന്ത്യൻ സിവിൽ സർവീസ്: പരിശീലന പദ്ധതികളും അനന്ത സാധ്യതകളും എന്ന വിഷയത്തിൽ ഐ.എ.എസ്. അക്കാദമി അദ്ധ്യാപകൻ അനുരൂപ് സണ്ണിയും 8-ന് വൈകിട്ട് 8 മണിക്ക് സിവിൽ സർവീസ് പഠന രീതികൾ എന്ന വിഷയത്തിൽ മുംബൈ, ഇന്ത്യൻ റവന്യു സർവീസ് ഡെപ്യൂട്ടി കമ്മീഷണർ ഡോ.ഫറാഹ് സഖറിയ ഐ.ആർ.എസും 10-ന് വൈകിട്ട് 8 മണിക്ക് മാറുന്ന സാമൂഹിക സാമ്പത്തിക ചുറ്റുപാടിലെ മാനേജ്മെന്റ് കൊമേഴ്സ് പഠനസാധ്യതകൾ എന്ന വിഷയത്തിൽ തിരുവല്ല, മാക്ഫാസ്റ്റ് കോളേജ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. സുദീപ് ബി.ചന്ദ്രമനയും 12-ന് വൈകിട്ട് 8 മണിക്ക് എഞ്ചിനീയറിംഗ് പഠനം നൂതന സാങ്കേതിക വിദ്യകളും വെല്ലുവിളികളും എന്ന വിഷയത്തിൽ കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് അദ്ധ്യാപകൻ ബിനോ ഐ കോശിയും 14-ന് വൈകിട്ട് 8 മണിക്ക് എൻ.ഈ.പി. 2020-ഉം പഠന രീതികളും എന്ന വിഷയത്തിൽ തിരുവനന്തപുരം, എം.ജി.കോളേജ് സൈക്കോളജി വിഭാഗം അസി.ഡോ. ബി. ജയരാജും 16-ന് വൈകിട്ട് 8 മണിക്ക് വൈദ്യശാസ്ത്ര പഠനം നൂതന സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, സെനറ്റ് മെമ്പർ ഡോ. ഈപ്പൻ ചെറിയാനും വെബിനാർ നയിക്കും. സമാപന ദിവസമായ ആഗസ്റ്റ് 18-ന് സിവിൽ സർവീസിനുള്ള തയ്യാറെടുപ്പുകൾ എന്ന വിഷയത്തിൽ സിവിൽ സർവീസ് പരീക്ഷ 89-ാം റാങ്ക് ജേതാവ് നിതിൻ ബിജു കുറ്റിക്കണ്ടത്തിൽ ക്ലാസ്സ് നയിക്കും. രജിസ്ട്രേഷൻ സൗജന്യമായിരിക്കും.


കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9747099395, 9400013363.



മണിമല ആറ്റിലൂടെ കുറ്റൂർ തോണ്ടറ കടവിൽ ഒഴുകിയെത്തിയ മണിമല സ്വദേശി ഓമന സുരേന്ദ്രനെ രക്ഷപ്പെടുത്തിയ തിരുമൂലപുരം തയ്യിൽ പള്ളത്ത് വര്ഗീസ് മത്തായി (റെജി) യെ തിരുവല്ല ജോയ് ആലുക്കാസ് ഫൌണ്ടേഷൻ മെമെന്റോയും പൊന്നാടയും നൽകി ആദരിച്ചു. തിരുവല്ല ജോയ് ആലുക്കാസ് മാൾ മാനേജർ ഷെൽട്ടൻ വി റാഫേൽ, തമ്പി മുളവേലിൽ തുടങ്ങിയവർ പങ്കെടുത്തു.



സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയുടെ സ്മരണാർത്ഥം ഉള്ള ZMART ഫൗണ്ടേഷനിലൂടെ സ്മാർട്ട് ടി.വി. വിതരണ കർമ്മം അലക്സിയോസ് മാർ യൗസേബിയോസ് നിർവഹിക്കുന്നു.



രണ്ടാം റാങ്ക് കരസ്ഥമാക്കി

പഞ്ചാബ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോൺ ജോർജ് വർഗീസ് എം.എ. പൊളിറ്റിക്കൽ സയൻസിൽ രണ്ടാം റാങ്ക് കരസ്ഥമാക്കി. ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി അംഗമായ തെക്കേമൂലയ്ക്കൽ വർഗ്ഗീസ് ജോർജ് കശീശ്ശായുടെയും തിരുവല്ല ബാലികാമഠം അധ്യാപിക ഏലിയാമ്മയുടെയും മകനാണ്.



'സുരക്ഷിതം നമ്മുടെ പരുമല.' പരുമല ആശുപത്രിയിലെ എല്ലാ ജീവനക്കാർക്കും സൗജന്യ COVID 19 ഇൻഷുറൻസ് പരിരക്ഷ പോളിസി ഫാ.എം സി പൗലോസ് (സി.ഇ.ഒ പരുമല ആശുപത്രി) ഡിപ്പാർട്മെന്റ് പ്രതിനിധികൾക്കു നൽകി.



ആറൂർബമേരിഗിരി ഓർത്തഡോക്ൾസ് പള്ളിയുടെ താക്കോൽ കൈമാറി

മുവാറ്റുപുഴ: ആറൂർ മേരിഗിരി സെന്റ് മേരീസ് ഓർത്തഡോക്ൾസ് സുറിയാനി പള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും താക്കോൽ മുവാറ്റുപുഴ RDO എറണാകുളം ഒന്നാം ക്ലാസ് ജില്ലാ കോടതിയുടെ അന്തിമവിധിയെയും, 2017 ജൂലൈ 3 സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ നിയമാനുസൃത വികാരി ഫാ. ഏലിയാസ് ചെറുകാട്ടിന് ഓഗസ്റ്റ് 7-ന് കൈമാറി. എറണാകുളം ജില്ലാ കളക്റ്ററിന്റെ അനുമതിയോടെ മുവാറ്റുപുഴ RDO ക്കു വേണ്ടി സീനിയർ സൂപ്രണ്ട് ശ്രീമതി എൻ. രേഖയാണ് താക്കോൽ വികാരിക്ക് നൽകിയത്. പള്ളി സഹവികാരി ഫാ. ഗീവര്ഗീസ് ബേബിയും സന്നിഹിതനായിരുന്നു.